# ജോസൂട്ടി നോവൽ

## Author : KOchoonj | www.kambistories.com

ഇതെന്റെ ആദ്യ കഥാ സംരംഭമാണ്. അതുകൊണ്ടുതന്നെ തെറ്റുകൾ ഒരുപാട് ഉണ്ടാവും. ക്ഷമിക്കുക. ഇഷ്ടപ്പെട്ടാൽ പറയുക, തുടരാം....

സൂര്യൻ പതുക്കെ വിടവാങ്ങി ഇരുട്ടിന് വഴിമാറികൊടുക്കുന്നു. ചുവന്ന ആകാശത്തിന്റെ വിരിമാറിലൂടെ പക്ഷികൾ തങ്ങളുടെ കൂടുകളിലേക്ക് ചേക്കേറുന്ന കാഴ്ച അതിമനോഹരമാണ്. ജോസൂട്ടിയുടെ കണ്ണുകൾ ആ സൗന്ദര്യം ഒപ്പിയെടുക്കുകയായിരുന്നു. തന്റെ അധ്വാനത്തിന്റെയോ ഭാഗ്യത്തിന്റെയോ ഫലമെന്നോണം കാലം തനിക്കു വച്ചുനീട്ടിയ തേയില എസ്റ്റേറ്റിലാണ് അവൻ നിൽക്കുന്നത്. പ്രകൃതിയുടെ ഏറ്റവും സുന്ദര മുഖമായ വയനാട്ടിലാണി എസ്റ്റേറ്റ്. സൗന്ദര്യ ദേവതയായ പ്രകൃതിയുടെ നെറ്റിതടത്തിലെ സുന്ദരമായ പൊട്ടുപോലെ. ജോസൂട്ടി അതിന്റെ ഭംഗി ഉള്ളുകൊണ്ട ശരിക്കും ആസ്വദിക്കുകയാണ്. സൂര്യന്റെ അത്രതന്നെ തേജസ്വമായിരുന്നു അവന്റെ മുഖവും.

www.kambistories.com | www.kambikuttan.net

ഇത് ജോസൂട്ടിയുടെ കഥയാണ്. വർത്തമാനകാലത്തുനിന്നും ഭൂതകാലത്തിലേക്കു പോയേക്കാം. കാരണം കഥ എപ്പോഴും ആദ്യം മുതലേ പറയുന്നതാണ് സുന്ദരം. ജോസ് എന്ന ജോസൂട്ടി സുന്ദരനായിരുന്നു. ഇനി മനസാണ് സൗന്ദര്യത്തിന്റെ അളവ് കോൽ എങ്കിൽ അവൻ ഒരു സൗന്ദര്യ ദേവനായിരുന്നു. കാരണം മറ്റുള്ളവരുടെ വിഷമങ്ങൾ കണ്ടു നിൽക്കാനോ സഹായ്ക്കാതിരിക്കാനോ അവനു കഴിയുമായിരുന്നില്ല. സ്വർഗം ,അതായിരുന്നു അവന്റെ വീടിന്റെ പേര്. ശരിക്കും അതൊരു സ്വർഗം തന്നെ ആയിരുന്നു. അവനെപോലെ ഒരുപാട് അനാദ്ര്‍ പഠിക്കുകയും ഉറങ്ങുകയും ഒക്കെ ചെയ്യുന്ന സ്വർഗം. മാലാഖമാർ അയി സ്നേഹത്തോടെ ലാളിക്കാൻ ദൈവത്തിന്റെ മണവാട്ടിമാർ. അതായിരുന്നു ജോസൂട്ടിയുടെ കുടുംബവും. കൈക്കുഞ്ഞായിരിക്കുമ്പോൾ വഴിയൊരത്തുനിന്നും കിട്ടിയതാണവനെ അവിടുത്തെ അമ്മമാർക്ക്. ആ കുഞ്ഞിന്റെ ഓമനത്തം കണ്ടു അവനെ വിളിക്കാൻ ഓമനത്തമുള്ള പേരായിട്ടാണ് അവനെ ജോസൂട്ടി എന്ന് വിളിക്കുന്നത്.

ഇപ്പൊ അവൻ വളർന്നു ഒത്ത ഒരു പുരുഷനായി ഇരിക്കുവാണ്. സ്വർഗ്ഗത്തിലെ അമ്മമാരുടെ സഹായത്തോടെ MA വരെ പഠിച്ചു. ഒരു ജോലി ഇതുവരെയും ആയിട്ടില്ല. എന്നാൽ അവനു കഴിയുന്നതുപോലെ അവിടുത്തെ പറമ്പിൽ പണിയൊക്കെ എടുത്ത് അമ്മമാരെ സഹായിക്കും. ഈ ശാരീരിക അദ്ധ്വാനം അവന്റെ ശരീരത്തിലും ഉറപ്പും ബലവും നൽകി.

കഥ ഇവിടെ നിന്നുമാണ് തുടങ്ങുന്നത്. പതിവുപോലെ ജോസൂട്ടി പറമ്പിൽ ചെറിയ പണികളിൽ ഏർപ്പെട്ടികൊണ്ടിരിക്കുന്നു. സി. സ്റ്റെല്ലയുടെ 'ജോസൂട്ടി എന്ന വിളിയാണ് അവനെ ഉണർത്തിയത്. ആ വിളിയിൽ തന്നെ അവനോടുള്ള വാത്സല്യവും സ്നേഹവും തെളിഞ്ഞിരിപ്പുണ്ട. 60 നോടടുത്ത് പ്രായമുള്ള സിസ്റ്റർ ആണ് സി. സ്റ്റെല്ല.

ജോസൂട്ടി: എന്നാ സ്റ്റെല്ലാമേ.

സി.സ്റ്റെല്ല: നീ വേഗം മദറിന്റെ റൂമിലേക്ക് ചെല്ലു. നിന്നെ അന്വേഷിക്കുന്നു.

അത് പറയുമ്പോൾ സിസ്റ്ററിന്റെ മുഖത്തൊരു പുഞ്ചിരി ഉണ്ടായിരുന്നു.

ജോസൂട്ടി: എന്നാ സ്റ്റെല്ലാമേ. എന്നാ കാര്യം.

സി.സ്റ്റെല്ല: അതൊക്കെ ഉണ്ട്. നീ ചെല്ലു. പിന്നെ ചിലപ്പോ ഞങ്ങൾക്കെല്ലാം ചെലവ് ചെയ്യാനുള്ള കൊളോക്കും. നീ പോടാ കുട്ടാ.

ജോസൂട്ടി കാര്യം മനസിലാക്ാതെ  നിന്നു. എന്നായാലും പോകാമെന്ന് വിചാരിച്ച അവൻ മദറിന്റെ റൂമിലേക്ക് നടന്നു.

ജോസൂട്ടി ചാരിയിരുന്ന കതക് തുറന്നു അകത്തു കയറി. അവൻ അങ്ങനെയാണ്, അവിടെ സർവ സ്വാതന്ത്രവുമുണ്ടു. അവിടെ അവിടുത്തെ എല്ലാവരുടെയും അമ്മയായ സി. തെരേസ കസേരയിൽ ഇരിക്കുന്നു. 65 പ്രായം വരും. സിസ്റ്റേഴ്സ് അടക്കം എല്ലാവരും അമ്മ എന്നാണ് അവരെ വിളിക്കുന്നത്. മുമ്പിലായി 50 നോട് പ്രായമുള്ള ഒരാൾ. കണ്ടാലേ അറിയാം, നല്ല എതോ ക്യാഷ് ടീമാണ്. മുണ്ടും ഒരു വെള്ള കുർത്തയുമാണ് വേഷം. തേജസ്വമാർന്ന മുഖം.

ജോസൂട്ടി: എന്നാമ്മേ വിളിച്ചത്

സി. തെരേസ: ഡാ, ഇതാണ് പുതിയേടത്തിൽ ഫെർണാണ്ടസ് എന്ന ഫെർണാണ്ടസ് സാർ.

ജോസൂട്ടി അയാളെ നോക്കി നല്ലൊരു ചിരി പാസാക്കി.

മദർ തുടർന്നു,

നമ്മുടെ ആവശ്യങ്ങളുടെയെല്ലാം പ്രധാന സ്പോൺസർഷിപ് വഹിക്കുന്നതു ഇദ്ദേഹമാണ്.കേരളം മുഴുവനായി ഒരുപാട് ബിസിനെസ്സ് ഒക്കെ ഉള്ള ആളാണ്. ഞങ്ങൾ നിന്റെ കാര്യം സംസാരിക്കുകയായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു കമ്പനിയിൽ നിന്റെ ജോലിക്കാര്യം ശരിയാക്കാമെന്നു പറയുക ആയിരുന്നു.

അത് കേട്ടപ്പോൾ ജോസൂട്ടിയുടെ മുഖത്തു ഒരു പുഞ്ചിരി വിടർന്നു. അദ്ദേഹം പുഞ്ചിരിക്കുന്ന മുഖത്തോടെ ജോസൂട്ടിയെ നോക്കി.

,ജോസൂട്ടി എതുവരെ പഠിച്ചു,

www.kambistories.com | www.kambikuttan.net

MA ഇംഗ്ലീഷ് ആയിരുന്നു," അവൻ മറുപടി പറഞ്ഞു.

മ്" ഒന്ന് മൂളിയിട്ട് അദ്ദേഹം തുടർന്നു.

ഒരു കാര്യം ചെയ്യൂ, ജോസൂട്ടി നെക്സ്റ്റ് monday എന്റെ വീട്ടിലേക്ക് വരൂ. എന്റെ എറണാകുളത്തെ ഓഫീസിലേക്ക് ഒരു അസി. മാനേജരെ ആവശ്യമുണ്ട്. എക്സ്പോർട്ടിങ് കാര്യങ്ങളൊക്കെ അവിടെയാണ് കൈകാര്യം ചെയ്യുന്നത്. ജോസൂട്ടി അതിന്റെ കാര്യങ്ങളൊക്കെ നോക്കിയാ മതി. ഇതാണ് എന്റെ കാർഡ്" അദ്ദേഹം അവനുനേരെ ആ കാർഡ് നീട്ടി. അവൻ അത് വിനയപൂർവ്വം മേടിച്ചു.

"ഒരുപാട് നന്ദിയുണ്ട് സാർ. ഞങ്ങളെപോലെയുള്ള അന്തേവാസികളുടെ ഒക്കെ ജീവിതം അങ്ങയുടെ കാരുണ്യമാണ്. പിന്നെയും അങ്ങ് ഞങ്ങളെ ഇതുപോലെ ഓരോവിതത്തിൽ സഹായിക്കുന്നു."

അവന്റെ വാക്കുകളിൽ അദ്ദേഹത്തോടുള്ള നന്ദി പ്രകടമായിരുന്നു.

"ദൈവകാരുണ്യം കൊണ്ട് ഒരുപാട് സമ്പത്തുണ്ട്. അത് മറ്റൊരാളുടെ സന്തോഷത്തിനും കൂടി ഉപകരിക്കുമ്പോൾ അപ്പോഴാണ് ആ സ്വത്തിനൊരു അർഥം ഉണ്ടാവുന്നത്. കൊടുക്കുംതോറും അത് കൂടത്തെ ഉള്ളൂ."

അദ്ദേഹം മറുപടി പറഞ്ഞു. "എന്നാ സിസ്റ്റർ, ഞാൻ ഇറങ്ങുവാണ്. പിന്നൊരിക്കൽ വരാം"

www.kambistories.com | www.kambikuttan.net

" എന്നാ അങ്ങനെയാവട്ടെ" സിസ്റ്റർ മറുപടി പറഞ്ഞു.

"ജോസൂട്ടി, നമ്മോക്കപ്പൊ ഉടനെ കാണാം. അടുത്ത തിങ്കൾ വീട്ടിലേക്ക് പോരെ."

"ശരി സാർ" അവൻ സന്തോഷത്തോടെ പറഞ്ഞു.

അദ്ദേഹം തന്റെ പ്രൗഢി വിളിച്ചോതുന്ന BMW വിൽ കയറി യാത്ര അയി.

"എന്താടാ, സന്തോഷായോ" മദർ പുഞ്ചിരിയോടെ അവനോട് ചോദിച്ചു.

"പിന്നല്ലാതെ അമ്മേ. ഒത്തിരി, നിങ്ങളെയൊക്കെ പിരിയേണ്ടി വരൂലോ എന്നോർക്കുമ്പോഴാ ഒരു ചെറിയ വിഷമം"

"സാരില്ലടാ, അദ്ദേഹം നല്ല മനുഷ്യനാ. അദ്ദേഹത്തിനിഷ്ടപ്പെട്ടാ നിന്റെ ഭാവി സേഫ് ആണ്. ഭാര്യ മരിച്ചതാ. ആണും പെണ്ണുമായി ഒരേ ഒരു മോൾ മാത്രം. നീ അവിടെ ചെന്ന് കുരുത്തക്കേടൊന്നും കാണിക്കാതെ ജീവിച്ചാൽ മതി.ഇത്രകാലവും നിന്നെ നിയന്ത്രിക്കാനും പറഞ്ഞുതരാനും ഞങ്ങളെല്ലാം ഉണ്ടായിരുന്നു. നീ ഇതുവരെ ഞങ്ങൾ പറഞ്ഞതിന് എതിരായി ഒന്നും ചെയ്തിട്ടില്ല. ഇനി നീ നിന്നെ സ്വയം നയിക്കണം.ധ്യാനവും പ്രാർത്ഥനയും മുടക്കരുത്"

ആ 'അമ്മ അവനെ സ്നേഹത്തോടെ ഉപദേശിച്ചു.

" ഇല്ല അമ്മേ. നിങ്ങൾക്കെന്നെ അറിയില്ലേ. ആർക്കും ദോഷം വരുന്നതൊന്നും ഞാൻ ചെയ്യില്ല.'അമ്മ ധൈര്യമായിരിക്കു." അവൻ പറഞ്ഞു.

"അല്ലാ, എന്താ ഞങ്ങൾക്കുള്ള ചെലവ്."

മദറിന്റെ ചോദ്യം.

എന്താ അമ്മേക്ക് വേണ്ടത്"

"വേറെ ഒന്നും വേണ്ട. ഇന്ന് വൈകിട്ട് ഞങ്ങൾക്ക് ചാപ്പലീന്നു അടിപൊളി ഒരു ഭക്തിഗാനം പാടിത്തന്നാ മതി." മദർ പുഞ്ചിരിപൂർവം മറുപടി പറഞ്ഞു.

"അത് നമുക്ക് ശരിയാക്കാം"

അവൻ അതും പറഞ്ഞു അവന്റെ റൂമിലേക്ക് പോയി.

അവന്റെ മനസ് മുഴുവൻ സന്തോഷത്തിന്റെ തിരയായിരുന്നു. ചെന്നതെ അവൻ കിടക്കയിലേക്ക് വീണു ആലോചനയിൽ ആണ്ടു. തന്റെ ഇത്രയും കാലത്തെ ജീവിതത്തിനിടയിൽ എല്ലാം തന്റെ അമ്മമാരുടെ വാക്കനുസരിച്ചാണ് ജീവിച്ചത്. കോളേജ് ജീവിതത്തിനിടയിൽ വന്ന എല്ലാ പ്രേമാഭ്യര്ഥനകളും താൻ സ്നേഹപൂർവ്വം നിരസിക്കുകയാണ് ചെയ്തത്. താൻ കാരണം ഈ കുടുംബത്തിനും തന്റെ അമ്മമാർക്കും ഒരു അപമാനവും ഏൽക്കരുത് എന്ന് കരുതി. ഇനിയും അങ്ങനെ തന്നെ ആയിരിക്കും. കമ്പിക്കുട്ടൻ.നേറ്റ് തന്റെ ഉള്ളിൽ പൊങ്ങി വരുന്ന കാമാസക്തികളെ അവൻ എന്നും അടിച്ചമർത്തി. അതിനെന്നും അവനെ സഹായിച്ചത് അവന്റെ ധ്യാനവും പ്രാര്ഥനയുമാണ്.അടിച്ചമർത്തപ്പെട്ട വികാരങ്ങൾ മനസ് പുറംതള്ളിയാൽ അത് മഹാ പ്രളയം പോലെ ആയിരിക്കും എന്ന സത്യം അവനും അറിയാം.എല്ലാം നിയന്ത്രിക്കാൻ ശക്തി നൽകാൻ അവൻ മനസുരുകി പ്രാർത്ഥിച്ചു.

www.kambistories.com | www.kambikuttan.net

അവൻ മേശയിൽ ഭദ്രമായി വച്ചിരിക്കുന്ന തന്റെ പാതി ജീവനായ വയലിൻ എടുത്ത് വായിക്കാൻ തുടങ്ങി. അവന്റെ ആ സംഗീതം മനുഷ്യർക്ക് മാത്രമല്ല, പ്രകൃതിക്കു തന്നെ ഉത്തേജനമായിരുന്നു. എസ്. എസ്. എൽ.സി ഫുൾ മാർക്കോടെ പാസായപ്പോൾ അമ്മമാർ പിരിവിട്ടു മേടിച്ചുകൊടുത്തതാണ് ആ വയലിൻ. കാരണം അവനു സംഗീതത്തോടുള്ള അഭിനിവേശം അത്രത്തോളം ഉണ്ടായിരുന്നു.

പറഞ്ഞപോലെ തന്നെ അവൻ വൈകിട്ട് ചാപ്പലിൽ വച്ച് അതിമനോഹരമായ ഭക്തിഗാനം പാടി. അന്ന് വേറെ ഒന്നും വേണ്ട ആർക്കും. അങ്ങ് ലയിച്ചിരുന്നോളും.

ഒരാഴ്ച കഴിഞ്ഞു. അവനു ജോലിക്കായി പോകേണ്ട ദിവസമായി. എല്ലാവരോടും യാത്രപറഞ്ഞു. അമ്മമാരും കുട്ടികളും അവനെ കണ്ണീരോടെ ആണ് യാത്ര ആക്കിയത്. ആവശ്യമായ ഡ്രെസ്സും

തന്റെ എല്ലാമായ വയലിനും അവൻ എടുത്തിരുന്നു. പോകാൻ നേരം മദർ നൽകിയ കുറച്ചു രൂപയും.

ഇനി തന്റെ ഒറ്റക്കുള്ള ജീവിതം തുടങ്ങുവാണ്.അതുവരെ തന്റെ കൂടെ നിന്ന എല്ലാവരെയും അവൻ നന്ദിയോടെ ഓർത്തു. തനിക്കു സമ്പാദിച്ചു നേടിക്കൊടുക്കുവാൻ ഒരു കുടുംബമുണ്ട്, തന്നെപ്പോലെ അനാഥരായ കുറച്ചു കുട്ടികൾ ഉണ്ട്. ബസ്സിലിരിക്കുമ്പോൾ പലവിധത്തിലുള്ള ചിന്തകൾ അവനിലൂടെ കടന്നുപോയി.

അവനു ഫെർണാണ്ടസ് സാറിന്റെ വീട് കണ്ടെത്താൻ പ്രയാസപ്പെടേണ്ടി വന്നില്ല. വിളിച്ച ഓട്ടോക്കാരൻ തന്നെ കൃത്യമായി അവനെ അവിടെ കൊണ്ടുവിട്ടു. അവിടെ എല്ലാവരും ബഹുമാനത്തോടെ കാണുന്ന ആളായിരുന്നു ഫെർണാണ്ടസ്. പ്രൗഢി വിളിച്ചോതുന്ന ഒരു വലിയ കൊട്ടാരതുല്യമായിരുന്നു ആ വീട്. വലിയ ഗേറ്റും വിശാലമായ പൂന്തോട്ടവും വലിയ മുറ്റവും.

ഗേറ്റിനു മുന്നിൽ നിന്നപ്പോൾ തന്നെ സെക്യൂരിറ്റി വന്നു .

ആരാ"

"ഞാൻ ജോസ്. ഫെർണാണ്ടസ് സാർ പറഞ്ഞിട്ട് വന്നതാ. "അവൻ ഫെർണാണ്ടസ് സാർ തന്ന കാർഡ് കാണിച്ചു.

സെക്യൂരിറ്റി അവനെ അകത്തേക്ക് കടതിവിട്ടു. "ചെന്ന് ബെല്ലടിച്ചാ മതി.സാർ അവിടുണ്ട്."

ജോസൂട്ടി അയാൾക്കൊരു പുഞ്ചിരി സമ്മാനിച്ച് അകത്തേക്ക് കയറി. അവൻ വിശാലമായ ആ വീടിന്റെ മുന്നിലെത്തി ബെല്ലമർത്തി. അവൻ ചുറ്റും വീക്ഷിച്ചു. ഇത്രേം വലിയ ഒരു വീട് തന്റെ ജീവിതത്തിൽ കണ്ടിട്ടില്ല.

kambistories.com | www.kambikuttan.net

പെട്ടന്ന് കൊട്ടാരസാദൃശ്യമായ ആ വീടിന്റെ വാതിൽ തുറക്കപ്പെട്ടു. വാതിൽ തുറന്ന ആളെ അവൻ നോക്കി. അവന്റെ ശരീരത്തിൽ ഒരു തരിപ്പനുഭവപ്പെട്ടു. എന്തൊരു സൗന്ദര്യം. ലോകത്തു ഇങ്ങനെയും സുന്ദരികളുണ്ടോ. ഒരു ടി ഷർട്ടും ത്രീ ഫോർത്തും ആണ് വേഷം. ബോബ് ചെയ്ത സുന്ദരമായ മുടി. തിളക്കമുള്ള കണ്ണുകൾ, നീണ്ട മൂക്ക്, ആരെയും കൊതിപ്പിക്കുന്ന തരത്തിലുള്ള ചുണ്ടുകൾ. അവനു തന്നെ തന്നെ കൈവിട്ടുപോകുമോ എന്ന് തോന്നി. അവനു ഒന്നും മിണ്ടാൻ കഴിയുന്നില്ല.

"ആരാ, എന്ത് വേണം" അവളുടെ കിളിനാതമെത്തി.

അവൻ പെട്ടന്ന് പരിസരബോധം വീണ്ടെടുത്തു.

"എന്താ, തന്റെ വായിൽ നാക്കില്ലേ. താനിതുവരെ പെണ്ണുങ്ങളെ കണ്ടിട്ടില്ലേ. കോലിൽ തുണി ചുറ്റിവെച്ചാലും വെള്ളമിറക്കിനിക്കുന്ന ഒരു വർഗം."

അവളുടെ ആ വാക്കുകൾ ശരിക്കും അവന്റെ ഉള്ളിൽ തന്നെ കൊണ്ടു.

" ക്ഷമിക്കണം മാഡം, ഞാൻ ഫെർണാണ്ടസ് സാർ പറഞ്ഞിട്ട് വന്നതാ. പേര് ജോസ്."അവൻ പറഞ്ഞൊപ്പിച്ചു.

"മ്, ഞാൻ പപ്പയെ വിളിക്കാം. ഇവിടെ നിക്ക്."അവൾ അതും പറഞ്ഞു ദേഷ്യത്തോടെ അകത്തേക്ക് പോയി.

ജോസൂട്ടിക്ക് വിഷമമാണ് തോന്നിയത്. ആദ്യമായാണ് ഒരാൾ തന്റെ മുഖത്തുനോക്കി ഇങ്ങനെ പറയുന്നത്. അവളെ നോക്കിനിന്ന സമയത്തെ അവൻ ശപിച്ചു. താൻ എത്രപേരെ കണ്ടിട്ടുണ്ട്. ഇതുവരെ തന്റെ മനസ് കൈവിട്ടിട്ടില്ല.

എന്നിരുന്നാലും അൽപ്പനേരം നോക്കിനിന്നതിനു ഇങ്ങനെ ചൂടാവന്ടെ ആവശ്യമുണ്ടോ..അവന്റെ മനസിലൂടെ പലവിധ ചിന്തകളും കടന്നുപോയി.

"ആ, ജോസൂട്ടി ആയിരുന്നോ. അവൾ ജോസ് എന്ന് പറഞ്ഞപ്പോ ഞാൻ വിചാരിച്ചു വേറെ ആരോ ആന്നു. " ഫെർണാണ്ടസ് സാറിന്റെ ചോദ്യമാണ് അവനെ ഉണർത്തിയത്.

ജോസൂട്ടി അദ്ദേഹത്തെ നോക്കി ഒന്ന് പുഞ്ചിരിച്ചു.

"തന്നോട് അവൾ ദേശ്യപ്പെടുവൊ മറ്റോ ചെയ്തോ, ദേഷ്യത്തോടെയാ അകത്തേക്ക് പോയത്,

അദ്ദേഹം ചെറു ചിരിയോടെ ആണ് അത് ചോതിച്ചത്.

"ഇല്ല സാർ, അങ്ങനെയൊന്നുമില്ല" അവൻ എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

എന്തേലും പറഞ്ഞിട്ടുണ്ടേൽ തന്നെ അത് താൻ മനസ്സിൽ വക്കണ്ട. ആണും പെണ്ണുമായി ഒന്നേയുള്ളൂ. അതുകൊണ്ട് അല്പം ലാളിച്ചിട്ടുണ്ട്. കൂടാതെ അമ്മയില്ലാതെ വളർന്ന കുട്ടിയല്ലേ. അതോണ്ടാണ്."

www.kambistories.com | www.kambikuttan.net

അദ്ദേഹത്തിന്റെ വാക്കുകൾ പുഞ്ചിരിയോടെ ആണ് അവൻ സ്വീകരിച്ചത്.

"താൻ കേറി വാ,

അദ്ദേഹം അവനെ വിളിച്ചു അകത്തേക്ക് നടന്നു. ജോസൂട്ടി അദ്ദേഹത്തെ അനുഗമിച്ചു അകത്തു പ്രവേശിച്ചു.ഫെർണാണ്ടസ് ഒരു വലിയ സെറ്റിയിൽ ഇരുന്നു അവനോട് ഇരിക്കാനായി ആംഗ്യം കാണിച്ചു. ജോസൂട്ടി അടുത്തുള്ള മറ്റൊരു സെറ്റിയിൽ ഇരുന്നു.

"ഗോമതീ, രണ്ടു ചായ," അദ്ദേഹം അകത്തേക്ക് നോക്കി വിളിച്ചുപറഞ്ഞു.

താൻ ലഗേജ് ഒക്കെ ആയാണ് വന്നത് അല്ലെ. ഒരു കാര്യം ചെയ്യാം. നമ്മുക്ക് കമ്പനി വക കോട്ടേഴ്സ് ഉണ്ട്. ഡ്രൈവറോട് തന്നെ അവിടെ ആക്കാൻ പറയാം. അവിടെ തന്റെ ലഗേജ് ഒക്കെ വെച്ച് അയാൾ തന്നെ ഓഫീസിൽ കൊണ്ടോവിട്ടോളും. ഞാൻ മാനേജരെ വിളിച്ചു പറഞ്ഞോളാം. പിന്നെ താൻ കോട്ടേഴ്സിൽ ഒറ്റയ്ക്ക് താമസിക്കേണ്ടി വരും. ഓഫീസിൽ സ്റ്റാഫുകളുടെ എല്ലാം വീട് ഇവിടടുത്തായതുകൊണ്ട ആരും കോട്ടേഴ്സ് യൂസ് ചെയ്യുന്നില്ല. അവിടെ ഒരു ബൈക്കും ഉണ്ട്. ജോസൂട്ടി അത് എടുത്തോളൂ." അദ്ദേഹം പറഞ്ഞു നിർത്തി.

അപ്പഴേക്കും ഗോമതി ചയയുമായി വന്നു. ഒരു 45 വയസ് തോന്നിക്കുന്ന സ്ത്രീ. അവർ ചായ വെച്ച് അകത്തേക്ക് പോയി. ജോസൂട്ടി പെട്ടെന്ന് തന്നെ ചായ കുടിച്ചു അവിടുന്നു ഇറങ്ങാൻ തയ്യാറായി.

"രാജാ" ഫെർണാണ്ടസ് നീട്ടി വിളിച്ചു.

50 വയസു തോന്നിക്കുന്ന ഒരാൾ അങ്ങോട്ട് വന്നു. ഷർട്ടും മുണ്ടുമാണ് വേഷം.

"ആ രാജാ, ഇത് ജോസൂട്ടി. നമ്മുടെ ഓഫീസിൽ പുതുതായി ജോലിക്കു വന്നതാ. നീ അവനെ കോട്ടേഴ്‌സ് കാണിച്ചിട്ട് ഓഫീസിൽ വിടു".

അദ്ദേഹം രാജനോടായി പറഞ്ഞു. എന്നിട്ടു ജോസൂട്ടിയെ നോക്കി തുടർന്നു. " ജോസൂട്ടി, ഇത് രാജൻ, ഇവിടുത്തെ ഡ്രൈവർ ആണ്. ഇയാളുടെ കൂടെ പോയാൽ മതി."

" ശരി സാർ" ജോസൂട്ടി നന്ദിസൂചകമായി ഒരു പുഞ്ചിരി സമ്മാനിച്ചു രാജന് പുറകെ നടന്നു. രാജൻ കാറിൽ കയറി സ്റ്റാർട്ട് ചെയ്തു. ജോസൂട്ടി രാജനൊപ്പം ഫ്രണ്ടിൽ കയറി. കാർ പതുക്കെ അവിടെ നിന്നും നീങ്ങി.

ഫെർണാണ്ടസ് അകത്തേക്ക് കയറി. അപ്പോഴാണ് ഡയാന( അതാണ് മകളുടെ പേര്) താഴേക്ക് വന്നു. "അയാള് പോയോ"

എന്താ മോളെ. ഒരാൾ വീട്ടിൽ വരുമ്പോൾ ഒന്ന് കയറി ഇരിക്കാൻ പറഞ്ഞൂടെ നിനക്ക്"

ഫെർണാണ്ടസ് സ്നേഹപൂർവ്വം മകളോട് പറഞ്ഞു.

"എന്നാ ഞാൻ വാഴയെ പോകുന്നവരെയെല്ലാം വിളിച്ചിരുത്തി സൽക്കരിക്കാം, എന്നാ മതിയോ...

അവൾ രസിക്കാത്ത മട്ടിൽ പറഞ്ഞു.

അയ്യോ. നിന്നോടൊന്നും പറഞ്ഞില്ലേ. അത് ജോസൂട്ടിയാ മോളെ. പാവാണ്. ഒരനാഥൻ. നമ്മടെ സിസ്റ്റേഴ്സിന്റെ ആശ്രമത്തിലാ വളർന്നെ."

www.kambistories.com | www.kambikuttan.net

അതുകേട്ടപ്പോൾ എവിടെയോ ഒരു നീറ്റൽ അവൾക്കനുഭവപ്പെട്ടു....................

..... ജോസൂട്ടി കാറിൽ ഇരുന്നു പുറത്തെ കാഴ്ചകൾ കാണുവായിരുന്നു.

"എന്താടോ ഒന്നും മിണ്ടാതെ ഇരിക്കുന്നെ. ഡ്രൈവേഴ്സിനോട് മിണ്ടൂലെ" പുഞ്ചിരിച്ചുകൊണ്ടാണ് രാജൻ അത് ചോതിച്ചത്.

"ഏയ്, ഒന്നൂല്ല രാജേട്ട. ഞാൻ ചുമ്മാ പുറത്തെ കാഴ്ചകളൊക്കെ കാണുവായിരുന്നു. എനിക്കെന്തിനാ മിണ്ടാൻ മടി. ഞാനൊക്കെ ഫെർണാണ്ടസ് സാറിന്റെയൊക്കെ കാരുണ്യത്തിൽ ഇവിടെ എത്തി നിൽക്കുന്നതാ."

"ഞാൻ ചുമ്മാ പറഞ്ഞതാ. അല്ലേലും അദ്ദേഹം വളരെ നല്ല മനുഷ്യനാ. മോളിച്ചിരെ ദേഷ്യക്കാരിയാ. സൂക്ഷിച്ചു ഇടപെട്ടാമതി. എന്നാലും എന്നോട് വലിയ ഇഷ്ടമാ. ഞാൻ ചെറുപ്പം മുതലേ കാണുന്ന കുട്ടിയല്ലേ. എന്റെ കെട്ടിയവളും അവിടെതന്നെയാ പണി. കണ്ടു കാണും, ഗോമതി." അയാൾ പറഞ്ഞു നിർത്തി.

"ആ, കണ്ടായിരുന്നു. ചേച്ചിയാ ചായ തന്നെ." ജോസൂട്ടി മറുപടി പറഞ്ഞു.

ഞങ്ങൾ ചെറുപ്പം മുതലേ ഇവിടെയാ വളർന്നെ.എന്റപ്പനും അവളുടെ അപ്പനും ഇവിടാർന്നു പണി. പിന്നെ ഞങ്ങൾ തമ്മിൽ അങ്ങ് പ്രേമിച്ചു കെട്ടി."

അപ്പഴേക്കും വണ്ടി ഒരു കെട്ടിടത്തിന് മുമ്പിൽ എത്തി. അത്യാവശ്യം വലിപ്പമുള്ള ഒരു കോട്ടേഴ്സ്. "ഇതാണ് ജോസൂട്ടിക്ക് താമസിക്കാനുള്ള സ്ഥലം. ഇറങ്ങിക്കോ" അതും പറഞ്ഞു രാജൻ വണ്ടിയിൽ നിന്നിറങ്ങി.

രാജൻ തന്നെ കോട്ടേഴ്സ് തുറന്നു താക്കോൽ ജോസൂട്ടിയെ ഏൽപ്പിച്ചു.

അകത്തു എല്ലാ സൗകര്യവുമുണ്ട്.കുക്ക് ചെയ്യാനുള്ളതടക്കം. എല്ലാം വൃത്തിയായി തന്നെയാണ് കിടക്കുന്നതു. അതുകൊണ്ട് കുഴപ്പമില്ല."

ജോസൂട്ടി അകത്തുകയറി. വിശാലമായ ഹാളും മൂന്നു മുറികളും. എല്ലാം ബാത്രൂം അറ്റാചെട് ആണ്. നല്ല വൃത്തിയുള്ള മുറികൾ. ജോസൂട്ടി ഒരു മുറി തുറന്നു ബാഗ് അതിൽ വച്ച് ഇറങ്ങി."

"ബൈക്കിന്റെ കാര്യം വല്ലോം പറഞ്ഞാര്ന്നോ സാറ്." രാജൻ ചോദിച്ചു.

അത് എന്നോട് ഉപയോഗിച്ചോളാൻ പറഞ്ഞാര്ന്നു."അവൻ മറുപടി നൽകി.

ഒരു പഴയ ബുള്ളറ്റ് ആണ്. സൈഡിൽ ഉണ്ട്. കീ മാനേജരുടെ കയ്യിൽ കാണും. സാർ പറഞ്ഞിരിക്കും കാര്യങ്ങൾ. ജോസൂട്ടി വാ, നമ്മുക്കിറങ്ങാം"

രാജൻ അതും പറഞ്ഞു വെളിയിലേക്കിറങ്ങി. ജോസൂട്ടി ഡോർ ലോക്ക് ചെയ്ത ഇറങ്ങി.

www.kambistories.com | www.kambikuttan.net

അവിടുന്ന് ദൂരം കുറവായിരുന്നു ഓഫീസിലേക്ക്. പെട്ടെന്ന് തന്നെ അവർ ഓഫീസിൽ എത്തിച്ചേർന്നു. ഒരു രണ്ടുനില കെട്ടിടം.വളരെ പുതിയതാണ്. രാജനും ജോസൂട്ടിയും കാറിൽ നിന്നിറങ്ങി അകത്തേക്ക് കടന്നു. ഓഫീസിന്റെ അകം വളരെ മനോഹരമായിരുന്നു. രാജൻ ആയിരുന്നു മുന്നിൽ നടന്നിരുന്നത്. അയാൾക്കെല്ലാം പരിചിതമെന്നപോലെ. പെട്ടെന്ന് അവർക്കെതിരെ ഒരു 28 വയസു തോന്നിക്കുന്ന സ്ത്രീ വന്നു. കാണാൻ ഭംഗിയുള്ള ഇരുനിരത്തോട് കൂടിയ സ്ത്രീ. സാരിയാണ് വേഷം. വലിയ മാറിടവും മുന്തിയ ചന്തികളും ആ സ്ത്രീയുടെ ശരീരത്തെ മനോഹരമാക്കുന്നു.അവൾ രാജനെ കണ്ടു ഒന്ന് ചിരിച്ചു.

" എന്താ രാജേട്ടാ, ഇങ്ങോട്ടൊക്കെ ഇറങ്ങാൻ."

അവളുടെ ശബ്ദതവും മനോഹരമായിരുന്നു.

ഇത് ജോസൂട്ടി. ഇവിടെ പുതിയ ജോലിക്കായി വന്നതാണ്. " രാജൻ ജോസൂട്ടിയെ ചൂണ്ടി പറഞ്ഞു. അപ്പോഴാണ് അവൾ പുറകിൽ നിക്കുന്ന ജോസൂട്ടിയെ കാണുന്നത്. കുറച്ചു സമയം അവൾ അത്ഭുതത്തോടെ നോക്കി നിന്നു. ആകെ ഒരു അന്താളിച്ച നില്പ്.

"എന്നാടി, ഇങ്ങനെ വായും പൊളിച്ചു നിൽക്കുന്നത്." രാജന്റെ ആ വാക്കുകളാണ് അവൾക്ക് ബോധം കൊടുത്തത്.

അത്...ഒന്നുമില്ല. ശരത് ഏട്ടൻ പറഞ്ഞാര്ന്നു പുതിയ അസി. മാനേജർ വരുമെന്ന്. അവൾ അതും പറഞ്ഞു ചമ്മിയപോലെ പോയി.

"ഇവിടുത്തെ സ്റ്റാഫാ. സോഫിയ. പാവമാ, ഒരു പൊട്ടിപെണ്ണു. ഇവിടെല്ലവരും ഒരു കുടുംബത്തെ അംഗങ്ങളെ പോലെ ആണ്. അതും പറഞ്ഞു രാജൻ ഒരു റൂമിന്റെ വാതിൽ തുറന്നു. മുകളിലായി മാനേജർ എന്നെഴുതിയിരിക്കുന്നത് ജോസൂട്ടി വായിച്ചു.അകത്തു കസേരയിലായി ഒരു 35 നോടടുത് പ്രായമുള്ള ഒരാൾ. കാണാൻ ഇരുനിറം. ചെറിയ കഷണ്ടി.

"ആ രാജേട്ടാ, കയറി ഇരിക്ക്. ഇതല്ലേ ജോസൂട്ടി. ഫെർണാണ്ടസ് സാർ വിളിച്ചിരുന്നു. ഇരിക്ക് ജോസൂട്ടി" അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട പറഞ്ഞു. നല്ല സൗമ്യമാർന്ന സംസാരം. ജോസൂട്ടി മനസ്സിൽ ചിന്തിച്ചു.

"എന്നാ ശരത്തെ, ഞാൻ പോയെക്കുവാ. ആ ബുള്ളെറ്റിന്റെ കീ ജോസൂട്ടിയെ ഏൽപ്പിച്ചെക്ക്"

അതും പറഞ്ഞ രാജൻ പുറത്തേക്ക് പോകാനിറങ്ങി.

"ആ രാജേട്ടാ, സാർ പറഞ്ഞിരുന്നു." ശരത് മറുപടി പറഞ്ഞു. രാജൻ പുറത്തേക്ക് പോയി.

"പിന്നെ ജോസൂട്ടി ഇതിനു മുമ്പ് വർക്ക് ചെയ്തിട്ടുണ്ടോ."

" ഇല്ല സാർ. ആദ്യമായാണ"്. അവൻ തന്റെ സി .വി ശരത്തിനെ ഏൽപ്പിച്ചു.

"എടൊ, എന്നെ സാറെ എന്നൊന്നും വിളിക്കേണ്ട.ശരത് എന്ന് വിളിച്ച മതി. അല്ലേൽ വേണ്ട. താൻ യങ് അല്ലെ. എല്ലാരും വിളിക്കുന്ന പോലെ ശരത്തേട്ടൻ എന്ന് വിളിച്ച മതി. ഇവിടെല്ലവരും അങ്ങനെയാ. ആരും സാറേ വിളിയൊന്നും ഇല്ല. "ശരത് പുഞ്ചിരിച്ചുകൊണ്ടാണ് അത് പറഞ്ഞത്.

www.kambistories.com | www.kambikuttan.net

ജോസൂട്ടി അതിനു മറുപടി എന്നോണം ഒന്ന് പുഞ്ചിരിച്ചു. വന്നപ്പോൾ സോഫിയ ശരത്തേട്ടൻ എന്ന് വിളിച്ചതോർത്തു.

എല്ല്ലാവരും അവരവരുടെ ജോലി നന്നായി ചെയ്യും . അതുകൊണ്ട് ഒരു പ്രശ്നവും ആർക്കും ഇല്ല. അല്ലാ, താൻ ഡയാനയെ പരിജയപ്പെട്ടയിരുന്നോ," ശരത് ചോദിച്ചു.

" ഡയാനയോ, അതാരാ.." ജോസൂട്ടി മനസിലാകാത്ത പോലെ ചോദിച്ചു.

"ഫെർണാണ്ടസ് സാറിന്റെ മോള്. "

ഓ, ആ കുട്ടിയെ കണ്ടിരുന്നു വീട്ടിൽ വെച്ച്."

"കണ്ടപ്പോ എന്ത് തോന്നി" ശരത് ആകാംഷയോടെ ചോദിച്ചു. പിന്നെ തുടർന്നു. "വേറൊന്നും തോന്നരുത് ജോസൂട്ടി. ഞാൻ എല്ലാരോടും ഇങ്ങനെയാ. വളരെ ഫ്രീ ആണ്. തന്നെ നല്ലൊരു ഫ്രണ്ട് അയി തോന്നുന്നതുകൊണ്ട ചോദിച്ചതാ."

ജോസൂട്ടി ഒന്ന് പുഞ്ചിരിച്ചു.

" അതിനെന്താ ശരത്തേട്ട, ഞാൻ ഡയാനയെ കണ്ടപ്പോ വേറെ ഒന്നും തോന്നിയില്ല. കാണാൻ നല്ല ഭംഗി ഉള്ള കുട്ടി. അത്രേ ഉള്ളു."

അത് കേട്ട് ശരത് ഒന്ന് ചിരിച്ചു. താൻ എക്സ്ട്രാ ഡീസന്റ് ആണല്ലോടെ, ആ. എന്തായാലും സുന്ദരിയാണ് എന്ന് തോന്നിയില്ലേ. എന്നാ അവളോടൊരു 10 മിനുട്ട് സംസാരിച്ച അത് മാറിക്കിട്ടും. സ്വഭാവം അത്രക്ക് നല്ലതാ. എല്ലാ ആഴ്ചയും ഇങ്ങോട്ട് ഓഡിറ്റിങ്ങിനായി വരും. എന്തേലും കാരണം പറഞ്ഞു ദേഷ്യപ്പെടും. അതുകൊണ്ട് ആദ്യമേ പറഞ്ഞതാ. ഒന്ന് നോക്കിയിരുന്നോ."

ജോസൂട്ടി മറുപടി എന്നോണം ഒന്ന് ചിരിച്ചു. അവിടെ വീട്ടിൽ വച്ച് നടന്ന സംഭവം അവന്റെ മനസ്സിലൂടെ കടന്നുപോയി.

ജോസൂട്ടി വാ.. ഞാൻ എല്ലാരേയും ഒന്ന് പരിചയപ്പെടുത്താം" അതും പറഞ്ഞ ശരത് എഴുനേറ്റു. ജോസൂട്ടി ശരത്തിന്റെ പുറകെ നടന്നു.....

സോഫിയ ഓടിയാണ് സ്റ്റാഫ്സിന്റെ അടുത്തേക്ക് വന്നത്. അവിടെ മൊത്തം ആറ് പേരാനുള്ളത്. സോഫിയ, രാധിക, ചാക്കോ,ത്രേസ്യ, വർഗീസ് പിന്നെ പ്യൂണ് ബേബി. ഇതിൽ ഇനി പറയേണ്ടത് രാധികയെ കുറിച്ചാണ്. ഒരു അടിപൊളി ആന്റി. കടഞ്ഞെടുത്ത ശരീരം. നല്ല മുടി.പൊക്കവും അതിനൊത്ത വണ്ണവും. ആകെ മൊത്തം ഏതൊരാണിന്റെയും മനസിളക്കാൻ പോന്ന ഒരു രംഭ.സോഫിയ ഓടി രാധികയുടെ അടുത്താണ് വന്നത്.

www.kambistories.com | www.kambikuttan.net

"എന്റെ ചേച്ചീ, പുതിയ അസി. മാനേജരെ കണ്ടോ.എന്റെ പൊന്നോ. കണ്ണെടുക്കാൻ തോന്നില്ല. എന്നാ ഒരു ഗ്ളാമറാ ചെക്കന്. " സോഫിയ കിതച്ചുകൊണ്ടാണ് അത് പറഞ്ഞത്.

അതിനു നീ എവിടുന്നു കണ്ടു" സരിത വിശ്വാസം വരാത്തപോലെ ചോദിച്ചു.

"ഇപ്പൊ രാജേട്ടൻ ഇവിടെ കൊണ്ട് വിട്ടപ്പോൾ കണ്ടതാ. കണ്ടപ്പോ എന്റെ കിളി പോയി. ആകെ ചമ്മി എന്ന് പറഞ്ഞ മതിയല്ലോ."സോഫിയ ഒരു നെടുവീർപ്പോടെ പറഞ്ഞു.

സരിത അതിനുത്തരമായി ഒന്ന് ചിരിച്ചു. അപ്പോഴേക്കും അങ്ങോട്ട് ശരത്തും ജോസൂട്ടിയും കടന്നു വന്നു. ജോസൂട്ടിയുടെ മുഖത്ത് എപ്പഴുമുള്ള സുന്ദരമായ ആ പുഞ്ചിരിയുമുണ്ട്.

"അതേ, നമ്മുടെ ഈ കുടുംബത്തിലേക്ക് പുതിയൊരാളും കൂടി കടന്നുവന്നിരിക്കയാണ്. ജോസൂട്ടി" ശരത് ജോസൂട്ടിയെ എല്ലാവർക്കുമായി പരിജയപ്പെടുത്തിക്കൊണ്ടു പറഞ്ഞു. ശരത് ഓരോരുത്തരെയായി ജോസൂട്ടിക്ക് പരിചയപ്പെടുത്തി. ഒടുവിൽ സോഫിയയെയും രാതികയെയും പരിചയപ്പെടുത്തി.

"ഇത് സോഫിയ, ഈ കമ്പനിയിലെ ഏറ്റവും സുന്ദരിയാന്നു സ്വയം വിചാരിക്കുന്ന കുട്ടിയാ. അതിനുമാത്രം ഒന്നുമില്ലേലും അഹങ്കാരത്തിന് ഒരു കുറവുമില്ല." ശരത് ചിരിച്ചുകൊണ്ടാണ് അത് പറഞ്ഞത്. പിന്നെ എല്ലാവരുടെയും കൂട്ടച്ചിരി.സോഫിയയുടെ വക ഇഷ്ടപ്പെടാത്ത മട്ടിൽ ശരത്തിനെ നോക്കി ഒരു കൊഞ്ഞനം കുത്തും.

"ഇത് രാധിക, ഞങ്ങളുടെ ഒക്കെ കണ്ണിനു കുളിർമ നൽകുന്ന ആകെ കൂടിയുള്ള ഒരു ആന്റി പീസ്." ശരത് രാധികയെ നോക്കി പറഞ്ഞു.

ഓ, സുഖിപ്പിക്കല്ലേ മാഷെ" അതും പറഞ്ഞു രാധിക ജോസൂട്ടിയെ നോക്കി. ജോസൂട്ടി രാതികയെയും നോക്കി ഒന്ന് ചിരിച്ചു.അപ്പോഴാണ് രാതികയെ ജോസൂട്ടി ശരിക്കും ശ്രദ്ധിക്കുന്നത്. അവന്റെ ഉള്ളിൽ എന്തിന്റെ ഒക്കെയോ തിരയടിക്കുക ആയിരുന്നു.

ജോസൂട്ടി ജോലിക്ക് ജോയിൻ ചെയ്തിട്ട് ഇപ്പൊ നാല് ദിവസം കഴിഞ്ഞു. അവന്റെ സ്വഭാവവും പെരുമാറ്റവുമെല്ലാം പെട്ടെന്നുതന്നെ എല്ലാവരെയും അവനിലേക്കടുപ്പിച്ചു. ഓഫീസിലെ ജോലികളും മറ്റും പെട്ടന്നു തന്നെ അവൻ പഠിച്ചെടുത്തു. ചുരുക്കംപാറഞ്ഞാ ഈ നാല് ദിവസംകൊണ്ടുതന്നെ ജോസൂട്ടി ആ ഓഫീസിലെ എല്ലാവരുടെയും മനസ്സിൽ ഇടം നേടി. ഇപ്പൊ ജോസൂട്ടി ബുള്ളറ്റിലാണ് ഓഫീസിലേക്ക് വരുന്നതും പോകുന്നതുമെല്ലാം.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. പതിവുപോലെ ജോസൂട്ടി ഓഫീസിലെത്തി. എല്ലാവരും വന്നിട്ടുണ്ട്. ഓടിനടന്നു പണിയെടുക്കുകയാണ് എല്ലാവരും. ജോസൂട്ടി നേരെ പോയത് രാധികയുടെ അടുത്തേക്കാണ്. എല്ലാവരുമായി കമ്പനി ആണേലും രാധിക ചേച്ചിയുമായി അവൻ ഒത്തിരി അടുത്തിരുന്നു. അച്ഛനോ അമ്മയോ സഹോദരങ്ങളോ ഇല്ലാത്ത ജോസൂട്ടിക്ക് രാധിക ഒത്തിരി അടുത്ത് ഇടപഴുകാൻ തുടങ്ങിയപ്പോ ഒത്തിരി സന്തോഷമാണുണ്ടായത്. പലപ്പോഴും രാധിക നൽകുന്ന സ്നേഹവും കെയറിങ്ങും അവന്റെ മനസ്സിൽ അവൾക്കൊരു ചേച്ചിയുടെ പരിവേഷം നൽകി. എന്നും വൈകിട്ട് രാധിക അവനെ വിളിക്കുമായിരുന്നു, അവന്റെ കാര്യങ്ങൾ അന്വേഷിക്കും.

www.kambistories.com | www.kambikuttan.net

ഇതൊക്കെയാണേലും രാധികയുടെ കടഞ്ഞെടുത്ത ശരീരം, അതിന്റെ സൗന്ദര്യം അവന്റെ മനസ്സിൽ ചിലപ്പോഴെങ്കിലും മനുഷ്യസഹജമായ ലൈംകീക ചിന്തകളിലേക്കും നൈച്ചിരുന്നു. എന്നാൽ അതൊക്കെയും അവൻ തന്റെ മനസ്സിൽ അടിച്ചമർത്തി വച്ചു.

രാധിക ജോസൂട്ടിയെ കണ്ടപ്പോ ഒന്ന് ചിരിച്ചു.

"എന്നാ ചേച്ചി... എല്ലാവരും ഇങ്ങനെ തിരക്കിട്ടു പണിയെടുക്കുന്നെ. എന്നത് സംഭവം.."അവൻ മനസിലാകാത്തപോലെ ചോതിച്ചു.

"ഇന്നാ പൂലാൻദേവി ഓഡിറ്റിംഗിന് വരും. ആ ഡയാന രാജകുമാരി. എല്ലാം ഓക്കെ ആണേൽത്തന്നെ ചുമ്മാ കലിപ്പിക്കും. ഇനി അങ്ങനെ അല്ലെങ്കിലുള്ള കാര്യം പറയാനോ..അതുകൊണ്ട് എല്ലാം ഒക്കെ ആക്കുവായിരുന്നു. ഏകദേശം റെഡി ആയി..."

രാധിക ചില ഫയൽസ് കയ്യിലെടിതുകൊണ്ട പറഞ്ഞു.

"അതിനു നിങ്ങൾക്കെല്ലാം അവരെ അത്രയ്ക്ക് പേടിയാണോ" ജോസൂട്ടി കൗതുകത്തോടെ ചോതിച്ചു.

"അങ്ങനല്ലാ, എന്തായാലും നമ്മുടെ മുതലാളിച്ചി അല്ലെ. നമ്മളൊക്കെ ഇതുകൊണ്ട് ജീവിക്കുന്നവരാ. അപ്പൊ ചെറുതായി പേടിക്കണം. അതൊരു വൃത്തി രാക്ഷസിയും കൂടിയ. ജോസൂട്ടിയുടെ ക്യാബിൻ എല്ലാം ഒന്ന് ക്ലീൻ ചെയ്ത വെച്ചോ..."അവർ പറഞ്ഞു നിർത്തി.

"അതിനു മറുപടിയായി അവനൊന്നു ചിരിക്കുക മാത്രം ചെയ്തു. ജോസൂട്ടിയും അതുപോലായിരുന്നു. അവന്റെ ചുറ്റുപാടും എല്ലാം വളരെ ക്ലീൻ ആയിരിക്കും. സ്വർഗ്ഗത്തിലെ അമ്മമാർ ചെറുപ്പം മുതലേ അവനെ അതൊക്കെ ശീലിപ്പിച്ചിരുന്നു.

പെട്ടെന്ന് രാധിക ടേബിളിൽ താഴത്തെ ഫയൽ എടുക്കാനായി ഒന്ന് കുനിഞ്ഞു. ജോസൂട്ടിയുടെ കണ്ണുകൾ ആ കാഴ്ച കണ്ട് തുറിച്ചുനിന്നു. ഇറക്കി വെട്ടിയ ബ്ലൗസിനുള്ളിൽ നിന്നും വെളുത്ത സുന്ദരമായ മുലകൾ പകുതിയും വെളിയിൽ ആയിരുന്നു. അവൻ പോലും അറിയാതെ അവന്റെ വായ തുറന്നുപോയി. അവന്റെ തൊണ്ടയിലെ ഉമിനീർ വറ്റി. തന്നിൽ മറ്റെന്തൊക്കെയോ ഭാവങ്ങൾ ഉടലെടുക്കുന്നത് അവൻ അറിഞ്ഞു. ഇതുവരെ തനിക്കു പരിചിതമല്ലാത്ത, താൻ അനുഭവിക്കാത്ത ചില വികാരങ്ങൾ. അവൻ വളർന്ന ചുറ്റുപാടുകളും അവനെ നന്മനിറഞ്ഞ സാഹചര്യങ്ങളും കൊണ്ടായിരിക്കാം, അവന്റെ ഉള്ളിലെ മനഃസാക്ഷിയുടെ സ്വരം വളരെ കരുത്തുറ്റതായിരുന്നു. അത് അവനെ ആ നോട്ടത്തില്നിന്നും ദൃഷ്ടി മാറ്റാൻ പ്രേരിപ്പിച്ചു. അവൻ കണ്ണുകൾ മാറ്റി. രാധിക അപ്പോഴേക്കും നിവർന്നു നിന്നിരുന്നു.

www.kambistories.com | www.kambikuttan.net

ജോസൂട്ടി പിന്നെയൊന്നും ചോദിക്കാതെ അവന്റെ ക്യാബിനിലേക്ക് പോയി. പെട്ടെന്ന് ജോസൂട്ടിയുടെ ഭാവം മാറിയതും അകത്തേക്ക് പോയതും കണ്ടപ്പോ രാധികയുടെ മുഖത്ത് ഒരു ചിരി വിടർന്നു.

തന്റെ ക്യാബിനിലെത്തി കസേരയിൽ ഇരിക്കുമ്പോഴും ജോസൂട്ടിയുടെ മനസ് കലുഷിതമായിരുന്നു.

"രാധിക ചേച്ചി ഇപ്പൊ തനിക്ക് ആരൊക്കെയോ ആണ്. തന്റെ കൂടപ്പിറപ്പിനെ പോലെ. അവരെക്കുറിച്ചു മോശമായി ചിന്തിക്കരുത്." അവന്റെ മനസാക്ഷി മന്ത്രിച്ചുകൊണ്ടിരുന്നു. അവൻ മനസ്സിൽ ഉറപ്പിച്ചു. ഞാനൊരിക്കലും മറ്റൊരാളുടെ നാശത്തിനും അവരുടെ ദോഷത്തിനും കാരണമാവരുത്.

അവൻ എല്ലാം മറന്നു അവന്റെ ജോലികളിൽ വ്യാഭൃതനായി.

കുറച്ചുകഴിഞ്ഞപ്പോഴേക്കും ഡയാന എത്തിച്ചേർന്നു. ടൈട് ആയുള്ള ഒരു ജീനും അതിനുചേർന്ന ഇറക്കമുള്ള ഒരു ടോപ്പുമാണ് വേഷം. അവളുടെ ശരീരഘടന അതിൽ വ്യക്തമാണ്. ശരിക്കും അവളൊരു ആധുനിക ദേവതയെ പോലെ തോന്നിച്ചു.

ഡയാന എം ഡി യുടെ ഓഫീസ് റൂമിലേക്ക് കയറി. ശരത്തും പുറകെ കുറച്ചു ഫയൽസുമായി കയറി. ഡയാന വലിയ ആ ചെയറിൽ ഇരുന്നു.

"ശരത് ഇരിക്കൂ.." അവൾ മുന്നിലുള്ള ചെയറിലേക്ക് നോക്കി ശരത്തിനോടയി പറഞ്ഞു. അവൾ അങ്ങനെ ആയിരുന്നു. എല്ലാവരെയും പേരാണ് വിളിക്കുക. ആരുടേയും പ്രായം അവൾ കണക്കിലെടുത്തിരുന്നില്ല.

ശരത് ഭവ്യതയോടെ ചെയറിൽ ഇരുന്നു.

"കഴിഞ്ഞ ആഴ്ചത്തെ നമ്മുടെ എക്സ്പോർട്ടഡ് ഐറ്റംസിന്റെ ഡാറ്റസ് ഒക്കെ പെർഫെക്റ്റ് അല്ലെ."

അവൾ ഗൗരവത്തോടെ ചോതിച്ചു.

www.kambistories.com | www.kambikuttan.net

"ഒക്കെ ഓക്കെ ആണ് മാം... ഞാൻ എല്ലാം ചെക്ക് ചെയ്തതാണ്." ശരത് വിനയത്തോടെ മറുപടി നൽകിക്കൊണ്ട് ഫയൽ ഡയാനയെ ഏൽപ്പിച്ചു. അവൾ അത് തുറന്നു നോക്കി ചെക്ക് ചെയ്യാൻ ആരംഭിച്ചു.

"പുതിയ അസിസ്റ്റന്റ് എങ്ങനെ..."അവൾ ഫയൽ നോക്കിക്കൊണ്ട് ചോതിച്ചു.

"ജോസൂട്ടി കൊള്ളാം മാം..നല്ല ആത്മാർഥത ഉണ്ട്. വർക്കാണേലും എല്ലാം പെട്ടെന്ന് തന്നെ തീർക്കും.".ശരത് അല്പം ജോസൂട്ടിയെ പൊക്കിത്തന്നെ മറുപടി പറഞ്ഞു.

ഡയാന ഒന്നു മൂളുക മാത്രം ചെയ്തു.

"ശരത് ഒരുകാര്യം ചെയ്യൂ.. ജോസിനോട് വരാൻ പറ...."അതുകേക്കേണ്ട താമസം. ശരത് രക്ഷപെട്ടല്ലോ എന്ന മുഖഭാവത്തോടെ പുറത്തേക്ക് വന്നു. നേരെ ജോസൂട്ടിയുടെ കാബിനിൽ കയറി.

ശരത്: ജോസൂട്ടി...പൂതന വിളിക്കുന്നുണ്ട്.. ശരത് പതുക്കെ പറഞ്ഞു.

ജോസൂട്ടി: എന്നേലും കുഴപ്പമുണ്ടോ ശരത്തേട്ട. "

ജോസൂട്ടി അല്പം പേടിയോടെ ചോതിച്ചു.

ശരത്: എയ്...ഇന്ന് എന്തോ..കുഴപ്പമില്ല. കുറ്റങ്ങളൊന്നും പറഞ്ഞില്ല. എന്തായാലും നീ ചെല്ലു. എപ്പഴാ ആ പൂലാൻ ദേവിയുടെ നിറം മാറുന്നത് എന്ന് പറയാൻ കഴിയില്ല. "

ശരത് അതും പറഞ്ഞു തിരിഞ്ഞു നടന്നു. ജോസൂട്ടി പോകാനായി എഴുനേറ്റു.

ജോസൂട്ടി എം ഡി യുടെ കാബിനിൽ എത്തി പതുക്കെ ഡോർ അകത്തേക്ക് തുറന്നു.

"മെയ് ഐ കം ഇൻ മാഡം.."

ജോസൂട്ടി വിനയത്തോടെ ചോതിച്ചു..

"എസ്, കം ഇൻ..."

അവളുടെ സുന്ദരവും എന്നാൽ ഗൗരവപൂർണവുമായ ശബ്ദമുണർന്നു. ജോസൂട്ടി അകത്തേക്ക് പ്രവേശിച്ചു. തനിക്ക് ആദ്യം അവരെ കണ്ടപ്പോളുള്ള അനുഭവം ഉണ്ടാകാരുതെന്നു അവൻ മനസ്സിൽ ഉറപ്പിച്ചിരുന്നു. അതുകൊണ്ട് മുഖത്തൊരു പുഞ്ചിരി വിടർത്തിയാണ് അവൻ അകത്തു കടന്നത്. മനസിനെ അവൻ കടിഞ്ഞാണിട്ടു നിർത്തി. അവളുടെ സൗന്ദര്യവും അടിച്ചിരിക്കുന്ന വിലകൂടിയ പേർഫ്യൂമിന്റെ മാദക ഗന്ധവും അവന്റെ മനസിനെ ചെറുതായി ഇളക്കാതിരുന്നില്ല. എന്നാലും അവൻ അതിനെ നിയന്ത്രിച്ചു.

www.kambistories.com | www.kambikuttan.net

ഡയാന:ജോസ് അല്ലെ...

ജോസൂട്ടി: അതെ മാഡം..

ഡയാന: ജോസ് ഇരിക്ക്..

ജോസൂട്ടി: കുഴപ്പമില്ല മാഡം. ഞാൻ ഇവിടെ നിന്നോളാം. "അവൻ അല്പം വിനയത്തോടെ പറഞ്ഞു.

ഡയാന...: മ്... വർക്കിന്റെ കാര്യത്തിൽ ഞാൻ വളരെ സ്ട്രിക്റ് ആണ്. അതിൽ ഒരുത്തരത്തിലുമുള്ള കോംപ്രമൈസ്ഉം ഇല്ല..

ജോസൂട്ടി: എനിക്കറിയാം മാഡം. തീർച്ചയായും ആത്മാർത്ഥമായി തന്നെ എന്റെ ഡ്യൂട്ടി ഞാൻ ചെയ്യുന്നതായിരിക്കും.

ഡയാന: പിന്നെ പപ്പക്ക് നിന്നോടൊരു സ്നേഹകൂടുതൽ ഉണ്ട് എന്നൊരു തോന്നൽ നിനക്കുണ്ടോ..ഉണ്ടേൽ അതുവേണ്ട. എനിക്ക് തോന്നാത്തത് പപ്പക്ക് തോന്നിയിട്ടു കാര്യവുമില്ല."

അവൾ ഗൗരവത്തോടെ പറഞ്ഞു..

ജോസൂട്ടി: ഒരിക്കലും ഞാൻ അങ്ങാനൊന്നും ചിന്തിക്കുന്നില്ല മാഡം. ഇപ്പോ തന്നെ ഫെർണാണ്ടസ് സാറും മാഡവുമൊക്കെ എനിക്കുതന്ന സഹായങ്ങൾ ഒരുപാടാണ്. ഇതിൽകൂടുതലൊന്നും ഞാൻ ഒരിക്കലും ആഗ്രഹിക്കാൻ പാടില്ല..."

ജോസൂട്ടി താഴ്മയോടെ പറഞ്ഞു.

www.kambistories.com | www.kambikuttan.net

ഡയാന: മ്... യു മെയ് ഗോ നൗ...

"ശരി മാഡം" എന്നും പറഞ്ഞ ജോസൂട്ടി ഒരു നല്ല പുഞ്ചിരിയും സമ്മാനിച്ചാണ് പുറത്തേക്ക് നടന്നത്. മറുപടിയായി തിരിച്ചൊരു പുഞ്ചിരി കൊടുക്കുവാൻ അവൾ ഉദ്ദേശിച്ചില്ലെങ്കിലും അറിയാതെ തന്നെ ഡയാനയുടെ മുഖത്തു ഒരു പുഞ്ചിരി വിടർന്നു. അത് ജോസൂടിയുടെ പുഞ്ചിരിയുടെ മാസ്മരിക സൗന്ദര്യത്തിന്റെ പ്രതിഫലനമായിരുന്നു.

ദിവസങ്ങൾ കോഴിഞ്ഞുകൊണ്ടിരുന്നു. ഓരോ ദിവസം ചെല്ലുംതോറും ജോസൂട്ടി എല്ലാവർക്കും പ്രിയപ്പെട്ടവനായി മാറി. രാധിക അവന്റെ സ്വന്തം ചേച്ചിയായി തന്നെ അവനു മാറി. അവന്റെ എല്ലാ കാര്യങ്ങളും പങ്കുവയ്ക്കാൻ കഴിയുന്ന അവന്റെ കൂടപ്പിറപ്പിനെ പോലെ. പക്ഷെ രാധികയെ കുറിച്ച് അവനു ഒന്നും അറിവുണ്ടായിരുന്നില്ല. അവൻ ചോദിച്ചതുമില്ല. ഇടയ്ക്കിടെ ഫെർണാണ്ടസ് സാറുമായുള്ള ഇടപഴുകലും സംസാരവുമൊക്കെ ആയപ്പോൾ സാറിനും അവനെ ഒത്തിരി കാര്യമായി മാറി. ഇപ്പൊ ഡയാനയുമായി മാത്രമേ കുറച്ചു ആകലമുള്ളു. എങ്കിലും അവൾ ഓഡിറ്റിങ്ങിന് വരുമ്പോ, ജോസൂട്ടിയെ കാണുംമ്പോ,, അവൻ പുഞ്ചിരിക്കുമ്പോ, അറിയാതെ അവളും പുഞ്ചിരിക്കുമായിരുന്നു. ഡയാനയുടെ ഭാഗത്തുനിന്ന് അങ്ങനൊരു മാറ്റം തന്നെ എല്ലാവർക്കും അവിശ്വസനീയമായിരുന്നു.

ഒരു ദിവസം. വൈകിട്ട് 7.30 അയി കാണും. ജോസൂട്ടി തന്റെ റൂമിൽ പഴയ ഒരു നോവലും വായിച്ചിരിക്കുകയായിരുന്നു. പെട്ടെന്നാണ് അവന്റെ ഫോൺ റിങ് ചെയ്തത്. നോക്കിയപ്പോ രാധിക ചേച്ചി ആയിരുന്നു. അവൻ പെട്ടെന്ന് തന്നെ കാൾ അറ്റൻഡ് ചെയ്തു.

"ഹലോ..രാധിക ചേച്ചി. എന്ന ഉണ്ട് . പറ..."

"ഡാ കുട്ടാ ജോസൂട്ടി..ഒരു സഹായം ചെയ്യട. ഞാനിപ്പോ ടൗണിലാ. ഇവിടെ ഓട്ടോക്കാരും ടാക്സിക്കാരും മിന്നൽപണിമുടക്ക്. ഞാനും പൊന്നൂസുമുണ്ട്. രാത്രിയുമായി. നീയൊന്നു നിന്റെ ബൈക്കുമായി വാ." രാധിക പറഞ്ഞു നിർത്തി.

"അവർ പ്രശ്നമുണ്ടാക്കുന്നുണ്ടോ". ഞാൻ അല്പം ആശങ്കയോടെ ചോതിച്ചു.

"മറ്റു പ്രശ്നങ്ങളൊന്നുമില്ല. പ്രൈവറ്റ് വാഹനങ്ങൾ ഓടാൻ സമ്മതിക്കുന്നുണ്ട്. നീ ഒന്ന് വാടാ ചക്കരെ." രാധിക സ്നേഹത്തോടെ പറഞ്ഞു.

www.kambistories.com | www.kambikuttan.net

"നിങ്ങൾ അവിടെ തന്നെ നിക്ക്. ഞാനിപ്പോ വരാം."ഇതും പറഞ്ഞ ജോസൂട്ടി ഫോൺ കട്ട് ചെയ്തു.

പെട്ടെന്ന് തന്നെ ജോസൂട്ടി ഡ്രസ്സ് മാറി പോകാൻ തയ്യാറായി. രാധിക ചേച്ചി പൊന്നൂസിനെ കുറിച്ച് പറഞ്ഞത് അവൻ ഓർത്തു. രാധിക ചേച്ചിയുടെ കുഞ്ഞോമന. 5 വയസാണ് പ്രായം. രാധിക ചേച്ചി ജീവിക്കുന്നത് അവൾക്കു വേണ്ടി മാത്രമാണ് എന്ന് പറഞ്ഞിട്ടുണ്ട്. കൂടുതലായൊന്നും തന്നോട് പറഞ്ഞിട്ടില്ല.

അവൻ റൂമും പൂട്ടി ഇറങ്ങി. ബുള്ളറ്റും എടുത്ത് പെട്ടെന്ന് തന്നെ പോയി. രാധികയെ വിളിച്ചു ലൊക്കേഷൻ മനസിലാക്കി അവൻ അവരുടെ അടുത്ത എത്തിച്ചേർന്നു. രാധിക അവനെ കണ്ടു കൈ വീശി കാണിച്ചു. അവൻ അവരുടെ അടുത്തേക്ക് ചെന്നു. രാധിക ഒരു സാരിയാണ് ഉടുത്തിരുന്നത്. അതിൽ അവളുടെ സൗന്ദര്യം എടുത്തുകാണിച്ചു. അപ്പോഴാണ് അവളുടെ അടുത്ത സാരിയുടെ മറവിൽ ഉളിച്ചിരിക്കുന്ന ആ 5 വയസുകാരിയെ അവൻ കാണുന്നത്. ഒരു മാലാഖയെ പോലെ ഒരു കുഞ്ഞു പൈതൽ. അമ്മയെപ്പോലെ തന്നെ, അവൻ ഓർത്തു.

"ഇതാണോ ചേച്ചിയുടെ പൊന്നൂസ്"..അവൻ ആ കുഞ്ഞിനെ നോക്കി പറഞ്ഞു.

"അതെ . എന്റെ എല്ലാം എല്ലാം ആയ തങ്കക്കുടം."

അവൾ ആ കുഞ്ഞിനെ എടുത്ത് ചുംബിച്ചുകൊണ്ട പറഞ്ഞു.

ജോസൂട്ടി ആ കുഞ്ഞിനെ നോക്കി മനോഹരമായി ഒന്ന് ചിരിച്ചു.

"എന്നാ പൊന്നൂസിനെ പേര്.".. അവൻ ആ കുഞ്ഞിന്റെ കവിളിൽ തലോടികൊണ്ട ചോതിച്ചു.

പൊന്നൂസ് അപ്പോഴേക്കും നാണിച്ചു ചിരിച്ചുകൊണ്ട് രാധികയുടെ തോളിൽ തിരിഞ്ഞിരുന്നു.

"അയ്യേ..ഇങ്ങാനാണോ അമ്മയുടെ പൊന്നൂസ്. അങ്കിളിനോട് പേര് പറ.."രാധിക അവളെ തിരിച്ചു നിർത്തിക്കൊണ്ടു പറഞ്ഞു.

"ആലീസ്"... അവൾ ആ കുഞ്ഞി സൗണ്ടുകൊണ്ട നാണത്തോടെ പറഞ്ഞു.

ഒരുനിമിഷം ജോസൂട്ടിയുടെ മനസിലൂടെ രാധിക, ആലീസ് എന്ന പേരുകൾ കടന്നുപോയി. ഒരു പൊരുതമില്ലായ്മ.. ഒരുപാട് ചോദ്യങ്ങൾ അവന്റെ ഉള്ളിൽ നിറഞ്ഞു. രാധികയെ കുറിച്ച അധികമൊന്നും അറിയാത്തതുകൊണ്ടാവാം. അവൻ അത് പുറത്തുകാണിച്ചില്ല.

www.kambistories.com | www.kambikuttan.net

"നമ്മുക്ക് പൊന്നൂസ് മതി. ആലീസ് അവിടെ കിടക്കട്ടെ. പൊന്നൂസ് വന്നേ..നമ്മുക്ക് മിടായി മേടിക്കാം."ജോസൂട്ടി പൊന്നൂസിനെ നേരെ കൈകൾ നീട്ടിക്കൊണ്ടു പറഞ്ഞു.

കേക്കേണ്ട താമസം. ആ കുഞ്ഞു ചിരിച്ചുകൊണ്ട് അവന്റെ കൈകളിലേക്ക് വീണു. ഇതുകണ്ട രാധിക ശരിക്കും അമ്പരന്നു.

"നിനക്കിപ്പോ അമ്മയെ വേണ്ടേ..വേറെ ആരുവിളിച്ചാലും അമ്മയെ കെട്ടിപ്പിടിച്ചിരിക്കുന്നവള ഇപ്പൊ ചാടിപോയെ. ജോസൂട്ടിയെ അവൾക് വല്ലാതെ പിടിച്ചു എന്ന് തോന്നുന്നു." രാധിക അല്പം അമ്പരപ്പോടെ പറഞ്ഞു.

"പിന്നല്ലാതെ. ഞങ്ങളാ ഇപ്പൊ ഏറ്റവും നല്ല കൂട്ട് അല്ലെ പൊന്നൂസ്...."അവൻ ആ കുഞ്ഞിനെ കൈകളിൽ എടുത്തുകൊണ്ട് പറഞ്ഞു.

അതിനു ശിശു സഹജമായ ഒരു ഓമന പുഞ്ചിരിയോടെ ആ കുഞ്ഞു തലയാട്ടി അവന്റെ കഴുത്തിലൂടെ കൈയിട്ടിരുന്നു.

"ഞങ്ങളിപ്പോ വരാം ചേച്ചി" എന്നും പറഞ്ഞു അവർ അടുത്തുള്ള ഒരു ബേക്കറിയിൽ പോയി . തിരിച്ചുവന്നപ്പോൾ ആ കുഞ്ഞിന്റെ കൈകൾ നിറയെ ചോക്കലേറ്റ്സ് ആയിരുന്നു. രാധിക അതുനോക്കി ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

"പൊന്നൂസ് ഇവിടെ ഇരുന്നോ എന്നും പറഞ്ഞു അവൻ ആ കുഞ്ഞിനെ അവന്റെ ഫ്രണ്ടിലായി ഇരുത്തി. രാധിക പുറകിലും കയറി.

"എന്നാ പോവാം ചേച്ചി.." അവൻ അനുവാദത്തിനെന്നോണം രാതികയോടായി ചോതിച്ചു. അവൾ ഒന്ന് മൂളിക്കൊണ്ട അവന്റെ വയറിൽ കൈകൾ ചുറ്റി കോർത്തുപിടിച്ചു. അവൻ അതൊട്ടും പ്രതീക്ഷിച്ചിരുന്നില്ല. ഇതുവരെ ആരുമായും ഇങ്ങനെ ഇരുന്നിട്ടില്ല. ഒരു പെണ്ണും ഇങ്ങനെ ചുറ്റിപിടിച്ചിരുന്നിട്ടില്ല. അവളുടെ ആ മൃതു ശപർശനം അവന്റെ ഉള്ളിൽ ചില വേലിയേറ്റങ്ങൾക്ക് വഴി വെക്കുകയായിരുന്നു.

"തന്നെ പിടിച്ചിരിക്കുന്നത് തന്റെ രാധിക ചേച്ചിയാണ്. അവരെ കുറിച്ച് ഒരിക്കലും മോശമായി ചിന്തിക്കരുത് എന്ന് ഉറച്ച തീരുമാനമെടുത്തു അവൻ വണ്ടി മുന്നോട്ടെടുത്തു. പോകുന്ന വഴി രാധിക വഴി പറഞ്ഞുകൊടുക്കുന്നതിനപ്പുറം അവർ ഒന്നും തന്നെ സംസാരിച്ചില്ല. പക്ഷെ ഇടക്കിടക്ക് രാധികയുടെ മാർധവമേറിയ മുലക്കുടങ്ങൾ അവന്റെ പുറത്തു നൃത്തം വെച്ചപ്പോ അവന്റെ മനസ് വീണ്ടും ഇളകി മറിയുന്നത് അവൻ അറിഞ്ഞു.

www.kambistories.com | www.kambikuttan.net

അവർ ചെന്നുനിന്നത് ചറ്റുമതിലോട് കൂടിയ ഒരു ഇടത്തരം വീട്ടിലാണ്. അവർ ചെന്നിറങ്ങേണ്ട താമസം. നല്ല മഴ പെയ്യാൻ തുടങ്ങി.

അവൻ പെട്ടെന്നുതന്നെ വണ്ടി അകത്തേക്ക് കയറ്റി സ്റ്റാണ്ടിലിട്ടു പൊന്നൂസിനെ എടുത്ത് തിണ്ണയിലേക്ക് കയറി. ആ കുഞ്ഞു നനയാതിരിക്കാൻ അവൻ അവളെ പൊതിഞ്ഞുപിടിച്ചിരുന്നു അവന്റെ കൈകൾ കൊണ്ട്.

രാധിക ബാഗിൽ നിന്നും താക്കോൽ എടുത്ത് കതക് തുറന്നു.

"അകത്തേക്ക് വാടാ.."അവൾ ജോസൂട്ടിയോടായി പറഞ്ഞു.

അവർ അകത്തു പ്രവേശിച്ചു.

"നീ ഇവിടിരിക്കു. ഞാൻ ഡ്രസ്സ് മാറി വരാം. പൊന്നൂസ് വാ".. രാധിക അതും പറഞ്ഞു പൊന്നൂസിനെയും വിളിച്ചു അകത്തേക്ക് പോയി. അവൻ വീടൊക്കെ ഒന്ന് നോക്കി. ചെറുതെങ്കിലും നന്നായി സൂക്ഷിച്ചിരിക്കുന്നു. എല്ലാം നല്ല വൃത്തിയായി അടുക്കി പെറുക്കി വെച്ചിരിക്കുന്നു.

അപ്പോഴാണ് ടേബിലിന് പുറത്തു ഒരു ഫോട്ടോ അവൻ കണ്ടത്. രാധികയും ഒരു സുന്ദരനായ യുവാവും അവരുടെ നടുക്കായി ഒരു ഓമന പെൺകുഞ്ഞും. രാധിക ചേച്ചി ആ ഫോട്ടോയിലും മനോഹരി തന്നെ. അത് പൊന്നൂസും പിന്നെ രാധികച്ചേച്ചിയുടെ ഭർത്താവും ആയിരിക്കും എന്ന് അവനു തോന്നി.

ആ ഫോട്ടോയിലേക്ക് നോക്കി നിന്നപ്പോഴാണ് രാധിക ചേച്ചി ഡ്രെസ്സും മാറി വന്നത്. ഒരു മനോഹരമായ നൈറ്റി ആണ് വേഷം. അടുത്തുതന്നെ പൊന്നൂസും ഉണ്ട്. പൊന്നൂസ് ഓടി വന്നു ജോസൂട്ടിയുടെ മടിയിൽ കയറി ഇരുന്നു. അവൻ ആ ഫോട്ടോയിലേക്ക് നോക്കി നിന്നത് രാധിക ശ്രദ്ധിച്ചു.

"പൊന്നൂസ് ഡ്രസ്സ് ഒക്കെ മാറി പിന്നെയും സുന്ദരിയായല്ലോ"..അവൻ അവളെ മടിയിലിരുത്തികൊണ്ടു പറഞ്ഞു.

"പൊന്നൂസിന് നിന്നെ ഒത്തിരി ഇഷ്ടപ്പെട്ടിട്ടുണ്ട്.. ഇങ്ങനെ ആരോടും അടുക്കാത്തതാ." രാധിക പുഞ്ചിരിച്ചുകൊണ്ട പറഞ്ഞു.

www.kambistories.com | www.kambikuttan.net

"നിങ്ങൾ ഇവിടിരി. ഞാൻ പോയി ഫുഡ് ഒന്ന് റെഡി ആകട്ടെ." രാധിക അതും പറഞ്ഞു തിരിഞ്ഞു നടക്കാൻ തുടങ്ങി.

"അയ്യോ ചേച്ചി . എനിക്ക് പോണം.. നിങ്ങൾ കഴിച്ചു കിടക്കു.."ജോസൂട്ടി പെട്ടെന്ന് പറഞ്ഞു..

"പിന്നെ...നിനക്കീ മഴയത്തു പോയിട്ട് മല മറിക്കാനുണ്ടല്ലോ... അവിടിരി ചെക്കാ..ആധ്യായിട്ടല്ലേ ഇവിടെ വരുന്നേ. അപ്പോ എന്നേലും കഴിച്ചിട്ട് പോയാ മതി. എല്ലാം റെഡി ആ.. ഒന്ന് ചൂടാക്കിയാ മതി." ജോസൂട്ടി മറുത്തൊന്നും പറയുന്നതിന് മുമ്പേ രാധിക അകത്തേക്ക് പോയിരുന്നു.

പൊന്നൂസ് പോയി ടി വി ഓൺ ചെയ്ത് കാർട്ടൂൺ ചാനലും വച്ച് വീണ്ടും ജോസൂട്ടിയുടെ മടിയിൽ വന്നിരുന്നു. അവൻ ആ കുഞ്ഞിന്റെ മുടിയിഴകളിൽ വാത്സല്യത്തോടെ തലോടിക്കൊണ്ടിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോഴേക്കും രാധിക ഫുഡ് റെഡിയാക്കി ടേബിളിൽ ഒരുക്കി വെച്ചു.

"വാടാ...റെഡി ആയി.പൊന്നൂസ് മോള് ഓടി വാ..അമ്മ മാമം തരാം..."രാധിക അവരോടായി വിളിച്ചുപറഞ്ഞു. ജോസൂട്ടി പൊന്നൂസിനെയും കയ്യിലെടുത്തു അകത്തേക്ക് പോയി.

"പൊന്നൂസ് വാ...അമ്മ വാരിതരാം..."രാധിക പൊന്നൂസിനെ വിളിച്ചുകൊണ്ട് പറഞ്ഞു.

"വേണ്ട...എനിക്ക് അങ്കിൾ വാരിതന്നാ മതി..."ആ കുഞ്ഞു ജോസൂട്ടിയെ കെട്ടിപ്പിടിച്ചുകൊണ്ട പറഞ്ഞു.

"അങ്കിളിനും മാമം ഉണ്ണംണ്ടേ മോളെ..മോൾക് അമ്മ വാരിതരാം.."രാധിക വീണ്ടും പറഞ്ഞു..

"വേണ്ട ചേച്ചി. പൊന്നൂസിന് ഇന്ന് ഞാൻ വാരിക്കൊടുത്തോളാം. ചേച്ചി അവിടിരുന്നു കഴിച്ചോ.."ജോസൂട്ടി കസേരയിൽ ഇരുന്നു പൊന്നൂസിനെ മടിയിലേക്ക് ഇരുത്തിക്കൊണ്ട പറഞ്ഞു.

"മ്.. എന്നാലും ഇതിത്തിരി അതിശയം തന്നെയാ.. വേറെ ഒരാളുടെയും കൂടെ പോകാത്ത പെണ്ണാ.."

"അല്ല, ചേച്ചിയും മോളും ഒറ്റക്കല്ലേ ഇവിടെ. അപ്പൊ ഓഫീസിൽ വരുമ്പോ ചിലപ്പോഴെങ്കിലും ഇവൾ തനിച്ചാവില്ലേ." ജോസൂട്ടി സംശയത്തോടെ ചോതിച്ചു.

www.kambistories.com | www.kambikuttan.net

"മ്... മിക്കവാറും ദിവസങ്ങളിൽ ഇവളെ ക്ലാസ്സിൽ ആക്കിയിട്ട ഞാൻ ജോലിക്ക് വരും. തിരിച്ചു വരുമ്പോ ഇവളെ കൂട്ടും. ക്ലാസ്സില്ലാത്തപ്പോ ഇവിടടുത് ഒരു സൈനു താത്ത ഉണ്ട്. ഞങ്ങൾക് ആകെ ഉള്ളൊരു സഹായമാ. അവിടെ ആക്കും. അവിടെ വേറെ പിള്ളേരുമുണ്ട്. അതുകൊണ്ട് ഇവൾ അവിടെ നിന്നോളും.".. രാധിക പറഞ്ഞു നിർത്തി.

എന്നാ ചേച്ചിക്ക് ഇവളെ ഓഫീസിലേക്ക് കൊണ്ടുവന്നുകൂടെ."

"അവിടെ കൊണ്ടുവന്നാ ഒരു പണിയും നടക്കില്ല..അതുകൊണ്ടാ" രാധിക ഒരു നെടുവീർപ്പോടെ പറഞ്ഞു.

"ഇനി ചേച്ചി ക്ലാസ്സില്ലാത്തപ്പോ ഇവളെ അങ്ങോട്ട് കൊണ്ടുവാ. ഞാൻ നോക്കിക്കൊള്ളാം പൊന്നൂസിനെ." അത്രേം പറഞ്ഞു അവൻ പൊന്നൂസിനെ നോക്കി പറഞ്ഞു."പൊന്നൂസ് ഇനി ക്ലാസ് ഇല്ലാത്തപ്പോ അമ്മെന്റെ കൂടെ അങ്കിളിന്റെ അടുത്തേക്ക് പോര് ട്ടോ."

അതിനുത്തരമായി ആ കുഞ്ഞു ചിരിച്ചുകൊണ്ട് അവന്റെ കവിളിൽ ഒരുമ്മ കൊടുത്തു.

അവർ കഴിച്ചു തീർന്നു. ജോസൂട്ടി ഹാളിൽ വന്നു ഒരു സോഫയിൽ ഇരുന്നു . പൊന്നൂസിനെ കഴുകിച്ച ശേഷം രാധികയും അവളെ കൂട്ടി അങ്ങോട്ട് വന്നു.

"പൊന്നൂസിന് ഉറക്കം വരുന്നില്ലേ.. വാ ... അമ്മ ഉറക്കാം.."

"വേണ്ട... അങ്കിൾ ഉറക്കിയാ മതി.." അതിനും അവൾക്ക് ജോസൂട്ടിയെ മതി. പൊന്നൂസ് ഓടിവന്നു ജോസൂട്ടിയുടെ മടിയിൽ കയറി തോളിൽ ചാരി കിടന്നു.

"വാ...അമ്മ പാട്ടു പാടി തരാം.." രാധിക പിന്നെയും വിളിച്ചു.

"വേണ്ട..ഇന്ന് അങ്കിൾ പാടിയാ മതി." അതും പറഞ്ഞു ജോസൂട്ടിയുടെ മുഖത്തേക്ക് നോക്കി. "പൊന്നൂസിന് അങ്കിൾ പാട്ട് പാടി ത്താ..."

www.kambistories.com | www.kambikuttan.net

ജോസൂട്ടിക്ക് ആ കുഞ്ഞി മുഖത്തേക്ക് നോക്കി ഇല്ല എന്ന് പറയാന് പറ്റുമായിരുന്നില്ല.

"മോള് കണ്ണടച്ചോ..അങ്കിൾ പാടിത്തരാം.."

ജോസൂട്ടി ആ കുഞ്ഞിന്റെ തലയിൽ തലോടി പാടിതുടങ്ങി. അവനു ഏറ്റവും പ്രിയപ്പെട്ട പാട്ടുകളിൽ ഒന്നായ മഴത്തുള്ളിക്കിലുക്കത്തിലെ തേരിറങ്ങും മുകിലേ... എന്ന പാട്ടാണ് അവൻ പാടിയത്.

"തേരിറങ്ങും മുകിലേ.. മഴ തൂവലോന്നു തരുമോ..നോവലിഞ്ഞ മിഴിയിൽ..ഒരു സ്നേഹനിദ്രയെഴുതാൻ...." അവൻ ആ പാട്ടു പകുതിയോളം പാടി...അവന്റെ പാട്ടിൽ ലയിച്ചു പ്രകൃതി പോലും ഒരുനിമിഷം മൗനമായി. ചീവീടുകൾ പോലും നിശ്ശബ്ദതരായി ആ സമയത്തു.

രാധിക അത്ഭുതമൂറുന്ന കണ്ണുകളുമായി ജോസൂട്ടിയെ നോക്കി നിക്കുവായിരുന്നു. അവൾക്ക് അതൊരു പുതിയ അറിവായിരുന്നു. ജോസൂട്ടിയുടെ സംഗീതം, അതിന്റെ മാസ്മരികത..അവളെ ശരിക്കും അത്ഭുതപ്പെടുത്തി. അവൾ പൊന്നൂസിനെ നോക്കി. അവൾ ശരിക്കും കണ്ണുകളടച്ചു

ശാന്തമായ നിദ്രയിലേക്ക് വീണിരുന്നു. ഒരുനിമിഷം ജോസൂട്ടിയുടെ നെഞ്ചിൽ ചാഞ്ഞുറങ്ങുന്ന പൊന്നൂസിനെ കണ്ടപ്പോൾ രാധികയുടെ കണ്ണുകളിൽ കണ്ണീരുറവ പൊട്ടി. അവൾ കണ്ണുകൾ തുടച്ചു ജോസൂട്ടിയുടെ കൈകളിൽ നിന്നും കുഞ്ഞിനെ വാങ്ങി അകത്തു കൊണ്ടുപോയി കിടത്തി. വീണ്ടും അവൾ സോഫയിൽ ജോസൂട്ടിയുടെ എതിരെ വന്നിരുന്നു. അപ്പോഴും അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

"എന്താ ചേച്ചി.. കണ്ണുകൾ നിറഞ്ഞിരിക്കുന്നെ...എന്നാ പറ്റിയെ.." ജോസൂട്ടി ഒന്നും മനസിലാകാതെ ചോതിച്ചു.

"ഞാൻ എന്തൊക്കെയോ ആലോചിച്ചുപോയി. എന്റെ ജീവിതം ഇപ്പൊ ഒരുപാട് പ്രശ്നങ്ങൾക്ക് നടുവിലാ ജോസൂട്ടി. നിനക്കറിയില്ല ഒന്നും. ഇപ്പൊ എനിക്കതുപറയാൻ നീ മാത്രേ ഉള്ളു ജോസൂട്ടി"...രാധിക അത് പറഞ്ഞപ്പോഴേക്കും ശരിക്കും വിതുമ്പി പോയിരുന്നു.

ജോസൂട്ടിക്കത്തുകണ്ടപ്പോ സഹിക്കാനായില്ല. അവൻ എഴുന്നേറ്റു വന്നു അവളുടെ മുഖം അവന്റെ കൈകളിൽ കോരി എടുത്തു. എന്നിട്ടാ കണ്ണുനീർ അവന്റെ വിരലുകൾ കൊണ്ടവാൻ തുടച്ചുമാറ്റി.

www.kambistories.com | www.kambikuttan.net

"ചേച്ചിയെന്തിനാ കാരയുന്നെ. ഞാനില്ലേ ഇവിടെ . എന്നോട് പറ എന്നാ പ്രശ്നമെന്ന്. ഞാനുണ്ടാവും ചേച്ചിയുടെ കൂടെ." അവൻ അവളെ സമാധാനിപ്പിച്ചുകൊണ്ട പറഞ്ഞു.

രാധിക കണ്ണുകൾ തുടച്ചുകൊണ്ടു എഴുന്നേറ്റു. എന്നിട്ട് പറയാൻ ആരംഭിച്ചു.

"ഞാൻ നല്ല സാമ്പതികമുള്ള ഒരു മേനോൻ കുടുംബത്തിലാ ജനിച്ചത്. ഡിഗ്രി ചെയ്യുമ്പോഴായിരുന്നു ഞാൻ എന്റെ ജേക്കബ് ഇച്ഛായനെ കാണുന്നത്. വളരെ പെട്ടെന്ന് തന്നെ ഞങ്ങൾ പ്രണയത്തിലായി. രണ്ടു മതങ്ങൾ ആയിരുന്നതുകൊണ്ട ഞങ്ങളുടെ വീട്ടുകാർ ഒരിക്കലും ഇതിനു സമ്മതിക്കില്ല എന്ന് ഞങ്ങൾക്കറിയാമായിരുന്നു. എന്നാലും ഞങ്ങൾ പ്രണയിച്ചു. കല്യാണ പ്രായമായപ്പോൾ വിചാരിച്ചിരുന്നപോലെ തന്നെ രണ്ടുപേരുടെയും വീട്ടുകാർ സമ്മതിച്ചില്ല. അവസാനം ഞങ്ങൾ ആരുമറിയാതെ വിവാഹം രജിസ്റ്റർ ചെയ്തു. രണ്ടുപേരുടെയും വീട്ടുകാർ ഞങ്ങളെ എഴുതിതള്ളി. എന്നിരുന്നാലും ഞങ്ങൾ ഒത്തിരി സന്തോഷത്തോടെയാണ് ജീവിച്ചത്. എനിക്ക് ഒരു കുറവും ഇഛായൻ വരുത്തിയിട്ടില്ല. പൊന്നൂസ് ജനിച്ചപ്പോ ഞങ്ങളുടെ ജീവിതം ശരിക്കും സ്വർഗ്ഗതുല്യമായിരുന്നു. ഇഛായന് ഏറ്റവും ഇഷ്ടപ്പെട്ട പേരായിരുന്നു ആലീസ്. ഇച്ഛായന്റെ പെങ്ങളുടെ പേരാണ് അത്. അതുകൊണ്ടാ പൊന്നൂസിന് ആലീസ് എന്ന പേരിട്ടത്. അവളുടെ മാമ്മോദീസയും ഞങ്ങൾ നടത്തിയതാ. ഇച്ഛായന്റെ ഇഷ്ടത്തിന് എനിക്ക് ഒരിക്കലും എതിരില്ലായിരുന്നു. പക്ഷെ എല്ലാം മാറിമാറിഞ്ഞത് പെട്ടന്നായിരുന്നു. ഒരാക്സിഡന്റു. ഇഛായൻ ഞങ്ങളെ വിട്ടു എന്നന്നേക്കുമായി പോയി. അവൾക്ക് 3 വയസുള്ളപ്പോളായിരുന്നു അത്.

ഞാനും മോളും ഒറ്റക്കായി. ആരും സഹായിക്കാനില്ലാതെ. ഒരുതുണ്ടു ഭൂമിയില്ലാ..ഒരു വീടില്ല...എങ്ങനെ ജീവിക്കും..ഒടുവിൽ ഇച്ഛായന്റെ ഒരു പരിജയക്കാരൻ വഴി കിട്ടിയതാണ് ഈ ജോലി. ഇത് വാടക വീടാണ്. ഞാനും മോളും ഇങ്ങനെ എത്രകാലം ജീവിക്കും. മറ്റൊരു കല്യാണത്തെ കുറിച്ച് ചിന്തിച്ചതാ.. പക്ഷെ വന്നവരെല്ലാം നോക്കിയത് എന്റെ ശരീരത്തിലേക്കാ. എന്നെ മടുക്കുമ്പോ ചിലപ്പോ എന്റെ മോള് , അവളുടെ ഭാവിയും തുലയും. ഇവിടെ തന്നെയുണ്ട് ഒരു തമിഴൻ. ഞാൻ പുറത്തുപോകുമ്പോഴും വരുമ്പോഴും മുന്നിൽ എവിടേലും നിന്ന് നോക്കും. അവനെ കാണുന്നതെ എനിക്കറപ്പാ.. അവന്റെ നോട്ടവും വല്ലാത്തതാ.. ഇവിടെ ഞാനും മോളും മാത്രം. എനിക്ക് പേടിയാ ജോസൂട്ടി. അവനെങ്ങാനും രാത്രി ഇങ്ങോട്ട് കേറി വന്നാ ഞാനെന്തു ചെയ്യും. ഇപ്പോഴുള്ള അവന്റെ ഭാവങ്ങളൊക്കെ കണ്ടാ അവൻ എന്തൊക്കെയോ ഉറപ്പിച്ചപോലെയാ...എനിക്കെല്ലാരെയും പേടിയാ... ജോസൂട്ടിയെ കണ്ടപ്പോ.. മിണ്ടിയപ്പോ.. ജോസൂട്ടിയുടെ സ്വഭാവം അറിഞ്ഞപ്പോ...നീയെനിക്ക് ആരൊക്കെയോ ആണെന്ന് തോന്നിപോയെടാ.."അതും പറഞ്ഞു രാധിക തേങ്ങി കരഞ്ഞു...

പെട്ടെന്നാണ് വീടിന്റെ കാലിങ് ബെൽ മുഴങ്ങിയത്. പെട്ടെന്ന് രണ്ടുപേരും ഞെട്ടിപ്പോയി. പിന്നെ സ്വബോധം വീണ്ടെടുത്ത് രാധിക ഡോറിന്റെ അടുത്തേക്ക് പോയി. ജോസൂട്ടി സോഫയിൽ ഇരുന്നു. അവൾ പറഞ്ഞ കാര്യങ്ങൾ അവന്റെ മനസിലൂടെ ഒഴുകി നടക്കുവായിരുന്നു. ശരിക്കും രാധിക ചേച്ചിയുടെ ജീവിതം ഒത്തിരി വേദന നിറഞ്ഞതാണെന്നു അവനു തോന്നി.

www.kambistories.com | www.kambikuttan.net

രാധിക വാതിൽ തുറന്നു. മുന്നിൽ നിക്കുന്ന ആളെ കണ്ടു അവളുടെ നാഡികൾ തളരുന്നതുപോലെ തോന്നി അവൾക്ക്. പേടിച്ചിരുന്നത് മുന്നിൽ വന്നു  നിൽക്കുന്നു. ഇരുട്ടിന്റെ മറവിൽ നിന്നും അയാൾ വെളിച്ചത്തേക്ക് നീങ്ങി നിന്നു. അപ്പോഴും അവിടെ ഇരുട്ടാണെന്നു തോന്നി. അല്ല, അതയാളുടെ നിറമാണ്. ഇരുട്ടിന്റെ നിറം. ചവന്ന കണ്ണുകൾ. ചെറുതായി നര വന്ന മുടി. മുറുക്കാൻ ചവച്ചു ചുവന്ന പല്ലുകൾ. അതികം തടിച്ചതല്ലാത്ത എന്നാൽ മേലിഞ്ഞതുമല്ലാത്ത ശരീരം. മുണ്ടും പഴകിയ ഒരു ഷാർട്ടുമാണ് വേഷം. അതിന്റെ അഴുക്കു മണം അവിടെ അറിയുന്നുണ്ട്.അയാൾ ഒരു വഷളച്ചിരിയോടെ രാധികയെ നോക്കി.

"നാഗച്ഛാമി" അവളുടെ അധരങ്ങൾ അറിയാതെ മന്ത്രിച്ചു.

"എന്നമ്മാ... സൗഖ്യമാ..."അവൻ വല്ലാത്തൊരു ചിരിയോടെ ചോതിച്ചു.

"നിനക്കെന്താ ഇവിടെ കാര്യം. പോ വേഗം..."അവൾ ധൈര്യം സംഭരിച്ചു പറഞ്ഞു.

"റൊമ്പ നാളാച്ചു ഉങ്കളെ നാൻ തനിയെ പാക്ക വിതുമ്പറെ..ഉന്നുടെ ഈ പൂമേനി നാനോന്നു പാക്കട്ടുമാ..."അവൻ അല്പം മുന്നോട്ട് കേറിയാണ് അതുപറഞ്ഞത്.

രാധിക പേടിച്ചു പിന്നോട്ട് വെച്ച് പോയി.

അയാൾ കാമം നിറഞ്ഞ ചുവന്ന കണ്ണുകളുമായി മുന്നോട്ടുവന്നു. അയാളുടെ വൃത്തിഹീനമായ കൈകൾ അവളുടെ നൈറ്റിയിലേക്ക് പിടിക്കാനായി നീങ്ങി.

പെട്ടെന്നാണ് അത് സംഭവിച്ചത്. ഒരലർച്ചയോടെ നാഗച്ഛാമി മലർന്നടിച്ചു വീണു. അത് ജോസൂട്ടിയുടെ കൈകളായിരുന്നുവെന്നു രാധിക തിരിച്ചറിഞ്ഞു. നിലത്തിവീണ നാഗാചാമിക്ക് കുറച്ചു സമയത്തേക്ക് ഒന്നും മനസിലായില്ല. ഒരു കൂടം വന്നു തലക്ക് വീണ പോലെ. ഏതൊക്കെയോ ഭാഗത്തുനിന്ന് കിളി പോയപോലെ.

"ഞാൻ നീ എവിടം വരെ പോകുമെന്ന് നോക്കുവായിരുന്നു. കള്ള പാണ്ടി...നിനക്കെന്റെ ചേച്ചിയുടെ ശരീരം വേണമല്ലേ.."ജോസൂട്ടി അതും പറഞ്ഞു നാഗാചാമിയുടെ കോളറിൽ പിടിച്ചു പൊക്കി. അരിശം മൂത്ത ആ തമിഴൻ ജോസൂട്ടിയെ അടിക്കാനായി കൈ ഓങ്ങി. ജോസൂട്ടി അത് മനസിലാക്കി അവന്റെ കൈ തന്റെ വലതുകൈ കൊണ്ട് പിടിച്ചു കരണം നോക്കി ഓങ്ങി ഒന്ന് കൊടുത്തു. ആ ഒറ്റ അടിക്കുതന്നെ അവന്റെ വായീന്നും മൂക്കീന്നും ചോര വരാൻ തുടങ്ങി. പിന്നെ അവനെ പിടിച്ചു പുറത്തേക്ക് വലിച്ചെറിഞ്ഞു. ഒരു പൂ പറിച്ചെറിയുന്ന ലാഘവത്തോടെ.

www.kambistories.com | www.kambikuttan.net

"നിനക്ക് വേണ്ടത് ഇതൊന്നുമല്ല" എന്നും പറഞ്ഞു അവൻ നാഗചാമിയുടെ സാമാനത്തിനു തന്നെ ശക്തമായൊരു ചവിട്ടു കൊടുത്തു. തമിഴന്റെ രണ്ടു കണ്ണുകളും തുറിച്ചു വെളിയിൽ വന്നു. കൈകൾ കൊണ്ട് അവന്റെ ആണ്ടിയും പൊത്തിപ്പിടിച്ചു അവിടിരുന്നുപോയി.

"ചേച്ചി.. അകത്തുപോയി ഇച്ചിരി മുളകുപൊടി എടുത്തു വാ..ഇവനിത് പോരാ." ജോസൂട്ടി രാതികയോടായി പറഞ്ഞു. അവൾ ഈ ലോകത്തെങ്ങുമല്ലായിരുന്നു. ജോസൂട്ടി ശരിക്കും അവളെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. അവൻ ഒരു പാഞ്ച പാവമാണെന്നാണ് അവൾ കരുതിയത്. പക്ഷെ ജോസൂട്ടി എല്ലാം മാറ്റിയിരിക്കുന്നു.

"വേണ്ട ജോസൂട്ടി. അവനെ വിട്ടേക്ക്.." അവൾ പേടിയോടെ പറഞ്ഞു.

"ഇല്ല ചേച്ചി..ചേച്ചിയെ അവന്റെ കാമ കണ്ണുകൾ കൊണ്ടുനോക്കിയ അവന്റെ കണ്ണുകൾ ഇനി വേണ്ട..ചേച്ചി പോയി എടുത്തിട്ട് വാ.."

രാധിക പിന്നെ മറുത്തൊന്നും പറയാതെ ആകത്തുപോയി മുളകുപൊടിയുമായി വന്നു.

"ഒന്നും പണ്ണിടാതെ സാർ. നാണി ഊരെ കളമ്പി പോയിടാം സാർ."തമിഴൻ മലയാളവും തമിഴും കലർന്ന രീതിയിൽ പറഞ്ഞു.

" അതല്ലേലും നീ പോണം. നിന്നെ ഈ നാട്ടിലെന്നല്ല, കേരള സംസ്ഥാനത്തു കണ്ടാ ഉന്നുടെ അണ്ടി ചെത്തി ഞാൻ പട്ടിക്കിട്ടുകൊടുക്കും. എന്നാലും ഇതിനു നിനക്ക് ശിക്ഷ വേണം. അവൻ കൈകളിൽ അൽപ്പം മുളകുപൊടി എടുത്തു. നാഗച്ഛാമി കൈ കൊണ്ട് മുഖം പൊത്തി. ജോസൂട്ടി കാലുകൊണ്ട് വയറിനു ഒരു തൊഴികൂടി കൊടുത്തു. അവൻ വേദന കൊണ്ട് കൈ വയറിൽ അമർത്തിപിടിച്ചു. ആ തക്കത്തിനു അവന്റെ കണ്ണുകളിൽ മുളകുപൊടി വിതറി.

"അയ്യോ...അമ്മാ.."തമിഴൻ കണ്ണും പൊത്തി നിലവിളിച്ചു.

"ഓടടാ...നിന്നെ ഇനി ഒരിക്കലും കാണരുത്. ഞാൻ ഇനി ഇവിടുണ്ടാകും.." ജോസൂട്ടി അവനൊരു തൊഴിയും കൂടി കൊടുത്തുകൊണ്ട് പറഞ്ഞു. നാഗച്ഛാമി വെളിയിലിറങ്ങി ഓടിമറഞ്ഞു.

ജോസൂട്ടി അകത്തേക്ക് കടന്നു. പുറകെ രാധികയും. അവളാകെ അമ്പരപ്പിലായിരുന്നു. ജോസൂട്ടിയുടെ മറ്റൊരു മുഖം. അതവളെ ശരിക്കും അതിശയിപ്പിച്ചു.

www.kambistories.com | www.kambikuttan.net

"ചേച്ചിക്ക് പോലീസിൽ ഒരു കംപ്ലൈന്റ്റ് കൊടുക്കത്തിലായിരുന്നോ"അവൻ രാധികയോട് ചോതിച്ചു.

"ഞാൻ കൊടുക്കാൻ ഇരിക്കുവായിരുന്നു. ഇന്ന് നീ ഇവിടില്ലായിരുന്നേൽ... ഹോ. ..എനിക്കത് ആലോചിക്കാൻ കൂടി വയ്യ..."അവൾ അതും പറഞ്ഞു സോഫായിലിരുന്നു തേങ്ങി.

"അതിനിപ്പോ ഒന്നും പട്ടിയില്ലല്ലോ. ഞാൻ പറഞ്ഞില്ലേ ഞാനുണ്ടെന്നു.. പിന്നെന്നാ.. കരയാതെ.."ജോസൂട്ടി അവളെ ആശ്വസിപ്പിച്ചു.

"അതുകൊണ്ടാ ജോസൂട്ടി ഞാൻ പലപ്പോഴും ആഗ്രഹിച്ചേ, ഒരു ആൺ തുണ ഉണ്ടായിരുന്നെങ്കിൽ എന്ന്. ഞാനും ഒരു പെണ്ണാ. ആഗ്രഹങ്ങളും വികാരങ്ങളുമെല്ലാം എനിക്കും ഉണ്ട്. തളർന്നിരിക്കുമ്പോ കെട്ടിപ്പിടിച്ചൊന്ന് ആശ്വസിപ്പിക്കാൻ, സ്നേഹത്തോടെ ഒന്ന് തലോടാൻ, ഒന്ന് ചുംബിക്കാൻ ഒരാണുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ഒരുപാട് ആശിച്ചിട്ടുണ്ട്. ഇച്ചായൻ പോയെ പിന്നെ എന്റെ മനസുകൊണ്ടന്ഗീകരിക്കാൻ ഞാൻ മറ്റൊരാളെ കണ്ടിട്ടില്ല. പക്ഷെ ഇപ്പൊ നീ. നിന്റെ സാന്നിധ്യം ഞാൻ അറിയാതെ ആഗ്രഹിച്ചു പോകുവാ ജോസൂട്ടി. പറ്റുവോ ജോസൂട്ടി

എന്നെയൊന്നു സ്നേഹത്തോടെ കെട്ടിപ്പിടിക്കാൻ, ഒരു ചുമ്പനം തരാൻ"... അവൾ അതും പറഞ്ഞു മുഖം പൊത്തി കരഞ്ഞു.

അവളുടെ ആ വാക്കുകൾ ജോസൂട്ടിയിൽ ഞെട്ടലാണുണ്ടാക്കിയത്. പലപ്പോഴും അവൾ അവന്റെ മനസിളക്കാൻ കാരണമായിട്ടുണ്ടെങ്കിലും ഇതവനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

"അത്...നമ്മൾ..അത് തെറ്റല്ലേ ചേച്ചി." അവൻ എങ്ങനെയോ അത് ചോതിച്ചു.

"എന്താണ് ജോസൂട്ടി തെറ്റും ശരിയും. എനിക്കിപ്പോ ദൈവത്തിൽ പോലും വിശ്വാസമില്ല. അങ്ങാനൊരാളുണ്ടായിരുന്നേൽ എനിക്കിങ്ങനെ ഒരു ജീവിതം തരുമായിരുന്നോ. ഞാൻ പറഞ്ഞത് ജോസൂട്ടിയുടെ മതപരമായി തെറ്റുതന്നെയാണ്. പക്ഷെ യഥാർത്ഥത്തിൽ തെറ്റെന്താണ് ജോസൂട്ടി. നമ്മുടെ ഏതെങ്കിലും ഒരു പ്രവൃത്തി മറ്റാർക്കെങ്കിലും അല്ലെങ്കിൽ നമ്മുടെ മനസിനോ ശരീരത്തിനോ ദോഷകരമായി തീർന്നാൽ അതല്ലേ. ഇവിടെ ഇത് നമ്മളെ മാത്രം ബാധിക്കുന്നതല്ലേ. ഒരർത്ഥത്തിൽ എല്ലാ തുണയും നഷ്ടപ്പെട്ട എന്നെ സഹായ്ക്കുവല്ലേ നീ ചെയ്യുന്നത്. ഒരിക്കലും എന്നെ വിവാഹം കഴിക്കാനൊന്നും ഞാൻ പറയില്ല. മറ്റുള്ളവരുടെ മുമ്പിലൊന്നും വേണ്ട. എന്റെ മനസ്സിനെ മാത്രം ബോധ്യപ്പെടുത്താൻ, ഞാനൊറ്റക്കല്ല എന്ന്.. നീ മറ്റൊരു ജീവിതത്തിലേക്ക് പ്രവേശിക്കുന്നത് വരെഎങ്കിലും. പറ്റുവോ ജോസൂട്ടി നിനക്ക്...."അവൾ അത്രേം പറഞ്ഞു തേങ്ങി തേങ്ങി കരഞ്ഞു.

www.kambistories.com | www.kambikuttan.net

ജോസൂട്ടിയുടെ ചിന്തകൾ പലവഴിക്കു തിരിഞ്ഞു. തെറ്റും ശരിയും അവനു തിരിച്ചറിയാനായില്ല. ഇപ്പൊ തന്റെ അവഗണന ചെചിയ്ക്കു താങ്ങാൻ കഴിയില്ല എന്നവനറിയാം. കുറച്ചുകാലം കൊണ്ട് തനിക്കാരൊക്കെയോ അയി മാറിയ തന്റെ രാധിക ചേച്ചിയെ ഒരിക്കലും വേദനിപ്പിക്കാൻ മാത്രം തനിക്ക് കഴിയില്ല എന്നവനറിയാം. അവരുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഇപ്പൊ തനിക്ക് നന്നായി അറിയാം, താനത് നേരിൽ കണ്ടതാണ്. അന്നാദ്യമായി അവൻ അവന്റെ മനഃസാക്ഷിയുടെ സ്വരം കേട്ടില്ല എന്ന് നടിച്ചു. അതിന്റെ വരും വരായ്കകൾ അവൻ ചിന്തിച്ചില്ല.

മുഖം കൈകളിൽ പൊത്തിപിടിച്ചു തെങ്ങിക്കരയുന്ന രാധികയുടെ അടുത്തേക്ക് അവൻ ചുവടുകൾ വച്ചു. അവൻ അവൾക്ക് മുമ്പിൽ മുട്ടുകുത്തി നിന്ന് അവളുടെ മുഖം അവന്റെ കൈകളിൽ കോരി എടുത്തു.

"ഇനി എന്റെ രാധിക ചേച്ചി കാരയല്ല്. ഞാനതിന് സമ്മതിക്കില്ല. ഇനി ഈ ജോസൂട്ടിയുണ്ടാകും കൂടെ. ചേച്ചി എന്നെ ഏതു രീതിയിൽ ആഗ്രഹിക്കുന്നുവോ..ആ രീതിയിൽ..ഇനി കരയരുത്..." അവൻ അവളുടെ കണ്ണുകൾ തുടച്ചുകൊണ്ടു പറഞ്ഞു.

അവൾ വിശ്വാസം വരാത്തപോലെ അവന്റെ കണ്ണുകളിലേക്ക് നോക്കി. അവൻ അവളെ നോക്കി പുഞ്ചിരിക്കുവാണ് ചെയ്തത്.

"സത്യല്ലേ..എന്നെ കളിപ്പിക്കാനല്ലല്ലോ..." അവൾ ചോദിച്ചു.

" സത്യം...ചേച്ചിയോട് ഞാൻ കള്ളം പറയില്ല"

അവൾ നിറകണ്ണുകളോടെ അവനെ നോക്കി പുഞ്ചിരിച്ചു. അവൾ കൈകൾ അവന്റെ തൊളിന്റെ ഇരുവശത്തും വച്ചു.

"എന്നാലേ..എനിക്കൊരു ഉമ്മ താ.."അവൾ നാണത്തോടെയാണ് അത് പറഞ്ഞത്.

അത് ജോസൂട്ടിയെ ശരിക്കും ഞെട്ടിച്ചു. ഇതുവരെ ഒരിക്കലും ചെയ്യാത്ത കാര്യം. എന്നാലും പറയുന്നത് തന്റെ രാധിക ചേച്ചിയാണ്. അവർക്ക് എന്താണേലും ഞാൻ കൊടുക്കും .പിന്നെ അവൻ മറ്റൊന്നും ആലോചിച്ചില്ല. അവളുടെ മുഖം കൈകുമ്പിളിലാക്കി അവളുടെ നെറ്റിയിൽ അവന്റെ ചുണ്ടുകൾ ചേർത്തു. അവന്റെ ആദ്യ ചുംബനം. ശരിക്കും അത് അവനെ ഒത്തിരി വികാര ഭരിതനാക്കി.

www.kambistories.com | www.kambikuttan.net

"അവിടല്ല...ഇവിടെ.."അവൾ കുഞ്ഞിക്കുട്ടികളെ പോലെ ചിണുങ്ങിക്കൊണ്ട അവളുടെ ഞാവൽ പഴം പോലുള്ള ചുണ്ടുകളിൽ തൊട്ടുകാണിച്ചുകൊണ്ടു പറഞ്ഞു.

ജോസൂട്ടിയുടെ തൊണ്ട വറ്റി. ഇതുവരെ തോന്നാത്ത എന്തോ അവനിൽ നിറയുന്നതായി അവനു തോന്നി. അവൻ എല്ലാം മറന്നു അവളുടെ ചുണ്ടുകളിലേക്ക് അവന്റെ ചുണ്ടുകൾ അടുപ്പിച്ചു. അവളുടെ ചുണ്ടുകളിൽ ഒന്ന് മുട്ടിയതെ ഉള്ളു. രധിക അവന്റെ മുഖം അവളുടെ കൈകളിൽ കോരി എടുത്തു അവന്റെ ചുണ്ടുമുഴുവൻ അവളുടെ വായ്ക്കകത്താക്കി. അവന്റെ ഉമിനീർ അവൾ നാക്കുകൊണ്ടു വടിച്ചെടുത്തു.. ജോസൂട്ടിയുടെ ഉള്ളിൽ വൈദ്യുദി പ്രവഹിക്കുന്നതുപോലെ അവനു തോന്നി. അവന്റെ ആണത്തം അവന്റെ പാന്റിനുള്ളിൽ തല പൊക്കി. വികാരങ്ങളുടെ വേലിയേറ്റം അവന്റെ ഉള്ളിൽ രൂപപ്പെടുകയായിരുന്നു. ഒരു വലിയ ടാം തുറന്നു വിട്ടപ്പോലെ അവനിലെ കാമം അണപ്പൊട്ടിയൊഴുകി. അടിച്ചമർത്തിവച്ച എല്ലാ വികാരങ്ങളും അവന്റെ ഉള്ളിൽ തകിട്ടി വന്നു. ഇതുവരെ അപരിചിതമായിരുന്ന പെണ്ണിന്റെ ചൂട് ഇത്രേം സുഖകരമായിരുന്നു എന്നവനറിയില്ലായിരുന്നു. അവനും ആവേശത്തോടെ അവളുടെ ചുണ്ടുകൾ

ചപ്പിവലിച്ചു. മേല്ചുണ്ടും കീഴച്ചുണ്ടും മാറി മാറി നുണഞ്ഞു. അവളും മത്സരിച്ചു അവനെ ചുംബിച്ചു. അവളുടെ ഉള്ളിൽ ഉറങ്ങിക്കിടന്ന വികാരങ്ങൾ അവൻ ഉണർത്തുകയായിരുന്നു.

കുറച്ചുനേരം അവർ മത്സരിച്ചു ചുംബിച്ചുകൊണ്ടിരുന്നു. രണ്ടുപേർക്കും കിതപ്പ് തോന്നിയപ്പോഴാണ് അടർന്നുമാറിയത്. അവൾ അവന്റെ കണ്ണുകളിൽ നോക്കി.

"റൂമിൽ പോകാം"..അവൾ വിറച്ചുകൊണ്ടാണ് അതുപറഞ്ഞത്.

"ഇപ്പൊ അങ്കിൽ വന്നില്ലേ. ഇനി എന്റെ പൊന്നൂസ് ഉറങ്ങിക്കോ ട്ടോ"

"അങ്കിൾ ഒരു പാട്ട് പാടിത്തന്ന പൊന്നൂസ് ഉറങ്ങാം.."അവൾ ചിണുങ്ങിക്കൊണ്ട പറഞ്ഞു.

"അയ്യേ..ഇവിടുന്നോ.. ഈ ആന്റിയോക്കെ അങ്കിളിനെ കളിയാക്കും. "

"പറ്റില്ല..അങ്കിൾ പാടിയാലേ പൊന്നൂസ് ഉറങ്ങൂ.." അവൾ വാശിപിടിച്ചുകൊണ്ടു പറഞ്ഞു. അവൻ ഡയാനയുടെ മുഖത്തേക്ക് നോക്കി. അവൾ ഒന്ന് പുഞ്ചിരിക്കുക മാത്രമാണ് ചെയ്തത്.

അവൻ ആ കുഞ്ഞിനുവേണ്ടി ഒരു മനോഹരമായ താരാട്ടുപാട്ടു വളരെ നേർത്ത ശബ്ദത്തിൽ പാടി. അവന്റെ ഒരു മൂളൽ മതിയായിരുന്നു ആ കുഞ്ഞിന്റെ കണ്ണുകൾ നിദ്ര പൂകാൻ.. അവന്റെ

ശബ്ദമാധുര്യത്തിൽ ഡയാനയും രാധികയും ലയിച്ചു പോയി. ജോസൂട്ടി ശരിക്കും ഒരത്ഭുത മനുഷ്യനാണ് എന്നിവർക്കു തോന്നി.

"ഡോക്ടർ എന്ത് പറഞ്ഞു ചേച്ചി" അവൻ രാധികയോടായി ചോദിച്ചു.

"കുഴപ്പോന്നൂല്ലട..പെട്ടെന്ന് കാലാവസ്ഥ മാറിയപ്പോ ഉണ്ടായതാ. വന്നപ്പോ നല്ലപോലെ ചുട്ടുപൊള്ളുന്നുണ്ടായിരുന്നു. ഒരു ഡോസ് മരുന്ന് കൊടുത്തപ്പോ തന്നെ കുറഞ്ഞു. ഇപ്പൊ കണ്ടില്ലേ. നാളെ പോയ മതിയെന്ന് ഡോക്ടർ പറഞ്ഞതുകൊണ്ടാ..നിങ്ങള് പൊയ്ക്കോ. ഇത്രേം രാത്രിയായില്ലേ.." രാധിക പറഞ്ഞു.

പെട്ടെന്ന് ഡയാനയുടെ ഫോൺ റിങ് ചെയ്തു. പാപ്പയാണ് അതെന്നു അവൾക്കു മനസിലായി. ഇത്രനേരമായി കാണാത്തകൊണ്ടു വിളിക്കുന്നതാ..അവൾ ഫോൺ അറ്റൻഡ് ചെയ്തു.

"എവിടാ മോളെ നീ..എത്ര നേരായ്.." ഫെർണാണ്ടസിന്റെ സ്വരം.

www.kambistories.com | www.kambikuttan.net

"ഞാൻ ഹോസ്പിറ്റലിലാ പപ്പാ..നമ്മുടെ ഓഫീസിലെ രാധിക ചേച്ചീടെ മോൾക്ക് ഒരു പനി. കാണാൻ വന്നതാ. ജോസൂട്ടിയുമുണ്ട. ഞാൻ അവന്റെ കൂടെ വന്നോളാ.. ഞങ്ങൾ ഇപ്പൊ തന്നെ ഇറങ്ങും. " അവൾ പറഞ്ഞു.

"നിനക്കെന്നു തുടങ്ങി ഈ ശീലങ്ങളൊക്കെ.." പപ്പയുടെ സ്വരത്തിൽ ആശ്ചര്യം.

"പോ..പപ്പാ..കളിയാക്കാതെ.." അവൾ അതും പറഞ്ഞു ഫോൺ വെച്ച്. അവൾ ജോസൂട്ടിയെ നോക്കി ഒന്ന് ചിരിച്ചു. അവനും.

"മ്...ശരി ചേച്ചി. ഞങ്ങൾ ഇറങ്ങുവാ. നാളെ ചേച്ചി ലീവ് എടുക്. ഡിസ്ചാർജ് ചെയ്യുമ്പോ എന്നെ വിളിക്കണം. ഞാൻ വന്നു കൊണ്ടോകാം.." ജോസൂട്ടി പൊന്നൂസിനെ ബെഡ്ഢിൽ കിടത്തികൊണ്ടു പറഞ്ഞു. അവൻ ആ നെറ്റിയിൽ വാത്സല്യപൂർവം ഒരു ചുംബനവും നൽകി.

"മ്.. ശരി..ഞാൻ വിളിക്കാം.." രാധിക മറുപടി പറഞ്ഞു.

"ശരി ചേച്ചി. എന്തേലും ആവശ്യം വന്നാ വിളിച്ച മതി. " ഡയാനയും യാത്ര പറഞ്ഞു.

ഹോസ്പിറ്റലിൽ നിന്നും ജോസൂട്ടിയും അവനെ ചുറ്റിപ്പിടിച്ചു ഡയാനയും അവന്റെ ബുള്ളറ്റിൽ യാത്രയാവുന്നത് രാധിക റൂമിന്റെ ജനാലയിലൂടെ നോക്കി നിന്നു. അവർ കണ്ണിൽ നിന്നും മറയുന്നതുവരെ അവളുടെ കണ്ണുകൾ അവരെ പിന്തുടർന്നു. തന്റെ കണ്ണുകളിൽ കൂടി മിഴിനീർക്കണങ്ങൾ ഒഴുകി ഇറങ്ങിയത് അവൾ അറിഞ്ഞില്ല. പക്ഷെ മനസിലെവിടെയോ ഒരു തേങ്ങൽ ഉയർന്നത് അവൾ അറിഞ്ഞു. അതെന്തുകൊണ്ടാണെന്ന് അവൾക്കു മനസിലായില്ല. ജോസൂട്ടിയോട് ഡയാനയെ കുറിച്ച് അങ്ങാനൊക്കെ പറഞ്ഞെങ്കിലും ജോസൂട്ടി നഷ്ടമാവുന്നത് തന്റെ ഹൃദയം പിളർന്നു പോകുന്നതിനു തുല്യമാണെന്ന് വേദനയോടെ അവൾ അറിഞ്ഞു.

....ബൈക്കിൽ ജോസൂട്ടിയോട് ചേർന്ന് ഇരിക്കുവായിരുന്നു ഡയാന. ഇപ്പോൾ അവൾ കൂടുതൽ സ്വാതന്ത്ര്യത്തോടെ അവനെ ഇറുക്കി പുണർന്നിരുന്നു.

"ജോസൂട്ടി....എന്നാടാ നീയിങ്ങനെ..." അവൾ സ്നേഹപൂർവ്വം ഒരു കൊഞ്ചലോടെ അവനോട് ചോതിച്ചു.

www.kambistories.com | www.kambikuttan.net

"എങ്ങനെ.." അവൻ മനസിലാകാത്ത പോലെ ചോതിച്ചു.

"എല്ലാർക്കും എന്തിഷ്ടടാ നിന്നെ. എനിക്ക് അസൂയ തോന്നുവാ നിന്നോട്. എല്ലാവരുടെയും ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുവല്ലേ .." അവൾ അതും പറഞ്ഞു അവനെ പിന്നനെയും ഇറുക്കി പുണർന്നു. ജോസൂട്ടി മറുപടി ഒന്നും പറഞ്ഞില്ല. അവന്റെ ഉള്ളിൽ രാധികയുടെയും പൊന്നൂസിനെയും പിന്നെ ഡയാനയുടെയും മുഖങ്ങൾ മാറിമാറി വന്നു. അവന്റെ ഉള്ളിൽ പല വിധത്തിലുള്ള ചോദ്യങ്ങൾ ഉയർന്നു. അവർ വീട്ടിലെത്തിച്ചേർന്നതറിഞ്ഞില്ല. അവരെ കണ്ടപ്പോ സെക്യൂരിറ്റി ഗേറ്റ് ഓപ്പൺ ചെയ്തു കൊടുത്തു. മുമ്പിൽ തന്നെ അവരെയും നോക്കി ഫെർണാണ്ടസ് സാർ നിന്നിരുന്നു. അയാൾ ജോസൂട്ടിയെ നോക്കി ഒന്ന് ചിരിച്ചു.

"എങ്ങനെ സാധിച്ചഡോ ഇവളെ ഇങ്ങനെ മാറ്റിയെടുക്കാൻ. " അയാൾ ആശ്ചര്യത്തോടെ ചോതിച്ചു.

അതിനു മറുപടിയായി അവൻ ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

" ഞാൻ ഇറങ്ങട്ടെ സാർ." അവൻ അതും പറന്നു പോകാനായി ഭാവിച്ചു.

"മ്.. ശരി.." ഫെർണാണ്ടസ് ഡയാനയേയും കൂട്ടി ഉള്ളിലേക്ക് നടന്നു. അവൾ തിരിഞ്ഞു അവനെ നോക്കി മനോഹരമായി ഒന്ന് ചിരിച്ചു. അവൻ തിരിച്ചും. അവൻ ഗേറ്റിനടുത്തെത്തിയപ്പോൾ ബൈക്ക് നിർത്തി ആ വലിയ വീട്ടിലേക്കു ഒന്ന് തിരിഞ്ഞു നോക്കി. അതിന്റെ രണ്ടാം നിലയിലായി ജനാലക്കടുത്തു സുന്ദരമായ രണ്ടു മിഴികൾ അവൻ കണ്ടു. ഡയാനയുടെ സുന്ദര മിഴികൾ അവനെ തന്നെ നോക്കുകയാണ്. അതിൽ സൗഹൃദത്തിനുമപ്പുറം മറ്റെന്തോ ഉണ്ടെന്നു അവനു തോന്നി. അവൻ കണ്ടെന്നു മനസിലായപ്പോ അവൾ പുഞ്ചിരിയോടെ അവനെ കൈ വീശി കാണിച്ചു. നിർവികാരതയോടെ അവനും. അവന്റെ മനസ് അവനുപോലും മനസിലാക്കാൻ സാധിക്കുന്നണ്ടായിരുന്നില്ല.

കോട്ടേഴ്സിൽ എത്തിയപ്പോഴും ജോസൂട്ടിയുടെ മനസ് കലുഷിതമായിരുന്നു. വ്യക്തമായ തീരുമാനങ്ങളൊന്നും എടുക്കാൻ കഴിയാത്ത അവസ്ഥ. ഡയാനയുമൊത്തുള്ള നിമിഷങ്ങൾ അവന്റെ മനസിലൂടെ കടന്നുപോയി. അവൾ തന്നോട് വല്ലാതെ അടുത്തിരിക്കുന്നു. അവിടെനിന്നും പോരുമ്പോൾ ജനാലകൾക്കരികിൽ തന്നെ അവൾ നോക്കി ഇരുന്നത് അവൻ ഓർത്തു. നാണവും ചെറു പുഞ്ചിരിയും കലർന്ന അവളുടെ മുഖഭാവം. ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും സുന്ദരമായത് അവളുടെ ആ മുഖമാണെന്നു അവനു തോന്നിപ്പോയി. നഗ്നമായ ദേഹത്തു മഞ്ഞുത്തുള്ളികൾ വീണപോലെ അവന്റെ ശരീരം കോരിത്തരിച്ചു. പക്ഷെ.....മനസിന്റെ ഏതോ കോണിൽ ഒളിച്ചിരുന്ന രാധികയുടെ മുഖം അവന്റെ ഉള്ളിൽ തെളിഞ്ഞുവന്നു. തന്റെ രാധിക ചേച്ചി..പൊന്നൂസ്....അവരുടെ അവസ്ഥ അവനെ അസ്വസ്ഥനാക്കി. ഇപ്പൊ ഈ ഭൂമിയിൽ അവർക്കു താങ്ങായി താൻ മാത്രേ ഉള്ളു. തന്റെ ശരീരത്തിനാധ്യമായി ചൂടുപകർന്ന രാധികയുടെ മുഖം കണ്ണീരാൽ നിറയുന്നത് അവനു സങ്കൽപ്പിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്തായാലും കാലം തനിക്കുവേണ്ടി കരുതിവെച്ചരിക്കുന്നതെന്താണെന്നു കാലം തന്നെ തെളിയിക്കട്ടെ എന്ന ചിന്തയിൽ അവൻ കിടന്നു. എപ്പോഴോ അവൻ നിദ്രയിലേക്ക് വഴുതിവീണു.

www.kambistories.com | www.kambikuttan.net

അതെ സമയം ഡയാന ബെഡ്‌ഡിൽ കണ്ണുകൾ തുറന്നു കിടക്കുകയായിരുന്നു. കണ്ണിലും മനസിലും ചുറ്റും മുഴുവനും ജോസൂട്ടി മാത്രം. ജോസൂട്ടിയുമൊത്തുള്ള ഓരോ നിമിഷങ്ങളും അവളുടെ ഉള്ളിലൂടെ കടന്നുപോയി. കെട്ടിപ്പിടിച്ചു ബൈക്കിൽ യാത്ര ചെയ്തതും തീയേറ്ററിലിരുന്നതും തട്ടുകടയിൽ വച്ചുണ്ടായ സംഭവവും എല്ലാം. അവളുടെ മുഖത്ത് നാണം കലർന്ന പുഞ്ചിരി വിടർന്നു. അവൾ അടുത്തുള്ള തലയിണ അവളുടെ നെഞ്ചോടു ചേർത്ത് പിടിച്ചു. അവൾ കണ്ണുകളടച്ചു. ജോസൂട്ടിയെ ആണ് താൻ കെട്ടിപ്പിടിച്ചിരിക്കുന്നത് എന്ന് അവൾ സ്വയം ചിന്തിച്ചു. ജോസൂട്ടിയെ ഇങ്ങനെ കെട്ടിപ്പിടിച്ചു ജീവിതകാലം മുഴുവൻ ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നവളുടെ മനം ആശിച്ചു. എപ്പഴോ നിദ്രാ ദേവി അവളെയും കടാക്ഷിച്ചു.

.....

പിറ്റേന്ന് രാവിലെ 11 മണിയായപ്പോഴാണ് ജോസൂട്ടിക്ക് രാധികയുടെ കാൾ വരുന്നത്. അവൻ തന്റെ കാബിനിൽ ഡാറ്റാസ് ചെക്ക് ചെയ്യുകയായിരുന്നു. ഒരു അര മണിക്കൂറിനുള്ളിൽ തന്നെ ഫോമാലിറ്റീസ് എല്ലാം തീർത്തു പൊന്നൂസിനെ ഡിസ്ചാർജ് ചെയ്യാമെന്ന് ഡോക്ടർ പറഞ്ഞതായി രാധിക അവനോട് പറഞ്ഞു. അതനുസരിച്ചു വേഗം തന്നെ ജോസൂട്ടി ഫയൽസുമായി ശരാതിനാടുത്തേക്കു ചെന്നു.

"ശരത്തേട്ടാ....ഈ ഫയൽസ് ഞാൻ ക്ലിയർ ചെയ്തിട്ടുണ്ട്...ഒന്ന് ക്രോസ്സ് ചെക്ക് ചയതോ...പിന്നെ ഞാൻ ഹോസ്പിറ്റൽ വരെ ഒന്ന് പോയിട്ടു വരാം. പൊന്നൂസിനെ ഇപ്പൊ ഡിസ്ചാർജ് ചെയ്യും. ഞാൻ ഉച്ച കഴിഞ്ഞു വന്നേക്കാം." അവൻ ഫയൽ ശരത്തിനെ ഏല്പിച്ചുകൊണ്ടു പറഞ്ഞു.

" ആട്ടെടാ..നീ പോയിട്ടു വാ..ഞാൻ നോക്കിക്കൊള്ളാം.." ശരത് ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു.

ജോസൂട്ടി പെട്ടെന്ന് തന്നെ അവിടെനിന്നും ഇറങ്ങി. ഹോസ്പിറ്റലിൽ എത്തിയപ്പോഴേക്കും ഫോർമാലിറ്റീസ് എല്ലാം തീർത്തു രാധികയും പൊന്നൂസും റെഡി ആയിരിക്കുന്നു. ജോസൂട്ടി ടാക്സി വിളിച്ചാണ് വന്നത്. പൊന്നൂസിന് പനി ആയതിനാൽ ബൈക്കിൽ പോകണ്ടാ എന്നവന് തോന്നി. ജോസൂട്ടിയെ കണ്ടപ്പോഴേക്കും പൊന്നൂസ് ഓടിവന്ന് അവന്റെ നേരെ കൈനീട്ടി. അവൻ ആ കുഞ്ഞിനെ കോരി എടുത്തു കവിളിൽ ഒരു ചുംബനവും നൽകി.

www.kambistories.com | www.kambikuttan.net

"പനിയൊക്കെ പോയി എന്റെ പൊന്നൂസ് മിടുക്കിയായി. ഇനി നമുക്ക് വീട്ടിൽ പോയേക്കാം.അല്ലെ..പൊന്നൂസ് എന്ത് പറയുന്നു.." അവൻ ചിരിച്ചുകൊണ്ട് ചോതിച്ചു.

അവൾ തലയിളക്കി കാണിച്ചു. എന്നിട്ട് അവന്റെ തോളിലൂടെ കയ്യിട്ട് അവനെ ഇറുക്കി കെട്ടിപ്പിടിച്ചിരുന്നു. അവൻ രാധികയെ ശ്രദ്ധിച്ചു. അവളുടെ മുഖത്ത് ഒരു തെളിച്ചമില്ലാത്തപോലെ അവനു തോന്നി. ഒന്നും മിണ്ടുന്നുമില്ല. അവർ ഹോസ്പിറ്റലിന് വെളിയിൽ വന്നു. ജോസൂട്ടി പൊന്നൂസിനെയും കൊണ്ട് ടാക്സിയിൽ കയറി. രാധിക പിന്നാലെയും. യാത്രക്കിടയിലും രാധിക ഒന്നും സംസാരിച്ചില്ല. അവളുടെ മുഖത്ത് എന്തോ വിഷമമുള്ളതുപോലെ അവനു തോന്നി. അല്ലേൽ തന്റെ രാധിക ചേച്ചി അങ്ങാനല്ലാ. എന്തായാലും വീട്ടിലെത്തിയിട്ടു ചോദിക്കാം എന്ന് അവനും ചിന്തിച്ചു.

വീട്ടിലെത്തിയപ്പോഴേക്കും പൊന്നൂസ് അവന്റെ മടിയിൽ ഇരുന്നു സുഖമായ നിദ്രയിലേക്ക് വീണിരുന്നു. അവൻ ടാക്സി ചാർജ് നൽകി. രാധിക ഒന്നും മിണ്ടാതെ വാതിൽ തുറന്നു അകത്തേക്ക് പോയി. ജോസൂട്ടി റൂമിലേക്ക് പോയി പോന്നൂസിനെ ബെഡ്ഢിൽ കിടത്തി നെറ്റിയിൽ വാത്സല്യപൂർവം ഒരു ചുംബനവും നൽകി. അവൻ ഹാളിലേക്ക് വന്നു ചെയറിൽ ഇരുന്നു.

അപ്പോഴേക്കും രാധിക അകത്തുനിന്നും ഡ്രസ്സ് മാറി വന്നു. നേർത്ത ഒരു നൈറ്റി ആണ് അവൾ ഉടുത്തിരുന്നത്.

"നീയിരിക്കു..ഞാൻ പോയി കഴിക്കാനെന്തെങ്കിലും ഉണ്ടാക്കാം." ഗൗരവത്തോടെ അത്രമാത്രം പറഞ്ഞു അവൾ അകത്തേക്ക് പോയി. ജോസൂട്ടിക്കു ആലോചിച്ചിട്ട് ഒരു പിടിയും കിട്ടിയില്ല. ഇന്നലെവരെ എന്റെ രാധിക ചേച്ചി ഇങ്ങനെ അല്ലായിരുന്നു. തന്നെ കാണുമ്പോൾ തന്നെ ആ സുന്ദര മുഖം വിടരുന്നതാണ്. പക്ഷെ ഇപ്പൊ...സന്തോഷത്തിന്റെ നേരിയ ഒരു കണിക പോലും ആ മുഖത്തില്ല. കാർമേഘം വന്നു മറച്ചപോലെ ആ മുഖം ഇരുണ്ടിരിക്കുന്നു. തന്റെ രാധിക ചേച്ചി ഒരിക്കലും ഇങ്ങനെ ആകാൻ പാടില്ല. ആ മുഖത്തെ സന്തോഷം വീണ്ടെടുക്കാൻ തന്നെക്കൊണ്ട് കഴിയുന്നതൊക്കെ ചെയ്യും. അവൻ മനസ്സിൽ ഉറപ്പിച്ചു. അവൻ ചുവടുകൾ വച്ച് പതിയെ അടുക്കളയിലേക്കു നീങ്ങി. രാധിക പച്ചക്കറി അറിയുകയാണ്. അവൻ പതുക്കെ അവളുടെ പുറകിലായി നിന്നു. അവന്റെ കൈകൾ അവളുടെ ഇടുപ്പിലൂടെ അവളുടെ വയറിൽ ചുറ്റി പിടിച്ചു. അവൻ അവന്റെ മുഖം അവളുടെ നഗ്നമായ തോളിൽ ചേർത്തുവച്ചു. അവൾ അത് പ്രതീക്ഷിച്ചിരുന്നു എന്നപോലെ അനങ്ങിയില്ല. ഒന്നും പറഞ്ഞുമില്ല.

"എന്നാ എന്റെ രധൂട്ടിക്കു പറ്റിയെ..രാവിലെ മുതൽ തുടങ്ങിയതാണല്ലോ ഈ മുഖം വീർപ്പിച്ചിരിക്കൽ. എന്റെ മനസ് ശരിക്കും നോവുന്നുണ്ട് ട്ടോ ഈ ഇരുണ്ട മുഖം കാണുമ്പോ..എന്തൊണ്ടെങ്കിലും എന്നോട് പറയത്തില്ലേ എന്റെ രാധിക കൊച്ചിന്..എന്റെ രാധികേടെ സന്തോഷത്തിനു എന്തും ചെയ്യില്ലേ ഞാൻ..പിന്നെന്താ..." അവൻ സ്നേഹപൂർവ്വം അവളുടെ തോളിൽ മുഖമുരസിക്കൊണ്ടു പറഞ്ഞു..

www.kambistories.com | www.kambikuttan.net

അതും അവളിൽ മാറ്റമൊന്നും ഉണ്ടാക്കിയില്ല. അവൾ പ്രതികരിക്കാതെ തന്നെ ഇരുന്നു. അവളുടെ ഈ പെരുമാറ്റം അവനു താങ്ങാവുന്നതിലും ആപ്പുറമായിരുന്നു.

"ഇനി എന്നെ കാണുന്നത് സന്തോഷമല്ലേൽ ഞാൻ പൊയ്ക്കൊള്ളാം..ഇനി ശല്യപ്പെടുത്താനായി വരുന്നില്ല."അവൻ അത്രേം വിഷമത്തോടെ പറഞ്ഞു അവളുടെ വയറ്റിന്മേലുള്ള പിടി അയച്ചു. അവൻ തിരിയാൻ ഭാവിച്ചപ്പോഴേക്കും രാധിക അവന്റെ നേരെ തിരിഞ്ഞിരുന്നു. അവനു തന്റെ നെഞ്ച് പിളരുന്നപോലെ തോന്നി. തന്റെ രാധിക ചേച്ചിടെ കണ്ണുകൾ ഈറനായിരിക്കുന്നു..മിഴിനീർക്കണങ്ങൾ ഇറ്റുവീഴാനായി വെമ്പി നിൽക്കുന്നു. ആ കണ്ണുനീരിന്റെ കാരണം അവനു മനസിലായില്ല. ആ സങ്കടതിരയടിക്കുന്ന രാധികയുടെ മുഖം അവന്റെ മനസിലെ മറ്റെല്ലാ ചിന്തകളെയും മായിച്ചു കളഞ്ഞു. അവൻ കൈകളാൽ അവളുടെ മുഖം കോരി എടുത്തു അവന്റെ മുഖത്തിന് നേരെ ആക്കി. ആപ്പോഴേക്കും ഒരു തുള്ളി കണ്ണുനീർ അവന്റെ കൈവിരലുകളിലൂടെ ഊർന്നിറങ്ങി. അവന്റെ കണ്ണുകളും അറിയാതെ നിറഞ്ഞുപോയി.

"എന്ത് പറ്റിയെടാ എന്റെ രാധുട്ടിക്കു...എന്തിനാ കരയുന്നെ... ഈ ജോസൂട്ടി ഇവിടുള്ളപ്പോൾ എന്റെ രാധൂട്ടിയുടെ കണ്ണ് നിറഞ്ഞതെന്തിനാ.." അവൻ കൈവിരലുകളാൽ അവളുടെ മിഴിനീർക്കണങ്ങൾ തുടച്ചുകൊണ്ടു ചോതിച്ചു. അവന്റെ വാക്കുകളിൽ സങ്കടം തളം കെട്ടിനിന്നിരുന്നു.

അതുമതിയായിരുന്നു അവളുടെ ഉള്ളിൽ പിടിച്ചുനിർത്തിയിരുന്ന ദുഃഖത്തിന്റെ അണ പൊട്ടിയൊഴുകാൻ. അവൾ അവന്റെ നെഞ്ചിൽ അവളുടെ മുഖം ചേർത്ത് അവനെ കൈകളാൽ വരിഞ്ഞു മുറുക്കി. അവന്റെ നെഞ്ചിൽ കുത്തിയൊഴുകിയ മിഴിനീർക്കണങ്ങൾ അല്ല തുള്ളികളായാണ് അവനു തോന്നിയത്. അവന്റെ നെഞ്ചകം പൊള്ളിക്കുന്നപോലെ.അവനും അവളെ കരങ്ങളാൽ പുണർന്നു.

"പറ്റുന്നില്ല ജോസൂട്ടി എനിക്ക്..പറ്റില്ല...ഈ ലോകത്തിൽ മറ്റെന്തും...മറ്റെന്തും ഞാൻ വേണ്ടെന്നുവെക്കാം...എന്റെ പൊന്നൂസിനെയും ജോസൂട്ടിയെയും ഒഴിച്ച്. എനിക്കറിയാം...ഒരിക്കലും ആഗ്രഹിക്കാൻ പാടില്ലാത്തതാ. ജോസൂട്ടിയുടെ സ്നേഹം ഞാനൊരിക്കലും അർഹിക്കാത്തതാ...എന്നാലും എന്റെകൂടെ ഇങ്ങനെ ഇരിക്കുമ്പോ..ഈ നെഞ്ചിലെ ചൂടുപ്പറ്റി എന്നെ ഇങ്ങനെ ചുറ്റിപിടിച്ചിരിക്കുമ്പോ അറിയാതെയാണേലും ഞാനാഗ്രഹിച്ചു പോകുവാ ജോസൂട്ടി...ഇനിയീ ജന്മം മുഴുവൻ ഇത് കിട്ടണമെന്ന്."

www.kambistories.com | www.kambikuttan.net

അവളുടെ കണ്ണീരോടെയുള്ള വാക്കുകൾ തറഞ്ഞുകയറിയത് അവന്റെ മനസ്സിലാണ്. അവന്റെ നെഞ്ചിൽ രാധികയുടെ കണ്ണീരിന്റെ ഒഴുക്ക് കൂടിയത് അവൻ അറിഞ്ഞു. അതൊരു അരുവിപോലെ ഒഴുകുകയാണ്. ഒരായുസുകൊണ്ടു ഒരാൾ കരയുന്നത് കുറച്ചു നിമിഷങ്ങൾക്കൊണ്ടു അവളുടെ കണ്ണുകളില്നിന്നു ഉത്ഭവിച്ചതായി അവനു തോന്നി. അറിയാതെയാണേലും തന്റെ ആരൊക്കെയോ അയി താൻ ഒരുപാട് സ്നേഹിച്ച തന്റെ രാധികച്ചേച്ചി,,തന്റെ ശരീരത്തിന് ചൂട് പകർന്ന പെണ്ണ്,,തന്റെ മുന്നിലിരുന്നു കരയുന്നത് അവന്റെ എല്ലാ സഹന സീമകൾക്കും ആപ്പുറമായിരുന്നു.

അവൻ അവളുടെ മുഖം അവന്റെ കൈകുമ്പിളിലാക്കി. സുന്ദരമായ ആ മുഖം മുഴുവൻ കണ്ണുനീരാണ്. കരഞ്ഞുകലങ്ങിയ കണ്ണുകൾ ചെറുതായി ചുവന്നിട്ടുണ്ട്..അതിൽ മനോഹരമായി എഴുതിയിരുന്ന കണ്മഷി പരന്നു കിടക്കുന്നു. ആ മുഖം അവന്റെ കണ്ണുകളിലും മാറ്റമുണ്ടാക്കി. രണ്ടുതുള്ളി കണ്ണുനീർ അവളുടെ മുഖത്തേക്ക് ഇട്ടുവീണു.

"അതിനിപ്പോ എന്റെ രാധൂട്ടി ഇങ്ങനെ കരയാൻ മാത്രം എന്താ ഉണ്ടായേ..ഈ ജോസൂട്ടിയുടെ കൂടെത്തന്നെയല്ലേ എന്റെ രാധൂട്ടി ഉള്ളത്. പിന്നെന്താ...ദേ..ഈ കണ്ണിൽ പൊടിയുന്ന ഓരോ തുള്ളി കണ്ണുനീരും ഈ ജോസൂട്ടീടെ ഹൃദയത്തിൽ പൊടിയുന്ന ചോരയാ...അതുകൊണ്ടു എന്റെ രാധൂട്ടി ഇനി കരയല്ല്." അവൻ അവന്റെ വിരലുകളാൽ അവളുടെ കണ്ണുനീർ ഒപ്പിക്കൊണ്ടു പറഞ്ഞു.

അവൾ അവന്റെ കണ്ണുകളിലേക്ക് നോക്കി. ഒരിക്കലും വറ്റാത്ത സ്നേഹത്തിന്റെ ഉറവ അതിൽ ഉണ്ടെന്നു അവൾക്കു തോന്നി. ഒരു സ്നേഹക്കടലുപോലെ...എത്ര പിടിച്ചു നിർത്തിയിട്ടും അറിയാതെ അവൾ വിതുമ്പി പോയി. അവൾ വീണ്ടും ശിരസ് അവന്റെ നെഞ്ചിലേക്ക് ചായ്ച്ചു.

"എനിക്കറിയില്ല ജോസൂട്ടി..പേടിയാ എനിക്ക്. ജോസൂട്ടി എന്നില്നിന്നും അകന്നു പോകുവോന്നു പേടിയാ..ആർക്കും വിട്ടുകൊടുക്കാൻ മനസനുവതിക്കുന്നില്ല. ഇന്നലെ ജോസൂട്ടിയെയും ഡയാനയെയും ഒരുമിച്ചങ്ങനെ കണ്ടപ്പോ....എനിക്കറിയില്ല ജോസൂട്ടി..ഞാനെന്തൊക്കെയാ ചിന്തിച്ചു കൂട്ടുന്നതെന്നു. നിങ്ങൾ തമ്മിൽ നല്ല ചേർച്ചയാണെന്നു ഞാൻ തന്നെയാ പറഞ്ഞെ..പക്ഷെ..പക്ഷെ മനസനുവതിക്കുന്നില്ല ജോസൂട്ടി നിന്നെ വിട്ടുകൊടുക്കാൻ..നിനക്കൊരിക്കലും ഒരു ബാധ്യത ആവണം എന്ന് ഞാൻ ആഗ്രഹിച്ചിട്ടില്ല ജോസൂട്ടി. പക്ഷെ നിന്റെ സ്നേഹം അടുത്തറിഞ്ഞപ്പോ, നിന്റെ കരങ്ങൾക്കൊണ്ടെന്നെ ചേർത്തുനിർത്തിയപ്പോ, ഞാനൊരു പെണ്ണല്ലേ ജോസൂട്ടി, ആഗ്രഹിച്ചു പോയി ഞാൻ. എന്നോട് ക്ഷമിക്കൂ ജോസൂട്ടി..ഈ സ്നേഹത്തിനു പകരമായി ജോസൂട്ടിയെപോലെ സ്നേഹിക്കാൻ എനിക്കറിയില്ല. ജോസൂട്ടിക്കുവേണ്ടി എന്റെ ജീവൻ തന്നെ തരാം ഞാൻ..എന്നെ വിട്ടു പോകാതിരുന്നാൽ മാത്രം മതി..." വിതുമ്പിക്കൊണ്ടാണ് അവൾ അത് പറഞ്ഞത്. അവളുടെ ആ ഓരോ വാക്കുകളിലും ഉള്ള അവനോടുള്ള സ്നേഹം എത്ര വലുതാണെന്ന് അവനു തോന്നി.

അവളുടെ കൈകൾ തന്നെ വരിഞ്ഞു മുറുക്കുന്നതായി അവൻ അറിഞ്ഞു. കൈവിരലുകളിലെ നഖങ്ങൾ പോലും തന്റെ മാംസത്തിലേക്കു ആഴ്ന്നിറങ്ങുന്നതുപോലെ.ആ കൈകൾക്ക് വല്ലാത്ത ഒരു ശക്തി ഉണ്ടെന്നവന് തോന്നി. പക്ഷെ അതിൽ തന്നോടുള്ള സ്നേഹമാണ്. തന്നെ ആർക്കും വിട്ടുകൊടുക്കില്ല എന്ന തീരുമാനമാണ് ആ പിടുത്തത്തിൽ.

www.kambistories.com | www.kambikuttan.net

"എന്നാ ഈ ജോസൂട്ടിയാ പറയുന്നേ..ഇനി നമ്മളെ തമ്മിൽ പിരിക്കാൻ മരണത്തിനു മാത്രേ സാധിക്കൂ. എന്റെ പെണ്ണാ രാധൂട്ടി.. ഇനിയീ കണ്ണുകളിൽ നിന്നും ഒരു തുള്ളി കണ്ണുനീർപോലും പൊഴിയരുത്. അങ്ങനെ ഉണ്ടായാൽ അതെന്റെ പരാജയ്മാ..." അവളുടെ മുഖം അവന്റെ കരങ്ങളിൽ കോരിയെടുത്താണ് അവൻ അത് പറഞ്ഞത്.

അവന്റെ ആ വാക്കുകളിൽ അവന്റെ ഉറച്ച തീരുമാനമായിരുന്നു ഉണ്ടായിരുന്നത്. അവന്റെ മനസ്സിൽ അപ്പോൾ മറ്റൊന്നിനും സ്ഥാനമുണ്ടായിരുന്നില്ല. ഒന്നിനെക്കുറിച്ചും അവൻ ഓർത്തില്ല. മനസ്സിൽ രാധികയുടെ ചിരിക്കുന്ന മുഖം മാത്രം.

"അപ്പൊ ഡയാന..."അവളുടെ ആ സ്വരത്തിൽ ചെറിയ ഒരു ഭയം കലർന്നിരുന്നു.

"അയ്യേ..ഞാനും ഡയാനയും നല്ല സുഹൃത്തുക്കൾ മാത്രമല്ലേ..അല്ലേൽ തന്നെ ഞാനെങ്ങാനാ അവളെ ആഗ്രഹിക്കുക..അത് പാടുണ്ടോ..എന്റെയൊക്കെ ദൈവതുല്യനായ ഫെർണാണ്ടസ് സാറിനെയൊക്കെ എനിക്കങ്ങനെ വേദനിപ്പിക്കാൻ പറ്റുമോ. സ്വർഗ്ഗത്തിലെ അമ്മമാർ എന്നോട് ക്ഷമിക്കുമോ...അങ്ങാനൊന്നൂല്ല..അവളുടെ ആകെയുള്ള ഫ്രണ്ട് ഞാനാ..അപ്പോ എന്നോട് കുറച്ചു സ്വാതന്ത്ര്യം എടുക്കുന്നു എന്നെ ഉള്ളു. അതിനു എന്റെ രാധിക കൊച്ചു കരയണ്ട..."

അവളെ ആശ്വസിപ്പിക്കാനായി അത് പറഞ്ഞെങ്കിലും അവന്റെ ഉള്ളിൽ നൂറായിരം ചോദ്യങ്ങൾ ഉയർന്നു. അതിനുള്ള ഉത്തരങ്ങളൊന്നും അവന്റെ പക്കൽ ഉണ്ടായിരുന്നില്ല. താനറിയാതെ തന്നെ ഏതോ നിമിഷത്തിൽ മുളച്ചുപൊന്തിയ ഡയാനയോടുള്ള ഇഷ്ടം അവൻ മനസ്സിൽ തന്നെ അടിച്ചമർത്തി. തന്റെ മുന്നിൽ തന്നെ ഒരുപാട് സ്നേഹിക്കുന്ന തന്റെ രാധിക ചേച്ചി...താൻ കൈവിട്ടാൽ ആരും തുണയില്ലാതെ പൊന്നൂസിനെയും കൊണ്ട് എങ്ങനെ ജീവിക്കും. എന്നാൽ ഡയാന അങ്ങനെ അല്ല. ഞാൻ അവളെ ഇഷ്ടപ്പെട്ടാൽ മറ്റു പലരോടും ചെയ്യുന്ന തെറ്റാകും. താനില്ലെങ്കിലും അവൾക്കു ഏറ്റവും നല്ല ജീവിതം തന്നെ കിട്ടും. അതിനുള്ള സമ്പത്തും എല്ലാം അവൾക്കുണ്ട്. ഒരുപാട് സ്നേഹിക്കുന്ന ഒരച്ഛൻ ഉണ്ട്. അവന്റെ മനസ്സിൽ അവൻ തീരുമാനം എടുത്തിരുന്നു. അതിന്റെ ബാക്കിപത്രമേന്നോണം അവളെ തന്നിലേക്ക് കൂടുതലായി അടുപ്പിച്ചു.

രാധിക ഇപ്പൊ ജോസൂട്ടിയുടെ മുഖത്തേക്ക് നോക്കിയിരിക്കുകയാണ്. അവന്റെ ആശ്വാസ വചനങ്ങൾ ശരിക്കും അവളിൽ മാറ്റം വരുത്തി. കണ്ണുകളിൽ മിഴിനീർക്കണങ്ങളുടെ ഒഴുക്ക് നിന്നു. എങ്കിലും മുഖത്ത് ആ പഴയ തെളിച്ചമില്ല.

www.kambistories.com | www.kambikuttan.net

"എന്റെ രാധൂട്ടിയുടെ വിഷമം മാറിയോ..." വാത്സല്യപൂർവം അതുചോദിക്കുമ്പോൾ അവന്റെ കൈവിരലുകൾ അവളുടെ കവിൾത്തടങ്ങളിലൂടെ തലോടിക്കൊണ്ടിരുന്നു. അവൾ അവന്റെ മാറിലേക്ക് വീണ്ടും ചാഞ്ഞു. അവിടമാണ് അവളുടെ വാസം...എപ്പോഴും അവിടെ ചാഞ്ഞുറങ്ങാനാണ് അവൾക്കിഷ്ടം എന്ന രീതിയിൽ..

"ഇനിയെങ്ങും പോവണ്ട ജോസൂട്ടി. എനിക്കെപ്പോഴും എന്റെ ജോസൂട്ടിയെ കണ്ടോണ്ടിരിക്കണം..ഒരു നിമിഷം പോലും കാണാതിരിക്കാൻ എനിക്ക് വയ്യ.." അവൾ ഒരു കൊഞ്ചലോടെ പറഞ്ഞു.

"അയ്യേ..അതേങ്ങനെയാ ശരിയാവുക..നമ്മളെന്നും കാണുന്നതല്ലേ ...പിന്നെന്താ.." അവൻ അവളുടെ മുടിയിഴകളിൽ തലോടിക്കൊണ്ടു പറഞ്ഞു.

"അപ്പൊ ജോസൂട്ടിക്ക് എന്നെ വിട്ടുപോകുന്നതിൽ ഒരു വിഷമവുമില്ല...?" പരിഭാവത്തോടെയുള്ള അവളുടെ ചോദ്യം.

"ഞാനെന്തിനാ വിഷമിക്കുന്നെ....എന്റെ രാധൂട്ടിയെ ഞാൻ വിട്ടുപോകുന്നില്ലല്ലോ. എന്റെ രാധൂട്ടിയെ കാണണമെന്ന് തോന്നുമ്പോ ഒന്ന് കണ്ണടച്ചാൽ മതി എനിക്ക്. അപ്പൊ എന്റെ മനസ്സിന്റെ കണ്ണ് തുറക്കും. അവിടെ എവിടെ നോക്കിയാലും ഈ മുഖമല്ലേ..എന്റെ രാധികയുടെ മുഖം." ജോസൂട്ടിയുടെ ആ വാക്കുകൾ അവളുടെ കണ്ണുകളെ വീണ്ടും ഈറനണിയിച്ചു.

"ഇനി എന്റെ സുന്ദരിക്കുട്ടിയുടെ മുഖത്തെ പുഞ്ചിരി തിരിച്ചുകിട്ടാൻ ഈ ജോസൂട്ടി എന്നതാ ചെയ്യണ്ടേ എന്റെ രാധൂട്ടി." അവനവളെ ഇറുക്കി പുണർന്നുകൊണ്ടു ചോതിച്ചു.

അവൾ അവന്റെ മാറിൽ നിന്നും തലയുയർത്തി അവന്റെ മുഖത്തിന് നേരെയാക്കി. അവളുടെ കണ്ണുകളിൽ ഒരു നവവധുവിന്റെ നാണം കുത്തിയൊഴുകുന്നത് അവൻ കണ്ടു. വല്ലാത്തൊരു വികാര തിരയിളക്കം അതിൽ ഉണ്ടായിരുന്നു. പ്രേമമെന്ന ഏറ്റവും സുന്ദരമായ വികാരം.

"എന്നാ ഞാൻ പറയട്ടെ.." നാണത്തോടെയും അതിലുപരി കൊഞ്ചലോടെയുമുള്ള അവളുടെ ചോദ്യം. അവൾ അവളുടെ കൈവിരലുകളാൽ അവന്റെ ഷർട്ടിന്റെ ബട്ടണിൽ ഞരടി കൊണ്ടിരുന്നു നാണം മറയ്ക്കാൻ എന്നപോലെ. അവൾ കണ്ണുകൾ ഉയർത്തി അവനെ നോക്കി. അവന്റെ മുഖത്തെ ചെറു പുഞ്ചിരി വീണ്ടും അവൾക്ക് നാണം സമ്മാനിച്ചു. അവൾ ചൂണ്ടുവിരൽ പതുക്കെ അവളുടെ തുടുത്ത ചുണ്ടുകളിൽ തൊട്ടുകാണിച്ചു. അവനു കാര്യം മനസിലായെങ്കിലും അത് പുറത്തുകാണിക്കാതെ അവന്റെ കൈവിരലുകൾ ആ പവിഴാധരങ്ങളിൽക്കൂടി ഓടിച്ചു.

www.kambistories.com | www.kambikuttan.net

"എന്താ ഇവിടെ..." അവളുടെ കണ്ണുകളിലേക്ക് നോക്കിയാണ് അവൻ ചോതിച്ചത്.

മനസിലാകാത്തപോലുള്ള അവന്റെ ചോദ്യം കേട്ട് അവൾ കപടദേഷ്യത്തോടെ മുഖം വീർപ്പിച്ചു.

"അയ്യോടാ..എന്റെ മുത്തിനു എന്താ വേണ്ടതെന്നു എനിക്കറിയാം" ആ വാക്കുകൾക്കൊപ്പം അവന്റെ അധരങ്ങൾ അവളിലേക്കടുത്തു. അവൾ കണ്ണുകൾ അടച്ചു ആ നനുത്ത അധരങ്ങളുടെ സ്പർശനത്തിനായി മുഖം അവനിലേക്ക് ചേർത്തു. അവളുടെ പവിഴ ചുണ്ടുകൾ വിറകൊണ്ടിരുന്നു. ഒരു നനുത്ത സ്പർശനം അവളുടെ ചുണ്ടുകളിൽ അവൾ അറിഞ്ഞു. അവൻ അവളുടെ കീഴ്ചുണ്ട് അവന്റെ അധരങ്ങളാൽ അമർത്തി. മിഴിനീരിന്റെ ഉപ്പുരസം കലർന്ന ആ സ്വാദ് അവന്റെ നാവിനെ ഉത്തേജിപ്പിച്ചു. ഇതൊക്കെയാണെങ്കിലും അവനിൽ ലവലേശം പോലും

കാമം ഉണർന്നിരുന്നില്ല. സ്നേഹം മാത്രം. പ്രണയം മാത്രം. അവൾക്കും അവന്റെ അധരങ്ങൾ അവന്റെ സ്നേഹത്തിന്റെ മധുരമാണ് നൽകിയത്. മരണം വരെ ഇങ്ങനെ ഇണപിരിയാതെ നില്ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചുപോയി. ഈ നിമിഷം ജോസൂട്ടിയോടൊപ്പം ഒരു ശിലയായി തീർന്നിരുന്നെങ്കിൽ എന്നുപോലും അവളുടെ മനസ് ആഗ്രഹിച്ചു. അത്രക്ക് തരളിതമായിരുന്നു അവന്റെ ചുണ്ടുകളുടെ സ്പർശനം. ലോകത്തിൽ മറ്റൊന്നിനും തരാൻ കഴിയാത്ത സ്നേഹത്തിന്റെ ഊർജം അതിൽ ഉണ്ടെന്നു അവൾക്കു തോന്നി. അവൾ അവനെ ശക്തമായി വരിഞ്ഞു മുറുക്കി വീണ്ടും വീണ്ടും അവളിലേക്കടുപ്പിച്ചു. അവന്റെ ശിരസിൽ അവളുടെ കൈകളാൽ അമർത്തി, ഒരിക്കലും ആ അധരങ്ങളിൽ നിന്നും മോചനം ലഭിക്കാതിരിക്കാൻ എന്നോണം.

പൊന്നൂസിന്റെ കരച്ചിൽ കേട്ടാണ് രണ്ടുപേരും ഉണർന്നത്. അവൾ വേഗം തന്നെ അവനില്നിന്നും അടർന്നുമാറി റൂമിലേക്ക് നടന്നു. ജോസൂട്ടിയും പുറകെ പോയി.

"അമ്മേ..."പൊന്നൂസ് കണ്ണുകൾ തിരുമി കരയുകയാണ്...

"അമ്മ ഇവിടുണ്ടെടാ മോളു... ബാ.." അവൾ ആ കുഞ്ഞിനെ കൈകളാൽ കോരിയെടുത്തു. പൊന്നൂസ് അവളുടെ തോളിലേക്ക് ചാഞ്ഞു.

www.kambistories.com | www.kambikuttan.net

അപ്പോഴാണ് പുറകിൽ നിക്കുന്ന ജോസൂട്ടിയെ പൊന്നൂസ് കാണുന്നത്. പെട്ടെന്ന് തന്നെ ഒന്ന് കുതറി അവൾ ജോസൂട്ടിയുടെ മേലേക്ക് ചാടി. അവന്റെ കഴുത്തിലൂടെ കൈകൾ ഇട്ടു അവന്റെ തോളിൽ തലവെച്ചു അവൾ കിടന്നു.

"അങ്കിളിന്റെ പൊന്നൂസ് പനിയൊക്കെ പോയി മിടുക്കിയായി. നാളെ മുതൽ സ്കൂളിൽ പോയി നന്നായി പഠിക്കണം.."അവൻ അവളുടെ മുടിയിഴകളിൽ തലോടികൊണ്ട പറഞ്ഞു.

"ജോസൂട്ടിയെ കണ്ടാ പെണ്ണിന് പിന്നാരും വേണ്ട..ഈ മമ്മി പോലും പിന്നവൾക്കു അന്യയാ..അല്ലെടീ കുറമ്പീ..." രാധിക പൊന്നൂസിന്റെ പുറത്തു തട്ടിക്കൊണ്ടു പറഞ്ഞു.

"അതുപിന്നെ ഈ പൊന്നൂസ് അങ്കിളിന്റെ കൂടിയാ... അല്ലെ പൊന്നൂസ്..."അവൻ ആ കുഞ്ഞിനെ തഴുകികൊണ്ടു പറഞ്ഞു. അതിനുള്ള ഉത്തരമെന്നോണം പൊന്നൂസ് അവന്റെ കവിളിൽ ഒരു ചുംബനം നൽകി.

പൊന്നൂവിനെയും താലോലിച്ചുകൊണ്ടിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല. ജോസൂട്ടി വാച്ചിൽ നോക്കിയപ്പോ 1.30 കഴിഞ്ഞിരുന്നു. സമയം നോക്കിയ രാധികയും അമ്പരന്നു പോയി.

"അയ്യോ..ഭക്ഷണം ഉണ്ടാക്കിയില്ല. ശോ..ജോസൂട്ടിക്ക് വിശക്കുന്നുണ്ടാകും അല്ലെ.." അവൾ ചാടി എഴുന്നേറ്റുകൊണ്ട പറഞ്ഞു.

"എനിക്ക് വിശപ്പോന്നൂല്ല.. ഞാൻ പോകുവാ ചേച്ചി..ഉച്ചകഴിഞ്ഞു വരാമെന്നു പറഞ്ഞാ ഓഫീസിൽ നിന്നും ഇറങ്ങിയെ..ഞാൻ പുറത്തൂന്നു കഴിച്ചോളാം." അതും പറഞ്ഞു രാധികയുടെ മുഖത്തേക്ക് നോക്കി.

എന്നാൽ അവളുടെ മുഖം വിവർണമായിരുന്നു. അതുവരെ ഉണ്ടായിരുന്ന സന്തോഷം എങ്ങോ ഓടി മറഞ്ഞപോലെ. അവിടെ ദുഃഖത്തിന്റെ നിഴൽ പരന്നിരുന്നു. പെട്ടന്ന് സംഭവിച്ച ആ മാറ്റത്തിൽ അവൻ അത്ഭുതപ്പെട്ടു. അതിന്റെ കാരണത്തിന്നായി അവന്റെ മനസ്സിൽ തിരഞ്ഞു. പെട്ടെന്ന് തന്നെ അതിന്റെ കാരണം അവനു മനസിലായി. താൻ ചേച്ചി എന്ന് വിളിച്ചതിനാലാണ് ഈ വാട്ടം. അവൻ പൊന്നൂസിനെ കണ്ണുകൾക്കൊണ്ടു ചൂണ്ടി കാണിച്ചു. പൊന്നൂസവിടെ ഉള്ളതുകൊണ്ടാണ് എന്ന് പറയണ പോലെ.

www.kambistories.com | www.kambikuttan.net

"അതിനെന്താ...ഇനി അവളും അറിയേണ്ടതല്ലേ...." പരിഭാവത്തോടെയുള്ള രാധികയുടെ ശബ്ദമുയർന്നു.

"എന്നാ ശരി എന്റെ രാധിക കൊച്ചെ..." അവൻ പുഞ്ചിരിയോടെ പറഞ്ഞു.

പെട്ടെന്ന് പൊന്നൂസ് അവന്റെ തോളിൽ നിന്നും തലയുയർത്തി അവനെ നോക്കി.

"അയ്യേ..ഈ അങ്കിൾ മമ്മിയെ എന്താ വിളിച്ചേ..രാധിക കൊച്ചെന്നോ..അയ്യേ.." ആ കുഞ്ഞു ശിശുസഹജമായ രീതിയിൽ അവനെ കളിയാക്കുന്ന പോലെ പറഞ്ഞു. രാധികയുടെ മുഖം നാണത്താൽ താഴുന്നത് അവൻ കണ്ടു.

"അത് പൊന്നൂസിന്റെ മമ്മി ഇപ്പൊ ഒരു കൊച്ചിനെപോലെയാ..അതുകൊണ്ട് അങ്ങനെ വിളിക്കുന്നതല്ലേ നല്ലത്. നമ്മുടെ രണ്ടുപേരുടെയും രാധിക കൊച്ചു.." അവൻ പുഞ്ചിരിയോടെ പറഞ്ഞു. പൊന്നൂസും അവനെ നോക്കി ചിരിച്ചു.

"എന്നാ അങ്കിൾ പോട്ടെ മോളെ..ഒരുപാട് പണിയുണ്ട് അങ്കിളിനു." അവൻ ആ കുഞ്ഞികവിലുകളിൽ തലോടികൊണ്ട പറഞ്ഞു.

"വേണ്ട...അങ്കിൾ ഇപ്പൊ പോവണ്ട... പൊന്നൂസിന് അങ്കിളിന്റെ കൂടെ ഇരിക്കണം." അവൾ കൊഞ്ചിക്കൊണ്ടു വിഷമത്തോടെ പറഞ്ഞു.

"അയ്യോടാ...അങ്കിളിനു പോയി ജോലി ചെയ്യണ്ടേ..എന്നാലല്ലേ പൊന്നൂസിന് കളിപ്പാട്ടങ്ങളും ഉടുപ്പുകളും ഒക്കെ മേടിച്ചുതരാൻ പൈസ കിട്ടുവോള്ളൂ..അങ്കിൾ ഇപ്പൊ പോയിട്ട് പൊന്നൂസിനെ കാണാൻ ഓടി ഓടി വരും..പിന്നെന്താ...മോളിപ്പോ മമ്മിയുടെ കൂടെ പോ.." അവൻ ആ കുഞ്ഞിന്റെ നെറുകയിൽ ചുംബിച്ചു.

"ജോസൂട്ടി..അടുത്ത ചൊവ്വാഴ്ച പൊന്നൂസിന്റെ ബർത്ഡേയ് ആണ്. പൊന്നൂസിന് ഒരുപാട് സമ്മാനങ്ങളും കൊണ്ട് വരണം...അല്ലെ പൊന്നൂസ്.." രാധിക പൊന്നൂസിനെ ജോസൂട്ടിയുടെ കൈകളില്നിന്നും വാങ്ങിക്കൊണ്ടു പറഞ്ഞു.

www.kambistories.com | www.kambikuttan.net

"ആഹാ...അത് നമ്മുക് പൊളിക്കണം. അല്ലേ പൊന്നൂസ്..." അവൻ പുഞ്ചിരിയോടെ പറഞ്ഞു.

ആ കുഞ്ഞു അതിനുതരമെന്നോണം തലയിളക്കി. അവൻ രാധികയെ ഒന്നൂടെ നോക്കി. ബൈക് എടുക്കാത്തതിനാൽഓട്ടോ വിളിച്ചാണ് അവൻ പോയത്.

യാത്രയിലുടനീളം അവന്റെ മനസ് ചിന്തകളുടെ ഹിമാലയം കയറികൊണ്ടിരുന്നു. കഴിഞ്ഞ കുറച്ചു നിമിഷങ്ങൾ....അത് തനിക്കു സമ്മാനിച്ചത് വേദനകളാണോ അതോ സന്തോഷമാണോ എന്നവന് മനസിലായില്ല. " നീ എന്തുദ്ദേശത്തിലാണ് രാധികയോട് എങ്ങനെയെല്ലാം പറഞ്ഞതു. ഡയാനയോടുള്ള ഇഷ്ടം നിനക്ക് ചുറ്റുമുള്ളവരെ ചിലപ്പോ വേദനിപ്പിച്ചേക്കാം..ആപ്പോ രാധികയുമായുള്ളതോ...രാധിക നിന്നെക്കാൾ പ്രായമുള്ള സ്ത്രീയാണ്..ഒരമ്മയാണ്... മറ്റൊരു പുരുഷന്റെ ഭാര്യ ആയിരുന്ന സ്ത്രീ ആണ്..നിങ്ങളുടെ ബന്ധം അംഗീകരിക്കാൻ നിന്നെ സ്നേഹിക്കുന്ന നിന്റെ ചുറ്റുമുള്ളവർക്കു സാധിക്കുമോ...സ്വർഗ്ഗത്തിലെ അമ്മമാർക്കു സാധിക്കുമോ...അതോ അവരെല്ലാം വിഷമിച്ചോട്ടെ എന്നാണോ.." അവന്റെ മനസിലിരുന്നു ആരോ മന്ത്രിക്കുന്നപോലെ..അതെല്ലാം അവൻ അവനോട് തന്നെ ചോദിക്കുന്ന ചോദ്യങ്ങളായിരുന്നു. ഒന്നിനും ഉത്തരമില്ല. ആലോജിക്കുംതോറും അവന്റെ തല വെട്ടിപ്പിളരുന്നപോലെ അവനു തോന്നി. ശരീരവും മനസ്സും ഒരുപോലെ തളരുന്നു. തീരുമാനങ്ങളൊന്നും എടുക്കാൻ സാധിക്കുന്നില്ല. എല്ലാ

ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഇനി കാലത്തിനു മാത്രമേ നൽകാൻ കഴിയൂ..അല്ലെങ്കിൽ കാലത്തിനും അതീതമായ ദൈവത്തിനു മാത്രം..

ഓട്ടോക്കാരന് പണം നൽകി ഓഫീസിലേക്ക് കയറുമ്പോഴും ജോസൂട്ടിയുടെ മനസ് മറ്റെവിടെയൊക്കെയോ സഞ്ചരിക്കുകയായിരുന്നു. ഇന്നിനി സ്വസ്ഥതയോടെ പണി എടുക്കാൻ കഴിയില്ലെന്ന് അവനറിയാം. ഇനി അല്പമെങ്കിലും അവന്റെ മനസിന് ആശ്വാസമേകാൻ അവന്റെ ഉള്ളിലുള്ള സംഗീതത്തിന് മാത്രമേ കഴിയൂ.. ഇത്രെയും പെട്ടെന്ന് കോട്ടേഴ്സിൽ എത്തണം എന്ന ചിന്തയോടെ അവൻ ശരതിനടുത്തേക്കു നടന്നു. എന്തോ ഫയൽ ചെക്ക് ചെയ്യുകയായിരുന്ന ശരത് ജോസൂട്ടി അകത്തേക്ക് വന്നപ്പോ ഒന്ന് പുഞ്ചിരിച്ചു. സങ്കടം തളം കെട്ടിനിന്ന അവന്റെ മുഖഭാവം ശരത്തിനു പെട്ടെന്ന് മനസിലായി.

"എന്നാ ജോസൂട്ടി..എന്നാ പറ്റി.. നീയെന്നാ വല്ലാതിരിക്കുന്നെ.." ശരത് അല്പം ആശ്ചര്യത്തോടെ ചോതിച്ചു.

"ഏയ് ഒന്നൂല്ല ശരത്തേട്ട. ഒരു തലവേദന..എന്താണെന്നറിയില്ല. ഒന്ന് കിടക്കണം. എന്തായാലും ഇന്ന് വേറെ വർക്ക് ഒന്നുമില്ലല്ലോ..ഞാൻ പൊയ്ക്കോട്ടെ.." അവൻ ഒരു പുഞ്ചിരി മുഖത്തുവര്ത്തി പറഞ്ഞു.

www.kambistories.com | www.kambikuttan.net

"അതിനെന്താ..നീ വിട്ടോ..പോകുന്ന വഴിക്ക് വല്ല ടാബ്ലറ്റ്സും മേടിച്ചു കഴിക്കു. നല്ല ക്ഷീണമുണ്ടു നിന്റെ മുഖത്ത്. " അയ്യാൾ സ്നേഹത്തോടെ പറഞ്ഞു.

ജോസൂട്ടി പിന്നെ ഒന്നും പറയാൻ നിന്നില്ല. ആരോടും ഒന്നും സംസാരിക്കാൻ അവൻ ആഗ്രഹിച്ചില്ല. ഒരു പുഞ്ചിരി മാത്രം മറുപടിയായി നൽകി അവൻ തിരിഞ്ഞു നടന്നു.

അവൻ ബുള്ളെറ്റ്മെടുത്തു സാധാരണയിലും വളരെ വേഗത്തിലാണ് പോയത്. എത്രയും പെട്ടെന്ന് മനസിനെ ഒന്ന് ശാന്തമാക്കണം. വളരെ വേകത്തില് തന്നെ അവൻ കോട്ടേഴ്സിൽ എത്തിച്ചേർന്നു. റൂം തുറന്നു അവൻ വയലിനുമെടുത്തു സോഫയിൽ വന്നിരുന്നു. പിന്നെ സംഗീതമായിരുന്നു..മനസിനെ തൊട്ടുണർത്തുന്ന സംഗീതം. ആ സംഗീതത്തിനും ദുഃഖത്തിന്റെ ഈണമായിരുന്നു. ആ സംഗീതത്തിൽ ലയിച്ച ഇളം കാറ്റ് പോലും അവന്റെ മുടിയിഴകളിൽ തലോടി അവന്റെ മനസിനെ ശാന്തമാക്കാൻ സഹായിച്ചു. എപ്പഴോ അവന്റെ കണ്ണുകളുടെ ഭാരം കൂടുന്നത് അവൻ അറിഞ്ഞു...

.....

ഓഫീസിനുമുന്നിൽ കാറിൽ വന്നിറങ്ങി ഡയാന അകത്തേക്ക് ചുവടുകൾ വെച്ചു..സന്തോഷവും ഉത്സാഹവും നിറഞ്ഞതായിരുന്നു അവളുടെ നടത്തം തന്നെ. കൈകൾ വീശി ചുണ്ടിൽ ഒരു മൂളിപ്പാട്ടുമായി കടന്നുവരുന്ന ഡയാനയെ അത്ഭുതത്തോടെയാണ് തന്റെ ഓഫീസിൽ റൂമിലേക്ക് പോകുകയായിരുന്ന ശരത് കണ്ടത്.

എന്തൊരു മാറ്റം.. അയാളുടെ മനസ് പറഞ്ഞു.

"ഹായ് ശരത്തേട്ട...ഗുഡ് ആഫ്റ്റർനൂൺ.." അവൾ ഒരു പുഞ്ചിരിയോടെ ശരത്തിനോടയി പറഞ്ഞു..

"ഗുഡ് ആഫ്റ്റർനൂൺ മാഡം..," അവൻ ഒരു പുഞ്ചിരിയുടെ അകമ്പടിയോടെത്തന്നെ മറുപടി നൽകി. എന്താണ് ഈ മാറ്റത്തിന് കാരണം. ഈ ഉത്സാഹത്തിനു കാരണം..അതിനുള്ള ഉത്തരം ജോസൂട്ടി ആണെന്ന് അവനറിയാമായിരുന്നു.

"അതെ ശരത്തേട്ട...എന്നെ ഇനി മാഡം എന്ന് വിളിച്ചുപോകരുത്...പേര് വിളിച്ച മതി..പറഞ്ഞേക്കാം. " അവൾ അല്പം കളിയോടെ പറഞ്ഞു.

www.kambistories.com | www.kambikuttan.net

അതിനു മറുപടിയായി ശരത് ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

"ജോസൂട്ടി എന്തിയെ...അകത്താണോ.." അവൾ ജോസൂട്ടിയുടെ ക്യാബിനിലേക്ക് പോകാനായി ഭാവിച്ചുകൊണ്ടു പറഞ്ഞു.

"ഇവിടില്ല ഡയാന...കുറച്ചു മുമ്പ് കോട്ടേജ്സിലേക്കു പോയി. നല്ല തലവേദന ആയിരുന്നു. ഒന്ന് കിടക്കണം എന്ന് പറഞ്ഞാ പോയത്.." അവൻ പറഞ്ഞു..

അവളുടെ മുഖത്ത് പെട്ടെന്ന് സങ്കടം നിഴലിക്കുന്നത് അയ്യാൾ കണ്ടു..

"ഞാൻ കോട്ടേജ്സിലേക്കു പോകുവാ ശരത്തേട്ട.." അത്രമാത്രം പറഞ്ഞു അവൾ തിരിഞ്ഞുനടന്നു. വളരെ വേഗത്തിലാണ് അവൾ ഡ്രൈവ് ചെയ്തത്.

ഒന്ന് സഹായിക്കാനോ ശിസ്രൂശിക്കണോ പോലും അവിടെ ആരുമില്ല എന്റെ ജോസൂട്ടിക്ക്.."അവൾ സ്വയം പറഞ്ഞു.

കോട്ടേഴ്‌സിൽ വന്നിറങ്ങി കതകിൽ പിടിച്ചപ്പോൾ തന്നെ അത് തുറന്നു. അത് ചാരിയിട്ടെ ഉണ്ടായിരുന്നുള്ളു..അവൾ അകത്തേക്ക് കടന്നു. സോഫയിൽ വയലിനും കെട്ടിപ്പിടിച്ചു ഉറങ്ങുന്ന ജോസൂട്ടിയെ പെട്ടെന്നുതന്നെ അവളുടെ നയനങ്ങൾ തിരിച്ചറിഞ്ഞു. ജനാലകൾക്കുള്ളിക്കൂടി അരിച്ചിറങ്ങുന്ന സൂര്യകിരണത്തിൽ അവന്റെ മുഖം സ്വർണം പോലെ തിളങ്ങുന്നതായി അവൾക്ക് തോന്നി. അവൾ പതുക്കെ നടന്നുവന്ന് അവനരികിലായി ഇരുന്നു. അവളുടെ കൈവിരലുകൾ അവന്റെ മുടിയിഴകളിൽ പരാതി നടന്നു.

"ജോസൂട്ടി..." അവളുടെ കിളിനാദം അവന്റെ കാതുകളിൽ അലയടിച്ചു..അവൻ പതുക്കെ ഒന്നനങ്ങി.

"ജോസൂട്ടി"" വീണ്ടും അവളുടെ ശബ്ദം അവന്റെ കാതുകളിൽ പ്രതിധ്വനിച്ചപ്പോൾ അവൻ കണ്ണുകൾ പതുക്കെ തുറന്നു. മുന്നിൽ ഒരു മാലാഖയുടേതുപോലുള്ള സുന്ദര നയങ്ങളാണ് അവന്റെ കണ്ണുകളിൽ ആദ്യം പതിഞ്ഞത്. അത് ഡയാന ആണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവൻ പതുക്കെ എഴുന്നേറ്റു.

www.kambistories.com | www.kambikuttan.net

"എന്നാടാ എന്റെ ജോസൂട്ടിക്ക് പറ്റിയെ".. അവൾ അവന്റെ കവിളിൽ കൈ ചേർത്തുകൊണ്ടു ചോതിച്ചു.

"ഏയ്..ഒന്നുമില്ല..ഒരു ചെറിയ തലവേദന..ഒന്ന് കിടന്നതാ.."അവൻ പറഞ്ഞൊപ്പിച്ചു.

ഡയാനയുടെ സാന്നിധ്യം അവന്റെ മനസ്സിൽ ഭയമാണ് നിറച്ചത്. അവളുടെ ഇഷ്ടം അവൻ അടുത്തറിഞ്ഞതാണ്. അവളുടെ അടുത്തിരിക്കുമ്പോൾ അറിയാതെ ആണേലും ഉള്ളിൽ മൂടിവച്ച അവളോടുള്ള ഇഷ്ടം പുറത്തുവരുമോ എന്നവൻ് ഭയപ്പെട്ടു.

അവൾ അവന്റെ നെറ്റിയിൽ കൈ വെച്ച് നോക്കി.

"ഏയ്..പനിയൊന്നുമില്ല.. എന്നാലും ചെറിയ ഒരു ചൂടുണ്ട്.ഞാനൊരു ചൂട് കാപ്പിയിടാം..അത് കുടിക്കുമ്പോ എല്ലാം പൊയ്ക്കൊള്ളും. "അവൾ അതും പറഞ്ഞു അടുക്കളയിലേക്കു പോയി.

ജോസൂട്ടി അവൾ പോകുന്നതും നോക്കി ഒന്നും മിണ്ടാനകാതെ ഇരുന്നു. അല്ലേലും തന്റെ മനസിലുള്ള ദുഃഖങ്ങൾ ആരോടും പറയാൻ കഴിയില്ല. അതിനൊരു പ്രതിവിധി തനിക്കൊരിക്കലും കണ്ടെത്താനും കഴിയില്ല.

പെട്ടെന്നുതന്നെ ഡയാന കയ്യിൽ ഒരു ഗ്ലാസ് കാപ്പിയുമായി വന്നു.

"മോൻ ഇതുവേഗം അങ്ങ് ചൂടോടെ കുടിച്ചോ..ഒന്ന് ഉഷാറാവും" അവൾ ആ ഗ്ലാസ് അവന്റെ കൈകളിൽ ഏല്പിച്ചുകൊണ്ടു പറഞ്ഞു.

അവൻ അവളുടെ മുഖത്തേക്ക് നോക്കാതെ അത് മേടിച്ചു. പതിയെ ചുണ്ടോട് ചേർത്ത് കുടിച്ചിറക്കി. ഇതുവരെ ഉണ്ടായിരുന്നപ്പോലെ അല്ല. അവളോടെന്തുപറയാണമെന്നു അവനു അറിയില്ലായിരുന്നു. എന്നാൽ ഡയാനയുടെ മിഴികൾ ജോസൂട്ടിയുടെ മുഖത്ത് മാത്രമായിരുന്നു. അവനെ പരിചരിക്കുമ്പോ അവന്റെ കൂടെ ഇരിക്കുമ്പോ വല്ലാത്തൊരു ആനന്ദം അവൾക്കു തോന്നി.

പക്ഷെ എന്നത്തേയും പോലെയല്ല ജോസൂട്ടി ഇപ്പൊ എന്നവൾക് തോന്നി. മുഖത്ത് ഒരു തെളിച്ചമില്ല. എന്തോ വിഷമം ഉള്ളിൽ തറഞ്ഞു കിടക്കുന്നതുപോലെ. വിവര്ണമായ ജോസൂട്ടിയുടെ മുഖം പോലും അവളിൽ ഒരു നീറ്റലുളവാക്കി.

www.kambistories.com | www.kambikuttan.net

"എന്നാടാ പറ്റിയെ..നിന്റെ മുഖമെന്താ വല്ലാതിരിക്കുന്നെ.." അവൾ അല്പം സങ്കടഭാവത്തോടെ ചോതിച്ചു.

"ഏയ് ...ഒന്നൂല്ലടി..ഒന്ന് കിടന്ന മതി..നീ പൊയ്ക്കോ.."അവൻ ഗ്ലാസ് ടേബിളിൽ വച്ചുകൊണ്ട് പറഞ്ഞു. അവന്റെ മനസ്സിൽ എങ്ങനെയും ഡയാനയെ അവിടെനിന്നും ഒഴിവാക്കണം എന്നെ ഉണ്ടായിരുന്നുള്ളു..

"ജോസൂട്ടി ഇങ്ങനെ ഇരിക്കുമ്പോ ഞാൻ എങ്ങോട്ട് പോവാൻ..വാ..എന്റെ മടിയിൽ തല വച്ച് കിടന്നോ.." അവൾ സ്നേഹപൂർവ്വം പറഞ്ഞു.

അതവന് സ്വീകരിക്കുവാൻ കഴിയുമായിരുന്നില്ല..

"ഇങ്ങു വാ എന്റെ ജോസൂട്ടി" എന്നും പറഞ്ഞു മടിച്ചുനിന്ന ജോസൂട്ടിയെ അവൾ കൈകളാൽ ബലമായി അവന്റെ ശിരസിൽ പിടിച്ചു മടിയിലേക്ക് കിടത്തി. അവൾ പുഞ്ചിരിയോടെ അവളുടെ കൈ വിരലുകൾ അവന്റെ ശിരസിൽകൂടി ഓടിച്ചു. അവന്റെ മുടിയിഴകളിൽ അവളുടെ വിരലുകൾ ഒഴുകിനടന്നു. ജോസൂട്ടി അറിയാതെ തന്നെ മിഴികൾ അടച്ചുപോയി. അവളുടെ തഴുകലിന് എന്തോ മാന്ത്രിക ശക്തിയുണ്ടെന്ന് അവനു തോന്നിപ്പോയി. അത്രയ്ക്ക് സുഖദായകമായിരുന്നു ആ തഴുകൽ. ചുറ്റും മൂടൽമഞ്ഞു നിറയുന്നപോലെ...അന്തരീക്ഷത്തിലൂടെ ഒഴുകി നടക്കുന്നപോലെ അവനു തോന്നി.

പെട്ടെന്ന് അവന്റെ കവിളുകളിൽ എന്തോ ഒരു നനുത്ത സ്പർശനം അവൻ അറിഞ്ഞു. മാർധവമുള്ള എന്തോ ഒന്ന്. അതൊരു മായാ പ്രപഞ്ചം തനിക്കു ചുറ്റും തീർക്കുന്നതുപോലെ. കണ്ണുതുറന്നു നോക്കാൻ മനസ് വെമ്പുന്നുണ്ടെങ്കിലും ശരീരത്തിന് ആ സുഖം നഷ്ടപ്പെടുത്താൻ വയ്യാത്തപോലെ. ആ സ്പർശനത്തിനൊപ്പം ഒരു ചുടുനിശ്വാസവും അവൻ അറിഞ്ഞു. ആരെയും ഭ്രമിപ്പിക്കുന്ന തരത്തിലുള്ള സുഗന്ധം അവൻ അനുഭവിച്ചു. എന്തൊക്കെയോ തന്റെ മുഖത്തുകൂടി ഇഴഞ്ഞു നടക്കുന്നതുപോലെ..എല്ലാം പറഞ്ഞറിയിക്കാൻ കഴിയാത്ത അനുഭൂതിയാണ്. ശരീരം മുഴുവൻ കുളിരണിയുന്നു.

പെട്ടെന്ന് എവിടെ നിന്നോ കിട്ടിയ ശക്തിയിൽ അവൻ മിഴികൾ തുറന്നു ശിരസ് നേരെയാക്കി.അവന്റെ മുഖത്തോടു ചേർന്ന് ഡയാനയുടെ സുന്ദര മുഖം. അവരുടെ മൂക്കുകൾ പരസ്പരം ഉരുമിയിരുന്നു. അവളുടെ നിശ്വാസം അവന്റെ അധരങ്ങളിൽ പതിഞ്ഞിരുന്നു. കണ്ണുകൾ പരസ്പരം കോർത്തു. ജോസൂട്ടിയുടെ മനസ് ഒരുനിമിഷം ശൂന്യമായി. അതുവരെ ഉണ്ടായിരുന്ന എല്ലാ ചിന്തകളും പ്രശ്നങ്ങളും അവൻ മറന്നു. എടുത്ത തീരുമാനങ്ങളും അനുഭവിച്ച മനസിന്റെ ക്ലേശങ്ങളും അവൻ മറന്നു. അവളുടെ അധരങ്ങൾ അവന്റേതുമായി ഇഴുകി ചേർന്നപ്പോൾ ഇതുവരെ അനുഭവിച്ചതൊന്നും ഒന്നുമല്ല എന്നവന് തോന്നിപ്പോയി. അത്രയ്ക്ക് ഹൃദ്യമായിരുന്നു ആ അധരങ്ങളുടെ ലയനം. തന്റെ കീഴ്ചുണ്ടിൽ മുല്ലമൊട്ടുകൾ മൊട്ടുകൾപോലുള്ള പല്ലുകളുടെ മൃദുവായ സ്പർശനം അവൻ അറിഞ്ഞു. അവന്റെ നാവിലേക്ക് സ്വാദുള്ള അവളുടെ ഉമിനീർ ഒഴുകിയിറങ്ങി..

www.kambistories.com | www.kambikuttan.net

എപ്പഴോ മനസ്സിൽ മിന്നിമറഞ്ഞ രാധികയുടെ മുഖം അവന്റെ മനസ്സിൽ യാഥാർഥ്യ ബോധം തിരിച്ചുകൊണ്ടുവന്നു. ആ ഒരു നിമിഷത്തിൽ അവൻ പിടഞ്ഞെണീറ്റു. അവൻ ശക്തമായി കിതച്ചുപോയിരുന്നു. അവന്റെ അപ്രതീക്ഷിത വേർപാടിൽ ഡയാനയും ഞെട്ടിപോയിരുന്നു. എന്താണ് സംഭവിച്ചതെന്ന് ജോസൂട്ടിക്ക് അതുവരെയും മനസിലായില്ല. അവന്റെ മുഖത്തും ആ ഞെട്ടൽ പ്രകടമായിരുന്നു. ഡയാനയുടെ ആധാരങ്ങളാണ് തന്നെ ചുംബിച്ചുകൊണ്ടിരുന്നതെന്നു ഒരു കിത്തപ്പോടെ അവൻ മനസിലാക്കി.

"എന്താ ഡയാന..എന്താ ഈ കാണിച്ചേ.." അവൻ അല്പം ദേഷ്യത്തോടെയാണ് അത് ചോദിച്ചത്.

"എന്താ ജോസൂട്ടി. ഞാനല്ലേ...നീയെന്റെ ജോസൂട്ടിയല്ലേ..പിന്നെന്താ.." അവന്റെ ശബ്ദത്തിലെ കടുപ്പവും അവന്റെ അമ്പരപ്പും അവളുടെ ഉള്ളിൽ ചെറിയ ഒരു വിങ്ങലുണ്ടാക്കി. അല്പം വിഷമം കലർന്ന സ്വരത്തിലാണ് അവൾ അത് ചോതിച്ചത്.

"എന്തൊക്കെയാ ഡയാന ഈ പറയുന്നേ. നീ എന്താണ് പറയുന്നതെന്ന് ചിന്തിക്കുന്നുണ്ടോ." അവൻ മനസിലാകാത്ത പോലെ ചോതിച്ചു. അവളുടെ കണ്ണുകൾ ഈറണാനിയുന്നത് അവൻ കണ്ടു.

പെട്ടെന്ന് ഡയാന ഓടി വന്നു അവനെ കെട്ടിപ്പിടിച്ചു. അവന്റെ തോളിലേക്ക് അവൾ തല ചായ്ച്ചു. അവനിൽ ഒരു ഞെട്ടലാണ് അതുണ്ടാക്കിയത്. അവളെ പിടിച്ചു മാറ്റാൻ അവനു കഴിഞ്ഞില്ല.

"എന്താ ജോസൂട്ടി..എന്റെ ജോസൂട്ടിയായതുകൊണ്ടല്ലേ ഞാൻ അങ്ങനെ ചെയ്തേ. എന്റെ മനസ് ജോസൂട്ടിക്കറിയില്ലേ.." അവൾ വിതുമ്പിക്കൊണ്ടാണ് അതുപറഞ്ഞത്. അവളുടെ കണ്ണുനീർ അവന്റെ നെഞ്ചിൽ നനവ് പടർത്തി.

"എന്തൊക്കെയാടീ പെണ്ണേ നീയീ പറയുന്നേ. ഞാൻ അങ്ങനെ ആകാവോ..നിന്റെ പാപ്പയോട് എനിക്കങ്ങനെ ഒരു തെറ്റ് ചെയ്യാൻ പറ്റുവോ.." ആ വാക്കുകളിൽ അവളോടുള്ള അവന്റെ വാത്സല്യം നിറഞ്ഞിരുന്നു.

www.kambistories.com | www.kambikuttan.net

"ഒന്നുവറിയില്ല ജോസൂട്ടി. എനിക്കൊന്നുമറിയില്ല...ഒന്നും അറിയുകേം വേണ്ടാ..ഒരു കാര്യം മാത്രം..ജോസൂട്ടിയെ മറക്കാൻ ഈ ജന്മത്തെനിക്കു കഴിയില്ല. അത്രയ്ക്ക് ജീവനാ എനിക്കെന്റെ ജോസൂട്ടിയെ..നിനക്കുവേണ്ടിയാ ജോസൂട്ടി ഞാൻ എന്നെ തന്നെ മാറ്റിയത്..നിന്റെ സ്വന്തമാക്കാൻ വേണ്ടിയാ ഞാൻ സ്വയം മാറിയത്. എന്നെ വേണ്ടാന്നു മാത്രം പറയല്ലേ ജോസൂട്ടി..എന്നെ ഇഷ്ടവല്ലാന്നു മാത്രം പറയല്ലേ...സഹിക്കാൻ കഴിയില്ല എനിക്കത്. ആരു വന്നാലും ഒരാൾക്കും ഞാൻ വിട്ടുകൊടുക്കില്ല എന്റെ ജോസൂട്ടിയെ..." അവൾ കൈകൾ ബലപ്പെടുത്തി ഒന്നുകൂടി അവനോടു ചേർന്നാണ് അത് പറഞ്ഞത്. ഈ ജന്മത്തിലല്ല..ഒരുജന്മത്തിലും അവനെ വിട്ടുകൊടുക്കില്ല എന്ന ഉറപ്പ് ആ കൈകളിൽ ഉണ്ടായിരുന്നു.

"എനിക്കായല്ലെങ്കിൽ പിന്നെന്തിനാ എന്റെ മുന്നിൽ വന്നേ..ഞാൻ പോലുമറിയാതെ എന്റെ മനസ്സിൽ കയറിയെ...ഞാൻ ഒരുപാട് സ്വപ്നം കണ്ടുപോയി ജോസൂട്ടി....ജോസൂട്ടിക്ക് എന്നെ വേണ്ടേൽ പിന്നെ ഈ ഡയാന ഇല്ല. ജോസൂട്ടിയില്ലാതെ ഞാൻ ജീവിക്കില്ല ...മരിച്ചുകളയും ജോസൂട്ടി ഞാൻ..സത്യമായിട്ടും....എന്റമ്മയാണെ സത്യം...ജീവിക്കില്ല ഞാൻ.." അവൾ അവന്റെ മാറിൽകിടന്നു പൊട്ടി പൊട്ടി കരഞ്ഞു.

അവളുടെ ആ വാക്കുകൾ കുന്തമുനപോലെയാണ് അവന്റെ ഉള്ളിൽ തറഞ്ഞുകയറിയത്. താൻ അവളുടെ സ്നേഹം നിരസിച്ചാൽ അവൾ സ്വയം ജീവിതം അവസാനിപ്പിക്കും. അവളുടെ അമ്മയെ തൊട്ടാണ് സത്യം ചെയ്തിരിക്കുന്നത്. ഒരിക്കലും അവളെ അങ്ങനെ മരണത്തിനു വിട്ടുകൊടുക്കാൻ അവനു കഴിയുമായിരുന്നില്ല. ഡയാനയോട് എപ്പഴോ തോന്നിയ ഇഷ്ടം, ഉള്ളിൽ അടിച്ചമർത്തിയ ആ ഇഷ്ടം അവളുടെ വാക്കുകളാൽ എല്ലാ വേലിക്കെട്ടുകളും പൊട്ടിച്ചു പുറത്തുവരുന്നതായി അവൻ അറിഞ്ഞു. അവൻ പോലുമറിയാതെ അവന്റെ കൈകൾ അവളെ ചുറ്റിപ്പിടിച്ചിരുന്നു. അവളെ അവനോട് ചേർത്തുനിർത്തിയിരുന്നു.

പെട്ടെന്ന് രാധികയുടെ വാക്കുകളാണ് അവന്റെ മനസിലൂടെ കടന്നുപോയത്. രണ്ടുപേരും ഒരേപോലെ തന്നെ സ്നേഹിക്കുന്നു. ഓരോ വിധത്തിൽ രണ്ടുപേരും തനിക്കു വേണ്ടപ്പെട്ടവർ..ആരെയും സ്വീകരിക്കാനോ നിരസികാനോ കഴിയുന്നില്ല. ഡയാനയോട് രാധികയെ കുറിച്ചോ രാധികയോട് ഡയാനയെ കുറിച്ചോ പറയാൻ സാധിക്കില്ല. രണ്ടുപേരുടെയും സ്നേഹം അത്രയ്ക്ക് തീവ്രമാണ്. അവന്റെ കണ്ണുകൾ നിറയുന്നത് അവൻ അറിഞ്ഞു. കാലം തനിക്കുമുമ്പിൽ ഒരുക്കിയ ഈ പരീക്ഷയിൽ താൻ തോറ്റുപോകുന്നതായി അവനു തോന്നി. എന്തുചെയ്യണമെന്നറിയാതെ അവന്റെ മനസ് കുഴഞ്ഞു മറിയുകയായിരുന്നു.

www.kambistories.com | www.kambikuttan.net

അപ്പോഴും ഡയാനയുടെ കണ്ണുകളില്നിന്നുള്ള കണ്ണീർ പ്രവാഹം നിന്നിരുന്നില്ല. അവന്റെ നെഞ്ചിൽ കിടന്നു അവൾ വിതുമ്പുകയായിരുന്നു. അവൻ അവളെ ആശ്വസിപ്പിക്കാണെന്നോണം അവളുടെ മുടിയിഴകളിൽ തലോടി..ശരിക്കും താൻ ആരെയാണ് സ്നേഹിക്കുന്നത്..ആരുടെ കൂടെ ജീവിക്കാനാണ് ആഗ്രഹിക്കുന്നത്. അവൻ അവന്റെ മനസ്സിനോട് തന്നെ ഒരായിരം വട്ടം ചോതിച്ചു. പക്ഷെ അതിനുള്ള ഉത്തരം അവനെവിടെയും കണ്ടെത്താൻ കഴിഞ്ഞില്ല. ഇതേവിടെച്ചെന്നവസാനിക്കും എന്നവന് ഒരു രൂപവും കിട്ടിയില്ല. ഈ നിമിഷം തനിക്കൊന്നു ഭ്രാന്തു പിടിച്ചുപോയിരുന്നെങ്കിൽ എന്നുപോലും അവൻ ആശിച്ചുപോയി.

ഡയാന അവന്റെ നെഞ്ചിൽ നിന്നും തല ഉയർത്തി അവന്റെ കണ്ണുകളിലേക്ക് നോക്കി. അവളുടെ കണ്ണുകൾ അവൾ തുടച്ചു.

"ഇന്നലെ ഞാൻ അമ്മയോട് പറഞ്ഞിരുന്നു ജോസൂട്ടിയെ പറ്റി. ജോസൂട്ടിയുടെ കൂടെ ജീവിച്ചോട്ടെ എന്നനുവാദവും ചോതിച്ചു...അപ്പൊ അമ്മയെന്ന പറഞ്ഞെന്നറിയുവോ... എന്റെ മോളെ ജോസൂട്ടിയെപോലെ സ്നേഹിക്കാൻ മറ്റാർക്കും കഴിയില്ലാന്നു.." അവൾ ഒരു കൊഞ്ചലോടെയാണ് അത് പറഞ്ഞത്. അവൾ വീണ്ടും അവന്റെ മാറിലേക്ക് ചാഞ്ഞു.

ഇവളോട് ഞാൻ എന്തുപറയണം.. ഈ സ്നേഹത്തില്നിന്നും എങ്ങനെ ഒഴിഞ്ഞുമാറാൻ സാധിക്കും...അവന്റെ മനസിലുയർന്ന ആ ചോദ്യം കണ്ണുനീര്തുള്ളികളായാണ് വെളിയിൽ വന്നത്. ഈശ്വരാ..എന്തിനിങ്ങനെ ഒരു പരീക്ഷണം" അവൻ ദൈവത്തെ വിളിച്ചുപോയി.

എത്ര നേരം അവർ അങ്ങനെ പരസ്പരം പുണർന്നു നിന്നു എന്നവനറിയില്ല. ജോസൂട്ടി തന്നെ അവളെ അവനില്നിന്നും അടർത്തിമാറ്റി. എന്നിട്ട് അവളുടെ കണ്ണുകളിലേക്ക് നോക്കി.

"ഇനി ഡയാന കരയല്ല്..ഇപ്പൊ വീട്ടിലേക്കു പൊയ്ക്കോ..എന്നിട്ട് വേറൊന്നും ആലോചിക്കാതെ നന്നായി കിടന്നുറങ്..എല്ലാം അപ്പൊ ശരിയാകും.." അവൻ അവളുടെ കവിളിൽ തലോടി..

"പിന്നെയെ..നാളെ ഞായറാഴ്ച അല്ലെ. ഓഫീസ് ഇല്ലല്ലോ. അതുകൊണ്ടു നാളെ എന്നെ വയലിൻ വായിക്കാൻ പാടിപ്പിക്കാവോ.."നാണം കലർന്ന അവളുടെ ചോദ്യം.

"നാളെ കുറച്ചു പണിയുണ്ട് ഡയാന..കുറെ അലക്കാനൊക്കെ ഉണ്ട്...പിന്നൊരു ദിവസമാകാം." അവൻ അത് നിരസിച്ചുകൊണ്ടു പറഞ്ഞു.

www.kambistories.com | www.kambikuttan.net

"അപ്പൊ എന്നെ പടിപ്പിക്കാമെന്നു പറഞ്ഞത്...എന്നെ ഇഷ്ടമല്ലാത്തകൊണ്ടല്ലേ അങ്ങനെ പറയുന്നേ. "അവളുടെ കണ്ണുകൾ നിറയാൻ തുടങ്ങിയിരുന്നു.

അവളുടെ ഈ സ്നേഹം കണ്ടില്ലാന്നു നടിച്ചാൽ, അതിൽ നിന്നെല്ലാം ഒഴിഞ്ഞുമാറിയാൽ...അവൾ പറഞ്ഞ വാക്കുകൾ അവന്റെ മനസിലൂടെ കടന്നുപോയി. അങ്ങനെ ഒരിക്കലും സംഭവിക്കാൻ പാടില്ല. അവൻ ഉടനെ അവളുടെ അടുത്തേക്ക് വന്നു. എന്നിട്ട് പതുക്കെ കവിളിൽ തലോടി....

"എനിക്കീ സുന്ദരിക്കുട്ടിയെ ഇഷ്ടമല്ലാന്നു ആരാ പറഞ്ഞെ...നീയെന്റെ ജീവനല്ലേടീ പെണ്ണേ..." അവനതു പറയുമ്പോൾ അവൻ ഉള്ളിൽ കരയുകയായിരുന്നു..മനം നീറിപ്പുകയുകയായിരുന്നു. ആരോടൊക്കെ ഞാൻ നീതി പുലർത്തും എന്ന ചോദ്യമായിരുന്നു അവന്റെ ഉള്ളിൽ ബാക്കി.

"സത്യം..." അവൾ ചെറു നാണത്തോടെ ചോതിച്ചു.

"സത്യം....മോളിപ്പോ പൊയ്ക്കോ...ഞാൻ നാളെ തന്നെ ഈ സുന്ദരിക്കുട്ടിയുടെ അടുത്തേക്ക് വന്നേക്കാം" അവൻ അവളുടെ മുടിയിഴകൾ മാടി ഒതുക്കിക്കൊണ്ടു പറഞ്ഞു.

"അങ്ങാണിപ്പോ ഈ സുന്ദരിക്കുട്ടിയുടെ അടുത്തേക്ക് വരണ്ട...ഈ സുന്ദരിക്കുട്ടി എന്റെ ജോസൂട്ടിയുടെ അടുത്തേക്ക് വന്നേക്കാം.."അവൾ ചെറു ചിരിയോടെ പറഞ്ഞു.

അവൻ ഒന്ന് ചിരിക്കുക മാത്രമാണ് ചെയ്തത്..

"അതേയ്...എനിക്കൊരു കാര്യം പറയാനുണ്ട്..."അവൾ മുഖം താഴ്ത്തി അവനോട് ചേർന്ന് നിന്നുകൊണ്ട് പറഞ്ഞു..

ഇനിയെന്താ എന്ന അർത്ഥത്തിൽ അവൻ അവളുടെ കണ്ണുകളിലേക്ക് നോക്കി..

അവളുടെ നീക്കം പെട്ടെന്നായിരുന്നു. എല്ലാം മനസിലാക്കുന്നതിനുമുമ്പേ അവളുടെ കൈകൾ അവന്റെ തോളിലൂടെ ചുറ്റിപ്പിടിച്ചു ആ പവിഴാധരങ്ങൾ അവന്റെ ആധാരങ്ങളോട് ചേർന്നിരുന്നു. അവന്റെ ചുണ്ടുകളിൽ അവളുടെ ചുണ്ടുകൾ കൊണ്ട് കവിത എഴുതുന്നത് അവൻ അറിഞ്ഞു. അവളുടെ നാവു തന്റെ ഉമിനീരിന്റെ സ്വാത് തിരയുകയാണ്. കുറച്ചു നിമിഷത്തിനു ശേഷമാണ് അവൾ വിട്ടുമാറിയത്. അവളുടെ മുഖത്ത് നാണം കലർന്ന പുഞ്ചിരിയായിരുന്നു. ഒരു നിറഞ്ഞ കല്യാണപെണ്ണിന്റെ നാണം...

www.kambistories.com | www.kambikuttan.net

"ഇത് നേരത്തെ പൂർത്തിയാക്കാൻ സമ്മതിക്കാത്തതിനു.." അതും പറഞ്ഞു അവൾ ചിരിച്ചുകൊണ്ട് പുറത്തേക്കു ഓടി...അവൻ ഒന്നും ചെയ്യാനാവാതെ സ്തംഭിച്ചു നിൽക്കുകയായിരുന്നു.

"ഇന്നത്തേക്ക് ഇത് മതി...നാളെ വേറെ വേണം ജോസൂട്ടി.." അവസാനമായി ചിരിച്ചുകൊണ്ട് അതും പറഞ്ഞു അവൾ കാറിൽ കയറി പോയി...

ഇത് കാലത്തിന്റെ എന്ത് തരത്തിലുള്ള പരീക്ഷണമാണ്...ദൈവം പരീക്ഷണങ്ങൾ തരുമ്പോൾ അതിനുള്ള ഉപായവും തരുമെന്ന് മതറമ്മ പറഞ്ഞത് അവൻ ഓർത്തു. ഇവിടെ...ഈ പരീക്ഷക്ക് എന്തുപായമാണുള്ളത്..എന്തായാലും രണ്ടുപേരെയും വേദനിപ്പിക്കാൻ തനിക്കു കഴിയില്ല. അതിനുള്ള ഉപായം കാലം തനിക്കു മുന്നിൽ അവതരിപ്പിക്കുന്നവരെ ഇങ്ങനെ തന്നെ മുന്നോട്ടു പോട്ടെ എന്നവന് തീരുമാനിച്ചു. അല്ലെങ്കിൽ രണ്ടുപേരും ഇതറിഞ്ഞു തന്നെ വെറുക്കട്ടെ...അവൻ പലതും ചിന്തിച്ചു സ്വയം ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും വേദനകൾ മനസ്സിൽ വിങ്ങലുണ്ടാക്കിക്കൊണ്ടേ ഇരുന്നു.

ആ ദിവസം തള്ളിനീക്കിയത് എങ്ങനെയെന്നുപോലും അവനറിയില്ല. മനസമാധാനമായി ഒന്നുറങ്ങാൻ സാധിച്ചില്ല. രാത്രിയിലുടനീളം മനസ് ചിന്തകളുടെ കൈലാസം കയറിക്കൊണ്ടിരുന്നു. കണ്ണുകളിൽ നിദ്രയുടെ ഭാരം കയറിയത് നേരം പുലരാറായപ്പോഴാണ്. എപ്പോഴാണ് ഉറങ്ങിയതെന്നുപോലും അവനോർമ്മയില്ല.

ശരീരത്തിൽ എന്തിന്റെയോ ഭാരം പിടിച്ചെടുത്തു അത് അബോധമണ്ഡലത്തിൽ നിന്നും ബോധമണ്ഡലത്തിലേക്കു ചുവടുകൾ വെച്ചപ്പോഴാണ് അവൻ കണ്ണുകൾ പതിയെ തുറന്നത്. ആദ്യം അവനൊന്നും മനസിലായില്ല. മൂക്കിൽ അടിച്ചുകയറിയ പരിമളത്തിന്റെയും നനഗ്നമായ വയറ്റിൽ അമർന്നിരിക്കുന്ന മൃതുലതയുടെയും അനുഭവം കണ്ണുകൾ തിരുമി വീണ്ടും നോക്കാൻ അവനെ പ്രേരിപ്പിച്ചു.

ഒരു ഞെട്ടലോടെയാണ് അവൻ അത് കണ്ടത്. തന്റെ തോളോട് ചേർന്ന് തന്നെ കെട്ടിപ്പിടിച്ചുറങ്ങുന്ന ഡയാന.. ഒരു മാലാഖയുടെ പ്രഭയുണ്ടായിരുന്നു അവളുടെ മുഖത്ത്. അവളുടെ മൂക്കും ചുണ്ടുകളും അവന്റെ താടിയിൽ മുട്ടിയാണിരുന്നിരുന്നത്. അവളുടെ ചുടു നിശ്വാസം അവൻ അറിയുന്നുണ്ടായിരുന്നു. ഒരു ലുങ്കി മാത്രമാണ് തന്റെ വേഷം..അവളുടെ വലതുകരം തന്റെ നഗ്നമായ വയറിൽ ചിറ്റിയിരിക്കുകയാണ്.

www.kambistories.com | www.kambikuttan.net

ഇവളിതെങ്ങനെ ഇവിടെ ഇപ്പൊ..എങ്ങനെ ഇവൾ അകത്തുകയറി. താൻ ഇന്നലെ ഡോർ ലോക്ക് ചെയ്തില്ലായിരുന്നോ..അവന്റെ ചിന്തകൾ പലവഴിക്കു തിരിഞ്ഞു. എങ്കിലും അവളില്നിന്നും ഒന്നടർന്നുമാറാൻ അവന്റെ ശരീരം വിസ്സമ്മതിച്ചു. എങ്കിലും മനസിന്റെ ചടുലത വീണ്ടെടുത്ത് അവളുടെ കൈകൾ അവൻ മാറ്റി.. അപ്പോഴേക്കും അവൾ കണ്ണുകൾ തിരുമി തുറന്നു. ഒരു നിറഞ്ഞ പുഞ്ചിരിയാണ് അവൾ ആദ്യം ജോസൂട്ടിക്ക് കൊടുത്തത്.

"എന്നാടാ...നട്ടുച്ച വരെയാണോ കിടന്നുറങ്ങുന്നെ..അതും കതക് പോലും അടക്കാണ്ട്.. ആരേലും വന്നു എന്തെങ്കിലും കൊണ്ടെയാല്പോലും ഒന്നും അറിയില്ല..." അവൾ പറഞ്ഞു.

അപ്പൊ താൻ കതക് അടച്ചിരുന്നില്ല..അപ്പൊ സമയം ഉച്ചയായോ...അവൻ ക്ലോക്കിലേക്കു നോക്കി. 11 മണി കഴിഞ്ഞിരുന്നു.

അവൻ ഉടനെ എഴുന്നേറ്റു ഒരു ടി ഷർട്ടെടുത്തിട്ടു.

"ഉറങ്ങുന്ന കണ്ടാൽ ഉടനെ കൂടെ കേറി കിടക്കുവാണോ വേണ്ടേ..നിനക്കെന്നെ വിളിച്ചുകൂടായിരുന്നോ.." അവൻ അല്പം ദേഷ്യത്തോടെ ആണ് അത് പറഞ്ഞത്..

"അതിനെന്നാ...എന്നായാലും നമ്മൾ ഒരുമിച്ചു കിടക്കണ്ടതല്ലേ...പിന്നെന്താ.." അവളുടെ സ്വരത്തിൽ പരിഭവം പ്രകടമായിരുന്നു..

"ദേ പെണ്ണേ...നിനക്ക് കുറച്ചു കൂടുന്നുണ്ട് കേട്ടോ.." അവൻ വീണ്ടും അല്പം കടുപ്പത്തോടെ പറഞ്ഞു.

അവളുടെ കണ്ണുകൾ നിറയുന്നത് അവൻ കണ്ടു..മഴവില്ലുപോലെ തെളിഞ്ഞിരുന്ന ആ മുഖം വിവർണ്ണനമാകാൻ തുടങ്ങിയിരുന്നു. അത് അവനിലും വേദന ഉണ്ടാക്കി. അവൻ അവളുടെ അടുത്തേക്ക് വന്നു അവളെ തോളിൽ പിടിച്ചു എഴുന്നേൽപ്പിച്ചു. പതിയെ കവിളിൽ തലോടി..

"ചൂടായി പറഞ്ഞതല്ല മോളെ...എന്നാലും വേറെ ആരെങ്കിലും ഇങ്ങോട്ടു വന്നാ...അത് നമ്മൾ ഓർക്കണ്ടേ..എല്ലാത്തിനും ഒരു സമയമുണ്ടല്ലോ...അതുവരെ ഒന്നും വേണ്ട...ഞാൻ ചുമ്മാ പറഞ്ഞതാ..ഇനി കരയണ്ട..." അവൻ പറഞ്ഞു..

www.kambistories.com | www.kambikuttan.net

അവൾ അവനെ തള്ളി മാറ്റി..

"അയ്യേ....മണക്കുന്നു ചെക്കാ...പോയി പല്ലുതേക്കു...ഞാനപ്പോഴേക്കും ഒരു ചായ ഉണ്ടാക്കാം...പിന്നെ നിനക്ക് വേണ്ടി ഒരു സാധനം കൊണ്ടുവന്നിട്ടുണ്ട്.." അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു അടുക്കളയിലേക്കു നടന്നു.

ആ...ഇനി എന്നേലും ആവട്ടെ...വരുന്നത് വരുന്നേടത്തു വെച്ച് കാണാം എന്ന രീതിയിൽ അവനും ബാത്റൂമിലേക്കു കയറി. തിരിച്ചുവന്നപ്പോഴേക്കും ഡയാന ടേബിളിൽ ചായയും ഒരു പ്ലേറ്റും വെച്ചിരിക്കുന്നു. അടുത്ത് ഒരു പൊതിയുമുണ്ട.. അവനെ കണ്ടപ്പോൾ അവൾ പൊതിയഴിച്ചു അതിലുണ്ടായിരുന്നു ദോശ പാത്രത്തിലേക്ക് വിളമ്പി..

"എന്റെ ഗുരുവിനു വേണ്ടി ഗുരുദക്ഷിണയായി എന്റെ കൈകൊണ്ടു ഞാൻ ഉണ്ടാക്കിയ ദോശയും ചമ്മന്തിയും. മോൻ വന്നു കഴിക്കു." അവൾ അവനെ ക്ഷണിച്ചുകൊണ്ടു പറഞ്ഞു.

അവൻ ഒരു പുഞ്ചിരിയോടെ കസേരയിൽ ഇരുന്നു. കഴിക്കാൻ തുടങ്ങിയ അവന്റെ കൈകളിൽ പിടുത്തമിട്ടു അവൾ തടഞ്ഞു. എന്താണെന്നുള്ള അവന്റെ നോട്ടത്തിന് ഒരു പുഞ്ചിരി സമ്മാനിച്ച് അവൾ അവളുടെ വലതുകൈ കൊണ്ട് ആ ദോശ അല്പം മുറിച്ചെടുത്തു...

"ഞാൻ വാരിതരാം എന്റെ ജോസൂട്ടിക്ക്.." അതും പറഞ്ഞു അവൾ അവന്റെ വായിലേക്ക് ദോശ വച്ചു.. അറിയാതെ തന്നെ അവൻ വായ തുറന്നു അത് സ്വീകരിച്ചു. വായിൽ തൊട്ട അവളുടെ കൈവിരലുകൾക്കാണോ അതോ ആ ദോശക്കാണോ ഈ സ്വാദ് എന്നവന് തിരിച്ചറിയാനായില്ല. എപ്പഴോ " ഈ പെണ്ണിതെന്നാ ചെയ്യുന്നെ " എന്ന് മനസ്സിൽ ചോദിച്ചെങ്കിലും അവളുടെ സ്നേഹത്തിന്റെ ആഴം അവനെ വല്ലാതെ വീർപ്പുമുട്ടിക്കുന്നുണ്ടായിരുന്നു. അവളുടെ മിഴികളിൽ നിന്നുള്ള പ്രേമപൂർവമായ നോട്ടം പോലും അവനു താങ്ങാൻ കഴിയുന്നുണ്ടായിരുന്നില്ല. ഭക്ഷണ ശേഷം വയലിൻ വായിക്കാൻ പടിപ്പിക്കുമ്പോഴും അവന്റെ മനസ് പതറുന്നത് അവൻ അറിഞ്ഞിരുന്നു. ഓരോ നോട്ടുകളും അവൾക്ക് പറഞ്ഞുകൊടുക്കുമ്പോഴും അവളുടെ കണ്ണുകൾ പ്രണയതോടെ അവന്റെ മുഖത്ത് മാത്രമായിരുന്നു. അവൾ അടുത്തുള്ള ഓരോ നിമിഷവും അറിയാതെ താൻ മറ്റെല്ലാം മറക്കുന്നതായി അവനു തോന്നി. ഡയാന അവിടെ നിന്നും പോയപ്പോഴും വിധി ഇനിയും തനിക്കുവേണ്ടി എന്താണ് കരുതിവെച്ചിരിക്കുന്നത് എന്ന ചോദ്യം അവന്റെ ഉള്ളിൽ ബാക്കിയായി.

പിറ്റേ ദിവസം സാധാരണ പോലെ കടന്നുപോയി. ഓഫീസിൽ രാധികയോട് അധികം ഒന്നും സംസാരിക്കാൻ അവൻ നിന്നില്ല. ചൊവാഴ്ച രാവിലെ ഫയൽ നോക്കിക്കൊണ്ടിരുന്നപ്പോഴാണ് രാധിക അങ്ങോട്ട് കടന്നുവന്നത്.

www.kambistories.com | www.kambikuttan.net

"എന്താ ജോസൂട്ടി..രണ്ടു ദിവസമായി ഞാൻ ശ്രദ്ധിക്കുന്നു..ഒരു തെളിച്ചമില്ല മുഖത്ത്. എന്നോടും ഒന്നും മിണ്ടാൻ വരുന്നില്ല..എന്നാ പറ്റിയെ." അവൾ വിഷമത്തോടെ ചോതിച്ചു.

"ഏയ് ...ഒന്നൂല്ലടാ..രാധികയ്ക്കു തോന്നുന്നതാ. " അവൻ സാധാരണ പോലെ പറഞ്ഞു.

അവൾ പിന്നെ അതിനെക്കുറിച്ചൊന്നും പറഞ്ഞില്ല..

"അതേയ്...ഇന്ന് പൊന്നൂസിന്റെ ബെർത്തഡേ ആണ്..മറക്കണ്ടാ...വൈകിട്ട് നമ്മുക്ക് ഒരുമിച്ചു പോകാം..കുറച്ചു സാധനങ്ങളും മേടിക്കാനുണ്ട്..വേറെ ആരോടും പറഞ്ഞിട്ടില്ല..നമ്മൾ മാത്രം മതി. ഞാനും ജോസൂട്ടിയും പൊന്നൂസും.."അവൾ പറഞ്ഞു..

ശരിക്കും ആപ്പോഴാണ് പൊന്നൂസിന്റെ ബെർത്തഡേയുടെ കാര്യം അവൻ ഓർക്കുന്നത്..

"മ്.. ശരി രാധൂട്ടി..നമ്മുക്ക് ഒരുമിച്ചു പോകാം.." അവൻ മുഖത്തൊരു പുഞ്ചിരി വരുത്തി പറഞ്ഞു.

അവൾ തിരിഞ്ഞു നടന്നു. അവളുടെ മുഖം വിവര്ണമായിരുന്നു..ജോസൂട്ടിക്ക് എന്തോ സംഭവിച്ചിട്ടുണ്ടെന്നു അവൾക്കു തോന്നി.

വൈകിട്ട് ജോസൂട്ടിയുടെ കൂടെ ബൈക്കിലിരുന്നു പോകുമ്പോഴും അവളുടെ ഉള്ളിൽ ഒരുപാട് ചോദ്യങ്ങളുണ്ടായിരുന്നു..

"എന്താ ജോസൂട്ടി...എന്നാ പറ്റിയെ.. എന്നോടെന്താ ഒരകൽച്ചപോലെ.." ടൗണിൽ ബൈക്കൊതുക്കി ഇറങ്ങുന്നതിനിടയിൽ അവൾ ചോദിച്ചു. അവളുടെ വിഷമം ആ കണ്ണുകളിൽ പ്രകടമായിരുന്നു. അതിന്റെ ഇരുളിമ അവൻ കണ്ടു.

"എന്ത്...ഒന്നൂല്ല രാധൂട്ടി... നിന്നോട് എനിക്കകന്നിരിക്കാൻ പറ്റുമോ...നിനക്ക് തോന്നുന്നതാ..." അവൻ വിഷമം പുറത്തുകാണിക്കാതെ ചിരിയോടെ പറഞ്ഞു.

www.kambistories.com | www.kambikuttan.net

പിന്നെയവൾ ഒന്നും ചോദിച്ചില്ല. ഷോപ്പിൽ കയറി ഒരു കേക്കും പൊന്നൂസിനായി കുറച്ചു കളിപ്പാട്ടങ്ങളും മേടിച്ചു. ജോസൂട്ടിയും അവൾക്കായി മനോഹരമായ ഒരു ഉടുപ്പ് മേടിച്ചു..കുറച്ചു കളിക്കോപ്പുകളും..

അവർ വീട്ടിലേക്കു യാത്ര തുടർന്നു. രാധികയുടെ ഒരുകയ്യിൽ സാധനങ്ങളും മറുകൈ കൊണ്ട് ജോസൂട്ടിയുടെ വയറ്റിലും ചുറ്റി പിടിച്ചിരിക്കുകയായിരുന്നു. കുറച്ചുദൂരം പിന്നിട്ടപ്പോ അവൾ അവനോട് കുറെ കൂടി ചേർന്നിരുന്നു. ജോസൂട്ടിയുടെ മനസ് വീർപ്പുമുട്ടുകയായിരുന്നു. രാധികയുടെയും ഡയാനയുടെയും മുഖം മാറിമാറി മനസ്സിൽ തെളിഞ്ഞു.

പെട്ടെന്നാണ് അത് സംഭവിച്ചത്..എതിരെ ഒരു ടിപ്പർ വേഗത്തിൽ വന്നത് മാത്രമേ അവന് ഓർമ്മയുള്ളു. ശരീരം മുഴുവൻ വേദനിക്കുന്നുണ്ട്..മൂക്കിൽ ചോരയുടെ ഗന്ധം അടിച്ചുകയറുന്നുണ്ട്. അവൻ കണ്ണുകൾ തുറന്നു..റോഡിനു സൈഡിൽ ഡ്രെനേജിനടുത്തായാണ് താൻ കിടക്കുന്നത്. ചുറ്റും അപരിചിതരായ ആളുകൾ . പെട്ടെന്ന് അവന്റെ അബോധമനസിൽ നിന്നും ആരോ മന്ത്രിക്കുന്നപോലെ.." രാധിക"...അവൻ എല്ലാം മറന്നു വേച്ചെഴുന്നേറ്റു. കണ്ണുകൾ

നാല് പാടും പരതി.. അതെ...അവിടെ റോഡിനു നടുവിലായി രക്തത്തിൽ കുളിച്ചുകിടക്കുന്ന തന്റെ രാധിക...അവൻ ഓടി അവളുടെ ശിരസ് അവന്റെ മടിയിലാക്കി. അവളുടെ കണ്ണുകൾ ചെറുതായി ചിമ്മിയടയുന്നുണ്ട്.

"ജോസൂട്ടി.." അവളുടെ തൊണ്ടയിൽ നിന്നും വിറയലോടെ ആ ശബ്ദം പുറത്തുവരുന്നുണ്ടായിരുന്നു.

"ഒന്നൂല്ലടാ...എന്റെ രാധൂട്ടിക്കു ഒന്നൂല്ല..ഒന്നും പറ്റാൻ ഈ ജോസൂട്ടി സമ്മതിക്കില്ല.."അവൻ അകവളുടെ കവിളിൽ തലോടി പറഞ്ഞു. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

"ആരേലും പെട്ടെന്ന് ഒരാമ്പുലൻസ് വിളിക്ക്...പ്ലീസ്.." അവൻ ചുറ്റും കൂടിയിരിക്കുന്നവരോട് കണ്ണീരോടെ യാജനാ സ്വരത്തിൽ കേണു..

"വിളിച്ചിട്ടുണ്ട്" ആരോ പറഞ്ഞു..

"ഏയ്...ഇല്ല ജോസൂട്ടി...എന്റെ സമയമായി..എനിക്കതറിയാം...മരിക്കാൻ എനിക്ക് പേടിയില്ല ജോസൂട്ടി..ഇതെനിക്കുള്ള ശിക്ഷയാ... എന്റെ അത്യാഗ്രഹത്തിനുള്ള ശിക്ഷ..ജോസൂട്ടിയെ ആഗ്രഹിച്ചതിനുള്ള ശിക്ഷ .എന്നാലും ഒരു ജന്മത്തിനു വേണ്ട സ്നേഹം നീ എനിക്ക് തന്നുകഴിഞ്ഞു ജോസൂട്ടി..പക്ഷെ ഒരായിരം ജന്മം നിന്റെ കൂടെ ജീവിച്ചു മരിച്ചാലും കൊതി തീരില്ല ജോസൂട്ടി എനിക്ക്..നീ പറഞ്ഞില്ലേ മരണത്തിനു മാത്രമേ നമ്മളെ ഇനി പിരിക്കാൻ കഴിയൂ എന്ന്..ദൈവം പോലും നമ്മുടെ സ്നേഹത്തിനു മുന്നിൽ തോറ്റു ജോസൂട്ടി. മരണം എന്ന വില്ലനെ തന്നെ അയക്കേണ്ടി വന്നില്ലേ നമ്മളെ പിരിക്കാൻ. എന്റെ പൊന്നൂസിനെ കുറിച്ചോർത്തും എനിക്ക് പേടിയില്ല ജോസൂട്ടി..നീയവളെ ഒരിക്കലും അനാഥയാക്കില്ല എന്ന് എനിക്കറിയാം..ഇനി ഒരാഗ്രഹമേ ഉള്ളു ജോസൂട്ടി..നീയും ഡയാനയും ഒരുമിക്കണം..അവൾക്കു നിന്നെ ഇഷ്ടമാണെന്ന് എനിക്കറിയാം. നിനക്കും.." അവൾ അത് വിറയാർന്ന ശബ്ദത്തോടെയാണ് പറഞ്ഞത്..

www.kambistories.com | www.kambikuttan.net

"എന്തൊക്കെയാ രാധൂട്ടി ഈ പറയുന്നേ..നിനക്കൊന്നൂല്ല"..ജോസൂട്ടി അവളെ ചേർത്ത് പിടിച്ചു.

"എനിക്കറിയാം ജോസൂട്ടി..നിനക്കവളെ ഇഷ്ടമാണ്..നിങ്ങൾ തമ്മിൽ ഒരുമിക്കണം..ഒരു നക്ഷത്രമായി ഞാൻ മുകളിൽ വരുമ്പോ എനിക്ക് നിങ്ങളെ കാണണം. ജോസൂട്ടി....എന്റെ പൊന്നൂസ് നിങ്ങൾക്കൊരു ബാധ്യ....."അത് പറഞ്ഞു മുഴുവിക്കാൻ അവൾക്കു സാധിച്ചില്ല. അവളുടെ വായില്നിന്നും രക്തം ഒഴുകുന്നത് നുറുങ്ങിയ ഹൃദയത്തോടെ അവൻ കണ്ടു...അവളിൽ നിന്നും ജീവൻ പറന്നകലാൻ വെമ്പുന്നത് അവൻ അറിഞ്ഞു. അവളെ കൈകളിൽ കോരി എടുത്തു

ചുവടുകൾ വെക്കാൻ അവൻ ശ്രമിച്ചു. മനസിന്റെ ആ ശ്രമത്തെ ശരീരം തോല്പിച്ചുകളഞ്ഞു. അവൻ അവളുടെ കണ്ണുകളിലേക്ക് നോക്കി. പക്ഷെ തുറന്നിരുന്ന ആ കണ്ണുകളിൽ ജീവന്റെ തിളക്കം അവൻ കണ്ടില്ല..തന്റെ മേനിയിൽ കഥ പറഞ്ഞ ആ അധരങ്ങൾ ഇനി ചലിക്കില്ല...ആത്മാവ് നഷ്ടപ്പെട്ട ആ ശരീരം താങ്ങി പിടിച്ചവൻ തേങ്ങി തേങ്ങി കരഞ്ഞു. അവന്റെ കണ്ണില്നിന്നും അടർന്നുവീണ കണ്ണുനീർത്തുള്ളി അവളുടെ കവിളിൽ കിനിഞ്ഞ രക്തത്തുള്ളിയിലേക്കു ലയിച്ചു ചേർന്നു.. കാലം അവർക്കു മുമ്പിൽ ഒരുക്കിയ പരീക്ഷയിൽ ഇങ്ങനെ ഒരു ഉത്തരം കൊടുക്കേണ്ടിവന്ന ദൈവത്തിന് പോലും വിഷമം തോന്നിയിരിക്കാം. അതിന്റെ പ്രതിഫലനമായി ദൈവത്തിന്റെ കണ്ണുനീർത്തുള്ളികൾ പോലെ മഴത്തുള്ളികൾ മണ്ണിലേക്ക് ഇറ്റുവീണു....

"അങ്കിൾ...പൊന്നൂസിന് ഇനി അമ്മയെ ഒരിക്കലും കാണാൻ പറ്റില്ലേ..." ആ ചോദ്യം ജോസൂട്ടിയുടെ കർണപടങ്ങളിൽ ഒരു പ്രകമ്പനം പോലെയാണ് പതിച്ചത്..ജോസൂട്ടിയുടെ നെഞ്ചിൽ തല ചായ്ച്ചു അവനോടു ചെന്ന് കിടക്കുവായിരുന്നു പൊന്നൂസ്. അവൻ ആ കുഞ്ഞിനെ ചേർത്തുപിടിച്ചു മുടിയിഴകളിൽ വാൽസല്യപൂർവ്വം തലോടിക്കൊണ്ടിരുന്നു. അപ്പോഴൊക്കെ അവന്റെ മനസ്സിൽ അവൻ തേടുകയായിരുന്നു ആ കുഞ്ഞിന് കൊടുക്കേണ്ട ഉത്തരം...

"പൊന്നൂസിന് ഇനി ആരുല്ലേ അങ്കിൾ..." വീണ്ടും പൊന്നൂസിനെ നിഷ്കളങ്കതയോടെയുള്ള ചോദ്യം അവന്റെ കാതുകളിൽ പതിച്ചു...ഉത്തരം കൊടുക്കണം..ഇനിയവളുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം കൊടുക്കേണ്ടത് താനാണ്..

www.kambistories.com | www.kambikuttan.net

"മോൾക്കിനി അമ്മയെ കാണാൻ പറ്റില്ലെന്നും മോൾക്കിനി ആരൂല്ലെന്നും ആരാ പറഞ്ഞെ..അങ്കിളില്ലേ മോൾക്ക്..അങ്കിളിനു മോളും മോൾക്ക് അങ്കിളും.. പിന്നെ മോളെ ഇനിയും അമ്മ കാണാൻ വരും..പക്ഷെ മോളുറങ്ങുമ്പോഴായിരിക്കും വരിക..മോൾടെ സ്വപ്നത്തിൽ...മോളെ പാട്ടുപാടി ഉറക്കാനും ഉമ്മ തരാനും കെട്ടിപ്പിടിച്ചിരിക്കാനും എല്ലാം അമ്മ വരും...പിന്നെ നമ്മള് രണ്ടുപേരും ഒരുമിച്ചല്ലേ ഇനി ജീവിക്കാൻ പോണേ.." ആ വാക്കുകൾക്കൊപ്പം അവൻ വാത്സല്യപൂർവം അവളുടെ നെറ്റിയിൽ ഒരു ചുംബനവും നൽകി..ആ കുഞ്ഞു കരങ്ങളാൽ ജോസൂട്ടിയെ ചുറ്റി..അവന്റെ തലോടലിൽ ആ കുഞ്ഞിന്റെ കണ്ണുകൾ പതിയെ അടഞ്ഞു അവൾ നിദ്രയിലേക്ക് വഴുതി വീണു..

ജോസൂട്ടിയുടെ കണ്ണുകളിൽക്കൂടി കഴിഞ്ഞ ദിവസങ്ങളിലെ സംഭവങ്ങൾ കടന്നുപോയി...അതിന്റെ പ്രതിഫലനമെന്നോണം അവന്റെ കണ്ണുകൾ ഈറനണിഞ്ഞു...രാധിക എന്നന്നേക്കുമായി തങ്ങളെ വിട്ടുപോയിട്ടു ഇപ്പൊ രണ്ടു ദിവസം കഴിഞ്ഞു..എത്രയൊക്കെ നിയന്ത്രിക്കാൻ ശ്രമിച്ചിട്ടും അവളുടെ മുഖം മാത്രമാണ് മനസ്സിൽ തെളിയുന്നത്...നാണിച്ചു തന്റെ നെഞ്ചിൽ മുഖം പൂഴ്ത്തുന്നതും കെട്ടിപ്പിടിച്ചു കൊഞ്ചലോടെ സംസാരിക്കുന്നതും ആ അധരങ്ങൾ പാനം ചെയ്തതും എല്ലാം...അപ്പോഴൊക്കെ മനസ് വെട്ടിപ്പിളരുന്നതുപോലെയാണ് അവനു തോന്നിയത്... നമ്മളോടൊപ്പമുണ്ടായിരുന്നയാൾ എന്നന്നേക്കുമായി നമ്മളെ വിട്ടുപോകുമ്പോഴാണ് അവരെ നമ്മൾ എത്രമാത്രം സ്നേഹിച്ചിരുന്നു എന്ന് നമ്മുക്ക് അറിയാൻ സാധിക്കുന്നത് എന്നവന് തോന്നി..

ഈ കഴിഞ്ഞ രണ്ടു ദിവസവും ഓഫീസിൽ പോയിട്ടില്ല...പൊന്നൂസും സ്കൂളിൽ പോയിട്ടില്ല..കളിയും ചിരിയുമില്ലാതെ പൊന്നൂസിനെയും ചേർത്തുപിടിച്ചു വെറുതെ ഇരുന്നു...ഈ രണ്ടു ദിവസവും പകൽ മുഴുവൻ സമയവും തന്നെ ഡയാന അവിടെ ഉണ്ടായിരുന്നത് അവൻ ഓർത്തു.. രാവിലെ തന്നെ അവൾ വരും..പക്ഷെ തന്നെ ഒന്നിനും തന്നെ അവൾ ബുദ്ധിമുട്ടിച്ചിട്ടില്ല...അധികം ഒന്നും മിണ്ടിയിട്ടില്ല...വന്നു റൂമെല്ലാം വൃത്തിയാക്കും...ഭക്ഷണം ഉണ്ടാക്കും....നിർബന്ധിച്ചു കുറച്ചു കഴിപ്പിക്കും..പൊന്നൂസിന് വാരിക്കൊടുക്കും...അവളെ കുളിപ്പിക്കും..അങ്ങനെ..ഒരു ഭാര്യയെപോലെ...ഒരു അമ്മയെ പോലെ...ഈ രണ്ടുദിവസവും നന്ദിയോടെ ഒരു നോട്ടം പോലും കൊടുക്കാൻ തനിക്ക് സാധിച്ചിട്ടില്ല.. ഇവളെന്തിനാണ് ഇതൊക്കെ ചെയ്യുന്നതു എന്ന് ചിന്തിച്ചിട്ടുണ്ട്...അറിയാം...അതു തന്നോടുള്ള അവളുടെ സ്നേഹം കൊണ്ടാണ്...പക്ഷെ അത് പൂർണമായും സ്വീകരിക്കാനും മനസാനുവതിക്കുന്നില്ല..എന്തൊക്കെയാണേലും നടക്കാനുള്ളത് നടന്നെ പറ്റു... എന്തായാലും നാളെ ഒരു ദിവസം കൂടി ലീവ് പറഞ്ഞിട്ടുണ്ട്...താൻ സാഹചര്യങ്ങളെ സ്വീകരിചേ മതിയാകൂ...പൊന്നൂസിനെയും പഴയപോലെ മാറ്റിയെടുക്കണം എന്ന ചിന്തയോടെ അവൻ കണ്ണുകൾ അടച്ചു...

പിറ്റേന്ന് കാറിൽനിന്നിറങ്ങി മുറ്റത്തുനിന്നും കോട്ടേഴ്സിന്റെ അകത്തേക്ക് കടന്നപ്പോൾ സോഫയിൽ തളർന്നപോലെയിരിക്കുന്ന ജോസൂട്ടിയെയും അവന്റെ നെഞ്ചിൽ തല ചായ്ച്ചുറങ്ങുന്ന പൊന്നൂസിനെയുമാണ് ഡയാന കണ്ടത്..രണ്ടുദിവസമായി താൻ കാണുന്ന ഈ കാഴ്ചക്ക് മാറ്റമൊന്നുമില്ല എന്ന് കണ്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. എന്തോ..ജോസൂട്ടി വിഷമിച്ചിരിക്കുന്നത് കാണുമ്പോ അവൾക്കത് താങ്ങാൻ കഴിയുന്നുണ്ടായിരുന്നില്ല. ഇതിൽ ഒരു മാറ്റം വരുത്താൻ അവൾ തീരുമാനിച്ചു. ഇനിയും അവന്റെ വിഷമത്തെ തനിക്കു കണ്ടില്ലെന്നു നടിക്കാൻ കഴിയില്ല..അവളുടെ കണ്ണുകൾ അവൾ തുടച്ചു. മുഖത്തു ഒരു പുഞ്ചിരി വരുത്തി..

www.kambistories.com | www.kambikuttan.net

"അതെ ...അങ്കിളും മോളുംകൂടി ഇങ്ങനെ ഉറങ്ങിയാൽ ശരിയാവില്ല...എഴുന്നേറ്റെ..." ഡയാന അകത്തേക്ക് കടന്നുകൊണ്ട് പറഞ്ഞു.

ജോസൂട്ടി പതുക്കെ കണ്ണുകൾ തുറന്നു. അവൻ ഉണർന്നപ്പോൾ ഉണ്ടായ അവന്റെ ചലനം പൊന്നൂസിനെയും ഉണർത്തി....അവൾ കണ്ണുകൾ തുറന്നു നോക്കി. മുന്നിൽ പുഞ്ചിരിച്ചുകൊണ്ട് ഡയാന ആന്റി...

"ആന്റി..." പൊന്നൂസ് നേർത്ത ശബ്ദത്തിൽ വിളിച്ചൂ..

"ആന്റീടെ പൊന്നൂസ് വാടാ..." ഡയാന പൊന്നൂസിനെ ജോസൂട്ടിയുടെ മടിയില്നിന്നും എടുത്തു വാത്സല്യപൂർവം ചുംബിച്ചു...

"ദേ..ജോസൂട്ടി ...എഴുനേറ്റെ...മൂന്നു ദിവസായി ഇങ്ങനെ ഇരിക്കാൻ തുടങ്ങിയിട്ട്....ഇനിയും ഇത് തുടർന്ന രാധികച്ചേച്ചി എന്നോടാ ചോദിക്കുക..എന്റെ പൊന്നുമോള് പൊന്നൂസിനെയും എന്റെ പൊന്നനിയൻ ജോസൂട്ടിയെയും നോക്കാണ്ട് നീ അവിടെ എന്നാ ചെയ്യുവായിരുന്നെടീ എന്ന്..അല്ലെ പൊന്നൂസ്"..അവൾ പൊന്നൂസിനെ നോക്കി ജോസൂട്ടിയോടായി പറഞ്ഞു. ജോസൂട്ടി കണ്ണുകൾ ഉയർത്തി ഡയാനയെ നോക്കി. അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു...

തന്റെ രാധികക്കു താൻ അനിയനായിരുന്നോ... മറ്റുള്ളവരുടെ കണ്ണിൽ അങ്ങനെ ആയിരിക്കാം..പക്ഷെ ഞങ്ങൾക്കിടയിൽ...അവന്റെ മനസ്സിൽ വേദന നിറഞ്ഞു. അവൻ നിറകണ്ണുകളോടെ ഡയാനയെ നോക്കി...പക്ഷെ ചേച്ചിയെപോലെ കണ്ടിരുന്നവളുടെ നഷ്ടത്തിന്റെ ദുഃഖമാണ് അവൾക്കത്തിൽ കാണാൻ കഴിഞ്ഞത്.

www.kambistories.com | www.kambikuttan.net

"അപ്പൊ ആന്റി എന്റമ്മയെ കണ്ടോ..." പൊന്നൂസ് അത്ഭുതമൂറ്ന്ന മിഴികളോടെ ചോതിച്ചു..

"പിന്നെ...ഇന്നലെ ആന്റി ഉറങ്ങിയപ്പോ മോൾടെ അമ്മ ആന്റീടെ സ്വപ്നത്തിൽ വന്നായിരുന്നു..എന്നിട്ട് പറഞ്ഞു...എന്റെ പൊന്നൂസിനോട് പറയണം...നന്നായി പഠിക്കണം പഴയപോലെ കളിച്ചു ചിരിച്ചു നടക്കണം എന്നൊക്കെ പൊന്നൂസിനോട് പറയാൻ പറഞ്ഞു..അതുകൊണ്ടു ഇനി പൊന്നൂസും ആന്റിയും കൂടി കളിച്ചും ചിരിച്ചും കഥകൾ പറഞ്ഞും സന്തോഷത്തോടെ ജീവിക്കാൻ പോവല്ലേ..."ഡയാന അവളുടെ കവിളിൽ ചുംബിച്ചു...

"പൊന്നൂസുകുട്ടി...മോള് പല്ലു തേച്ചായിരുന്നോ...." ഡയാന പൊന്നൂസിനോടയി ചോതിച്ചു..

അവൾ ഇല്ല എന്നയർത്തിൽ തലയിളക്കി.

"ഈ അങ്കിളിനു ഒരു ശ്രദ്ധയുമില്ല..മോള് വാ ...ആന്റി തേപ്പിക്കാം...എന്നിട്ട് നമ്മുക്കു ഭക്ഷണം കഴിച്ചു കുറെ കളികളൊക്കെ കളിക്കണം.."

ഡയാന പൊന്നൂസിനെയും കൊണ്ട് വാഷ് റൂമിലേക്ക് പോയി..അവളെ നിലത്തു നിർത്തി ബ്രെഷിൽ പേസ്റ്റിട്ടു അവളുടെ കുഞ്ഞി കൈകളിൽ വച്ചുകൊടുത്തു...

"മോള് പല്ലു തെക്കു...ആന്റി ഇപ്പൊ ഓടി വരാം കേട്ടോ..." അതും പറഞ്ഞു പൊന്നൂസിനെ നെറ്റിയിൽ ഒരു ചുംബനവും കൊടുത്ത ഡയാന ജോസൂട്ടിയുടെ അടുത്തേക്ക് പോയി..

"എന്നാ ജോസൂട്ടി നീയിങ്ങനെ...എല്ലാം മറന്നല്ലേ പറ്റു... കഴിഞ്ഞത് നമ്മുക്ക് ഒരിക്കലും മാറ്റാൻ പറ്റില്ലല്ലോ..പൊന്നൂസിനെ പറ്റിയെങ്കിലും നീ ആലോചിക്കണം..നീ ഇങ്ങനെ ഇരിക്കുന്നത്കൊണ്ടാ ആ കുഞ്ഞും വിഷമത്തോടെ ഇരിക്കുന്നത്...നീയൊന്നു ഉഷാറാവ് ജോസൂട്ടി..." അവൾ അവന്റെ അടുത്തിരുന്നു ആ കവിളിൽ പിടിച്ചുകൊണ്ടു പറഞ്ഞു..

അവൻ അവളെ നോക്കി ഒന്ന് ദുർബലമായി ഒന്ന് ചിരിച്ചു...പക്ഷെ അത് വളരെ ദുർബലമായിരുന്നു എന്ന് അവനു തന്നെ തോന്നി.

"അയ്യോടാ...പാവം..എന്നെ സമാധാനിപ്പിക്കാൻ വേണ്ടിയാണോ അങ്ങനെ ചിരിച്ചേ... അങ്ങാനല്ലാ ജോസൂട്ടി...എന്നെപോലെ ഏതു ക്രൂരയുടെയും മനസ്സിളക്കാൻ പോന്ന ആ പഴയ ചിരി..അതാണ്... മനസിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ആ ചിരിയാണ് എനിക്ക് വേണ്ടത്..." അവൾ അവന്റെ നെഞ്ചിലേക്ക് ചാരി അവനെ കെട്ടിപ്പിടിച്ചുകൊണ്ടാണ് അത് പറഞ്ഞത്.

www.kambistories.com | www.kambikuttan.net

കുറച്ചുനേരം അവരങ്ങനെ ഇരുന്നു...പെട്ടന്ന് എന്തോ ഓർത്തിട്ടെന്നപോലെ അവൾ ചാടി എഴുന്നേറ്റു അകത്തേക്ക് പോയി. പൊന്നൂസിന്റെ അടുത്തേക്കാണ് അവൾ പോയത്. അവൾ ചെന്നപ്പോഴേക്കും പൊന്നൂസ് ബ്രെഷ് ചെയ്തു കഴിഞ്ഞിരുന്നു..

"ആഹാ...പൊന്നൂസ് പല്ലുതേച്ചു മിടുക്കിയായല്ലോ...ഇനി നമ്മുക്ക് ഒന്ന് കുളിക്കാം...കുളിച്ചുകഴിഞ്ഞു ഭക്ഷണം കഴിച്ചു നമ്മുക്ക് പുറത്തു പോണം.." അവൾ ആ കുഞ്ഞിന്റെ കവിളിൽ നുള്ളി...

"എന്തിനാ ആന്റി പുറത്തുപോണേ.."

"അത്....നമ്മുക്ക് പാർക്കിൽ പോണം..ബീച്ചിൽ പോണം..പൊന്നൂസിന് ഉടുപ്പൊക്കെ മേടിക്കണം..ഒരു സിനിമ കാണണം...അങ്ങനെ അങ്ങനെ ഒരുപാട്....."

അത് മതിയായിരുന്നു ആ കുഞ്ഞി മനസ് സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ..

"ഹായ്...എന്നാ പൊന്നൂസിനെ വേഗം കുളിപ്പിക്കു ആന്റി...എനിക്ക് കൊതിയാവുന്നു..." ഡയാന പുഞ്ചിരിയോടെ പൊന്നൂസിന്റെ ഡ്രസ്സ് എല്ലാം ഊരിയെടുത്തു..

ഡയാന ഒരു ചുരിതാറാണ് ഉടുത്തിരുന്നത്..അത് നനയാതിരിക്കാൻ അവൾ ഒരു വലിയ തോർത്തുകൊണ്ടു ചുറ്റി..

തണുത്ത വെള്ളം ആ കിളുന്നു മേനിയിലേക്കു അവൾ ഒഴിക്കുമ്പോൾ പൊന്നൂസ് തുള്ളിച്ചാടി..

"ആന്റി..നല്ല തണുപ്പ്...."

www.kambistories.com | www.kambikuttan.net

"ഇങ്ങനെ രാവിലെ പച്ചവെള്ളത്തിൽ കുളിച്ചാൽ എന്റെ പൊന്നൂസ് ഉഷാറാവും.." ഡയാന പൊന്നൂസിനെ കുളിപ്പിച്ച് പുറത്തേക്കിറക്കി അവളെ ഡ്രസ്സ് ധരിപ്പിച്ചു..മുടിയെല്ലാം വൃത്തിയായി ചീകിവച്ചു..

"ഹോ..ഇപ്പൊ ആന്റീടെ പൊന്നൂസ് എത്ര സുന്ദരിയായി...മിടുക്കി കുട്ടിയായി..." അവൾ ആ കുഞ്ഞിന്റെ മുഖം അവളുടെ കരങ്ങൾക്കുള്ളിലാക്കി പറഞ്ഞു.

"ആന്റിയെ കാണാനും നല്ല രസാ.. ഒത്തിരി സുന്ദരിയാ ആന്റി.." പൊന്നൂസ് അവളുടെ നിഷ്കളങ്കതയോടെ പറഞ്ഞു..

"ആഹാ..അമ്പടി.. മോൾക്കിഷ്ടാണോ ആന്റിയെ.."

"മ്... ഒത്തിരി ഇഷ്ടാ..." ആ വാക്കുകൾക്കൊപ്പം ഡയാനയുടെ കവിളിൽ ഒരു ചുംബനവും പൊന്നൂസ് കൊടുത്തു..

"എന്നാ മോൾടെ അങ്കിളിനോട് പറ ഈ ആന്റിയെ കെട്ടിക്കോളാൻ."

"ഹായ്..എന്നാ രാസമായിരിക്കും അപ്പൊ.." പൊന്നൂസ് സന്തോഷത്തോടെ തുള്ളിച്ചാടി..

"മ്... മതി...ഇനി നമ്മുക്ക് ഭക്ഷണം കഴിക്കാം.. മോൾക്കുവേണ്ടി ഇന്നു നല്ല പുട്ടപ്പാ ആന്റി കൊണ്ടുവന്നെ.. നല്ല കടല കറിയും..വാ" ഡയാന പൊന്നൂസിനെ കൈകളിൽ എടുത്തു ഹാളിലേക്ക് വന്നു. അവളെ ചെയറിൽ ഇരുത്തി പുറത്തെക്കുപോയി കാറിൽ ഇരുന്ന ഭക്ഷണവും ഒരു ഫ്ലാസ്കുമായി വന്നു. അവൾ കൊണ്ടുവന്ന ഭക്ഷണം രണ്ടു പാത്രത്തിലേക്കായി അവൾ വിളമ്പി..ഫ്ലാസ്കിലിരുന്ന ചായയും രണ്ടു ഗ്ലാസുകളിലേക്കായി പകർന്നു..

"ജോസൂട്ടി..പെട്ടെന്ന് വന്നു കഴിച്ചു റെഡി ആക്..ഇന്ന് പൊന്നൂസിനെയും കൊണ്ട് കറങ്ങാൻ പോവാണ്ടതാ...ഇന്ന് പൊന്നൂസിന്റെ ദിവസാ.. അല്ലെ പൊന്നൂസുകുട്ടി.." ഡയാന കുറച്ചു പുട്ടെടുത്തു പൊന്നൂസിന് വരിക്കൊടുത്തുകൊണ്ടു പറഞ്ഞു.

"പൊന്നൂസ് അതിനുത്തരമായി സന്തോഷത്തോടെ തലയിളക്കി കാണിച്ചു.

www.kambistories.com | www.kambikuttan.net

ജോസൂട്ടി അതുവേണോ എന്ന അർത്ഥത്തിൽ അവളെ നോക്കി..ഡയാന വന്നു അവന്റെ കയ്യിൽ പിടിച്ചുകൊണ്ടുപോയി ടേബിളിൽ ഇരുത്തി.

"പെട്ടെന്ന് കഴിക്കു ജോസൂട്ടി...അല്ലേൽ ഞങ്ങൾ പോകും..." അവൾ അല്പം ദേഷ്യത്തോടെ പറഞ്ഞു. ഒന്നാലോചിച്ചപ്പോൾ ഡയാന പറഞ്ഞത് ശരിയാണെന്ന് അവനു തോന്നി..താൻ കാരണമായിരുന്നു പൊന്നൂസും ആകെ തളർന്നിരുന്നത്..ഇപ്പൊ അവളുടെ മുഖത്താ പഴയ സന്തോഷം തിരിച്ചു വന്നിട്ടുണ്ട്..ഇനി അത് പോവാതെ നോക്കണം..അവളുടെ സന്തോഷമാണ് നോക്കേണ്ടത്..

ജോസൂട്ടി വേഗം തന്നെ ഭക്ഷണം കഴിച്ചു..അവൻ റെഡി ആയി വന്നപ്പോഴേക്കും ഡയാനയും പൊന്നൂസും കാറിൽ ഇരുപ്പുറപ്പിച്ചിരുന്നു..ജോസൂട്ടിയാണ് കാർ ഡ്രൈവ് ചെയ്തത്...ഡയാനയും പൊന്നൂസും ഒരുമിച്ചു കളിച്ചു ചിരിച്ചാണിരുന്നത്...

അന്ന് മുഴുവൻ പൊന്നൂസിന് സന്തോഷത്തിന്റെ ദിവസമായിരുന്നു..രാധികയുടെ കുറവറിയാതെ അവളെ സന്തോഷത്തിൽ ആറാടിക്കുവാൻ ഡയാനക്കു കഴിഞ്ഞു..ജോസൂട്ടിയുടെ ഉള്ളിലും

എന്തെന്നില്ലാത്ത സന്തോഷം തോന്നി. പൊന്നൂസിന് ഡ്രസ്സ് എടുക്കാനും അവളെ അതുടുപ്പിക്കാനും എല്ലാം ഡയാന മത്സരിച്ചു..ഉച്ചക്ക് ഭക്ഷണം കഴിക്കാൻ കയറിയപ്പോ മടിയിലിരുത്തി പൊന്നൂസിനെ ഊട്ടിക്കുന്ന ഡയാനയെ ജോസൂട്ടി നോക്കി നിന്നുപോയി..അവളിൽ തുളുമ്പി നിന്ന മാതൃവാത്സല്യം അവന്റെ കണ്ണുകൾ ഈറനാക്കി..അവളെ ജീവിതകാലം മുഴുവൻ തനിക്കു തന്നുകൂടെ എന്ന് ദൈവത്തോട് അവൻ അറിയാതെ ചോദിച്ചുപോയി. എത്ര നിയന്ത്രിച്ചിട്ടും മനസ്സിൽ തകിട്ടി വന്ന ഡയാനയോടുള്ള ഇഷ്ടം നിയന്ത്രിച്ചു നിർത്താൻ അവനു കഴിഞ്ഞില്ല..

വൈകിട്ട് നാലുമണിയോടെ ആണ് അവർ ബീച്ചിലെത്തിയത്.. ചെന്നപാടെ പൊന്നൂസും ഡയാനയും വെള്ളത്തിലേക്കിറങ്ങി...അവർ രണ്ടു പേരും അവിടെ ഒരു ഉത്സവ മേളമാണുണ്ടാക്കിയത്..തിരയെ പിടിക്കാണെന്ന പോലെ തിരക്കുപുറകെ ഓടാനും മണലിൽ പേരെഴുതാനും എല്ലാം മത്സരിച്ചു... അവിടെ ഉള്ള എല്ലാവരുടെയും ദൃഷ്ടി അവരിൽ തന്നെയായിരുന്നു..

"വാ അങ്കിൾ....നമ്മുക്ക് കളിക്കാം.." വെള്ളത്തിൽ ഇറങ്ങാൻ മടിച്ചുനിന്ന ജോസൂട്ടിയെ കയ്യിൽ പിടിച്ചു വലിച്ചുകൊണ്ട് പൊന്നൂസ് പറഞ്ഞു..പുറകെ ഡയാനയും വന്നു അവനെ വലിച്ചു കൊണ്ടുപോയി..അവിടെ എത്തിയപ്പോഴേ അവന്റെ മെത്തേക്ക് വെള്ളം തെറിപ്പിക്കാൻ മത്സരിക്കുകയായിരുന്നു ഡയാനയും പൊന്നൂസും.. പതിയെ ജോസൂട്ടിയും അതു ആസ്വദിക്കാൻ തുടങ്ങി.

www.kambistories.com | www.kambikuttan.net

തിരയുടെ പുറകെ ഓടികളിക്കുകയായിരുന്നു പൊന്നൂസ്. തിരയടിച്ചു വന്നപ്പോൾ പിടികൊടുക്കാതെ എന്നവണ്ണം അവൾ ചിരിയോടെ തിരിഞ്ഞോടി....അവിടെ നിക്കുകയായിരുന്നു ഡയാനയെ പൊന്നൂസ് കെട്ടിപ്പിടിച്ചു...

"അമ്മേ...." ആ കുഞ്ഞിന്റെ അധരങ്ങളിൽ നിന്നും ആ ശബ്ദമാണ് ഡയാനക്കു നേരെ ഉയർന്നത്. ഒരുനിമിഷം ഡയാനയും ജോസൂട്ടിയും പകച്ചുനിന്നു..എന്തുചെയ്യണമെന്നറിയാതെ രണ്ടുപേരും പരസ്പരം നോക്കി. അവരുടെ രണ്ടുപേരുടെയും മുഖത്തുണ്ടായ അമ്പരപ്പും മൂകതയും പൊന്നൂസിന്റെ മുഖതും വിഷമം പകർത്തി. ആ കുഞ്ഞു മനസ് എന്താണ് കാരണം എന്നുപോലും മനസിലാകാതെ പകച്ചുനിന്നു.

പൊന്നൂസിനെ മുഖത്തെ വിഷമം കണ്ടപ്പോ ഡയാന അവളുടെ മുമ്പിൽ മുട്ടുകുത്തി അവളുടെ മുഖം കൈകളിൽ എടുത്തു..ഡയാനയുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

"എന്താ മോളെന്നെ വിളിച്ചേ..." അത് ചോദിക്കുമ്പോൾ അവളുടെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണുനീർ അടർന്നുവീണിരുന്നു.

പൊന്നൂസ് ഒന്നും മിണ്ടാതെ തല കുമ്പിട്ടിരിക്കുകയാണ് ചെയ്തത്. ആ കുഞ്ഞു മനസ്സിൽ അവൾ ചെയ്തത് തെറ്റാണ് എന്ന് തോന്നിയിരിക്കാം.

എന്നാൽ ഡയാന പൊന്നൂസിനെ കൈകൾകൊണ്ടു ചുറ്റി നെഞ്ചോട് ചേർത്തു. അവളുടെ മുഖം ചുംബനങ്ങളാൽ മൂടി..ഡയാനയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

"അതേടാ...മോൾടെ അമ്മ തന്നെയാ...ഇനി മോൾടെ അമ്മ ഈ ഞാനാ..എന്നെ ഇനി മോള് അമ്മ എന്ന് വിളിച്ചാൽ മതി....എന്റെ പൊന്നൂസാ ഇത്..." കണ്ണീരോടെ ഡയാന വീണ്ടും വീണ്ടും പൊന്നൂസിനെ ചുംബിച്ചു..

ഇതെല്ലാം കണ്ടുനിന്ന ജോസൂട്ടിയുടെ കണ്ണുകളും നിറയുന്നുണ്ടായിരുന്നു. അതെ....ഈ ദിവസങ്ങളിൽ ഡയാന പൊന്നൂസിനെ നോക്കിയത്, അവളെ താലോലിച്ചത്,ഊട്ടിയത്,,കുളിപ്പിച്ചത്...ഇപ്പോൾ വരെ വാരി പുണർന്നത്.... അറിയാതെ ആണേലും എപ്പോഴൊക്കെയോ ആവൾ ആ കുഞ്ഞിന്റെ അമ്മയായി മാറുകയായിരുന്നു. കളങ്കമില്ലാത്ത ആ പിള്ളമനസിൽ അവൾ ശരിക്കും ആ കുഞ്ഞിന്റെ അമ്മയാണ് എന്ന തോന്നാലുണ്ടാക്കിയതാണ്..

www.kambistories.com | www.kambikuttan.net

ഡയാന ഇതെല്ലാം ചെയ്യുന്നത് തനിക്കുവേണ്ടിയാണ് എന്നവനറിയാം... പൊന്നൂസിനെ കൈവിടാതെ തന്റെ മോളായി കൂടെകൂട്ടാൻ താൻ തീരുമാനിച്ചപ്പോൾ തനിക്കുവേണ്ടി...തന്റെ ഇഷ്ടങ്ങൾക്കുവേണ്ടി അവൾ പൊന്നൂസിന്റെ അമ്മയായി മാറുകയാണ്...ഇന്ന് ഒരിക്കൽപോലും തന്നോട് പ്രേമഭാവത്തിൽ അവൾ പെരുമാറിയിട്ടില്ല എന്നവനോർത്തു... എല്ലാ സമയവും ചെയ്തികളും പൊന്നൂസിനെ സന്തോഷിപ്പിക്കുവാനായി..ആ കുഞ്ഞിന്റെ മുഖത്തെ പുഞ്ചിരി കാണുവാനായി മാത്രം അവൾ ചെയ്യുന്നു.... അതാണ് തന്റെ സന്തോഷം എന്നവൾക്കറിയാം..ഇത്രയേറെ തന്നെ സ്നേഹിക്കുമ്പോൾ പലപ്പോഴും അവൾക്കുമുമ്പിൽ സ്നേഹം താൻ അഭിനയിക്കുവാണല്ലോ എന്നവന് തോന്നി...അവൾ കാണിക്കുന്ന ഈ സ്നേഹം പത്തിരട്ടിയായി തിരിച്ചുകൊടുക്കാൻ മനസ് വെമ്പുന്നുണ്ടെങ്കിലും സാഹചര്യം തന്നെ പിന്നോട്ട് വലിക്കുന്നു. ശരിക്കും അവളോട് താൻ ചെയ്യുന്നത് കൊടിയ വഞ്ചനയാണ്...അവനൊന്നു പൊട്ടിക്കാരയണമെന്നു തോന്നിപ്പോയി.

തന്റെ മുന്നിൽ അമ്മയും മോളുമായി അവർ കെട്ടിപ്പിടിച്ചിരിക്കുകയാണ്...വല്ലാത്തൊരു ആത്മബന്ധം അവർക്കിടയിൽ രൂപപ്പെട്ട പോലെ..

കുറച്ചു സമയം കൂടെ അവർ സന്തോഷത്തോടെ ആ ബീച്ചിൽ ചിലവഴിച്ചു..പിന്നീട് ഡ്രസ്സ് മാറി നേരെ പോയത് പൊന്നൂസിനെ സിനിമ കാണികമാനാണ്.. ജോസൂട്ടിക്ക് ഒന്നും പറയാൻ ഉണ്ടായിരുന്നില്ല..പൊന്നൂസിന്റെ സന്തോഷത്തിനുവേണ്ടി എന്തും ചെയ്യാൻ അവൻ ഒരുക്കമായിരുന്നു...

രാത്രി എട്ടരയോടെ ആണ് അവർ കോട്ടേഴ്‌സിൽ തിരിച്ചെത്തിയത്..അപ്പോഴേക്കും ഡയാനയുടെ മടിയിൽ പൊന്നൂസ് സുഖമായ നിദ്രയിലേക്ക് വീണിരുന്നു. ഉറങ്ങുമ്പോഴും ആ കുഞ്ഞി മുഖത്തെ ചിരി മാഞ്ഞിട്ടില്ലായിരുന്നു..അത്രയേറെ അവൾ ആസ്വദിച്ച ദിവസമായിരുന്നു എന്ന് ജോസൂട്ടിക്ക് തോന്നി.

ജോസൂട്ടി വാതിൽ തുറന്നു ലൈറ്റ് ഓൺ ചെയ്തു. ഡയാന പൊന്നൂസിനെയും തോളിലെടുത് റൂമിലേക്ക് പോയി അവളെ കട്ടിലിൽ കിടത്തി.. അവളുടെ മുടിയിഴകളിൽ തലോടി ആ കുഞ്ഞി കവിളിൽ അവൾ ഒരു സ്നേഹ ചുംബനവും അവൾ നൽകി.

തിരിച്ചിറങ്ങുമ്പോൾ ഹാളിൽ ജോസൂട്ടി നിൽപ്പുണ്ടായിരുന്നു..രണ്ടുപേരും പരസ്പരം കണ്ണുകളിലേക്ക് നോക്കി.. ജോസൂട്ടിക്കു അവളുടെ ഈ സ്നേഹത്തിനു എങ്ങനെ പ്രതിഫലം കൊടുക്കും എന്ന ചിന്തയായിരുന്നു...ഡയാനക്കും ഒന്നും പറയാൻ സാധിക്കുന്നുണ്ടായിരുന്നില്ല..മൂകമായ കുറച്ചു നിമിഷങ്ങൾ...എന്തോ...ആ മൂകതയിലും ആ രണ്ടു മനസുകൾ തമ്മിൽ പരസ്പരം സംവതിക്കുണ്ടായിരുന്നു. പതിയെ ഡയാന ജോസൂട്ടിയുടെ അടുത്തേക്ക് നടന്നടുത്തു..ഇതുവരെ അവൾ മറച്ചുവെച്ച പ്രണയഭാവം അവളുടെ കണ്ണുകളിൽ നാമ്പെടുക്കുന്നത് അവൻ കണ്ടു....ജോസൂട്ടിയുടെ ഇഷ്ടത്തിനൊത്തു പോന്നൂസിന്റെ സന്തോഷത്തിനു വേണ്ടി മാത്രം മാറ്റിവച്ച കുറച്ചു മണിക്കൂറുകൾ... അവിടെ അവൾ നിയന്ത്രിച്ചു വച്ച അവളുടെ പ്രണയം അവനുമൊത്തുള്ള ഏകാന്ത നിമിഷത്തിൽ ഒരഗ്നിപർവ്വതം കണക്കെ പൊട്ടുകയായിരുന്നു..

www.kambistories.com | www.kambikuttan.net

അവൾ ഒന്നും തന്നെ മിണ്ടാതെ അവന്റെ മാറിലേക്ക് തല ചായ്ച്ചു. ആ കൈകൾകൊണ്ടു അവനെ ചേർത്ത് കെട്ടിപ്പിടിച്ചു...ജോസൂട്ടി ഒരുനിമിഷം എല്ലാം മറന്ന സമയമായിരുന്നു അത്..അവളുടെ സ്നേഹത്തിന്റെ കരങ്ങളാൽ അവൻ വരിഞ്ഞുമുറുക്കപ്പെടുന്നതുപോലെ അവനു തോന്നി.. അവന്റെ കൈകൾ അറിയാതെ തന്നെ അവളെ പൊതിഞ്ഞു...ആ കൈകൾ അവളുടെ മുടിയിഴ കോതിയൊതുക്കി... അവളുടെ ശിരസിൽ അവന്റെ ചുണ്ടുകൾ അമർന്നു...അവനെ ചുറ്റിയിരുന്ന അവളുടെ കൈകൾക്ക് ബലം കൂടുന്നത് അവൻ അറിഞ്ഞു...

"ഞാൻ പോട്ടെ ജോസൂട്ടി..." വളരെ നേർത്ത അവളുടെ ശബ്ദം അവന്റെ കാതുകളിൽ പതിച്ചു..

"മ്" അവൻ ഒന്ന് മൂളുക മാത്രമാണ് ചെയ്തത്...വളരെ ദുർബലമായ ഒരു മൂളൽ...വേണ്ട എന്ന് മനസ്സിൽ ആഗ്രഹിച്ചുകൊണ്ടു വേണം എന്ന് പറയുന്നതുപോലെ..അവളുടെ സാന്നിധ്യം നഷ്ടപ്പെടുത്താൻ അവന്റെ മനസ് ആഗ്രഹിക്കാത്തപോലെ...

"ഞാൻ പോണോ ജോസൂട്ടി.." വീണ്ടും അവളുടെ ചോദ്യം..വിട്ടുപോകാൻ മനസ് ആഗ്രഹിക്കാത്തപോലെയായിരുന്നു ആ ചോദ്യം..

"മ്..." വീണ്ടും ഒരു മൂളൽ മാത്രമായിരുന്നു മറുപടി...മനസ് വേണ്ടാ എന്ന് പറയുന്നുണ്ടെങ്കിലും എവിടെയോ ഉറങ്ങിക്കിടക്കുന്ന യാഥാർത്ഥ്യബോധം ആണ് അവനെ അതിനു പ്രേരിപ്പിക്കുന്നത്..

അവൾ അവന്റെ മാറിൽ നിന്ന് തലയുയർത്തി അവന്റെ മുഖത്തേക്ക് നോക്കി..കണ്ണുകൾ തമ്മിൽ ഇടഞ്ഞു നിന്നു..പറഞ്ഞറിയിക്കാൻ കഴിയാത്ത എന്തോ വികാരമാണ് അവളുടെ കണ്ണുകളിൽ അവൻ കണ്ടത്.. അവൻ വിരലുകളാൽ അവളുടെ മുന്നിലേക്ക് ചാടിക്കിടന്ന മുടിയിഴകൾ അവളുടെ ചെവിക്കിടയിലേക്കു കോതിയൊതുക്കി..അവന്റെ കൈവിരലുകൾ വളരെ നേർത്തരീതിയിൽ അവളുടെ കവിളുകളിൽ തലോടി....അപ്പോഴും അവരുടെ കണ്ണുകളുടെ ഉടക്ക് വേർപെട്ടിരുന്നില്ല..അവളുടെ കണ്ണുകളിൽ ചെറുതായി നനവ് നാമ്പെടുക്കുന്നത് അവൻ കണ്ടു..അവൻ അവളുടെ മുഖം കരങ്ങൾക്കുള്ളിലാക്കി തള്ളവിരലുകൾ കൊണ്ട് കണ്ണുകൾ തഴുകി..കൂമ്പിയടഞ്ഞ അവളുടെ കണ്ണുകളിൽ നിന്നും കൺപീലിയിലേക്കു പടർന്ന ആ ജലകണങ്ങൾ അവന്റെ വിരലിലൂടെ ഊർന്നൊഴുകി...

www.kambistories.com www.kambikuttan.net

അവൾ പതിയെ മിഴികൾ തുറന്നു...ആ കണ്ണുകളിൽ അവൻ കണ്ടു..കുളിരേകുന്ന പ്രണയത്തിന്റെ മഞ്ഞുതുള്ളികളെ..അവളുടെ അധരങ്ങൾ എന്തിനോ വേണ്ടി വിറകൊള്ളുന്നതുപോലെ.. അവൾ അവനോട് വീണ്ടും ചേർന്നിരുന്നു...അവളുടെ പ്രഭയൂറുന്ന മുഖം അവന്റെ മുഖത്തോടു അടുത്തു... അവളുടെ ചുടു നിശ്വാസം അവന്റെ മുഖത്ത് പതിഞ്ഞത് അവൻ അറിഞ്ഞു..അവരുടെ മൂക്കുകൾ തമ്മിലുരസി... അവളുടെ മിഴികൾ പതിയെ അടഞ്ഞു...അവന്റെ അധരങ്ങൾ അവളുടെ ആധരങ്ങൾക്കിടയിലേക്കു അവൾ സ്വീകരിച്ചു..ജോസൂട്ടി എല്ലാം മറന്നു അവളെ അവനിലേക്കടുപ്പിച്ചു.. അപ്പോൾ താനാരാണെന്നുള്ള ബോധ്യം പോലും അവനുണ്ടായിരുന്നില്ല...അവളുടെ ചുണ്ടുകളുടെ മൃതുലത അവന്റെ ഉള്ളിലുണ്ടായിരുന്ന യാഥാർത്ഥ്യബോധത്തെ മറച്ചിരുന്നു.. പ്രകൃതി പോലും അവരുടെ പ്രേമനിമിഷത്തിൽ നാണിച്ചുപോയി..ചീവീടുകൾ പോലും ഒരുനിമിഷം നിശബ്ദരായി....ശരീരം നഷ്ടപ്പെട്ട ആത്മാവിനെപ്പോലെ....ആകാശത്തിൽ ഒഴുകിനടക്കുന്ന ഒരു മേഘത്തെപോലെ ഒഴുകി നടക്കുകയാണെന്ന് തോന്നിപ്പോയി അവർക്ക്...

ബുദ്ധിയുടെ മണ്ഡലത്തിലേക്കു ഏതോ നിമിഷം തിരിച്ചുവന്ന യാഥാർഥ്യബോധം അവന്റെ അധരങ്ങൾ പിൻവലിക്കാൻ അവനെ പ്രേരിപ്പിച്ചു..പക്ഷെ അവളിൽ നിന്നും അവൻ വിട്ടുമാറിയില്ല..അധരങ്ങൾ പിൻവലിച്ചു അവളുടെ മുഖത്തേക്ക് അവൻ നോക്കി.. ചെറിയ ഒരു നാണം അവിടെ കളിയാടുന്നത് അവൻ കണ്ടു..അവൾ മുഖം താഴ്ത്തിനിന്നു..അവളുടെ വിരലുകൾ അവന്റെ ഷർട്ടിന്റെ ബട്ടനിലൂടെ ഞരടിക്കൊണ്ടിരുന്നു നാണം മറയ്ക്കാൻ എന്നപോലെ...

"ജോസൂട്ടി...ഞാനിന്നു ഇവിടെ നിന്നോട്ടെ..." അവളുടെ വാക്കുകളിൽ കൊഞ്ചലും പ്രണയവും കലർന്നിരുന്നു..

"വേണ്ടടാ...അതിപ്പോ വേണ്ടാ...പാപ്പയോക്കെ ഇപ്പൊ നോക്കിയിരിക്കുവായിരിക്കും... നീ ചെല്ലു..ഈ ജന്മം മുഴുവൻ ബാക്കി ഉണ്ടല്ലോ നമ്മുക്ക്.." അവൻ അവളുടെ ശിരസിൽ തലോടി..

മനസില്ലാമാനസോടെ അവൾ അവനിൽ നിന്നും അടർന്നുമാറി പതിയെ പുറത്തേക്കു നടന്നു...കാറിൽ കയറുന്നത് വരെ അവൾ ഇടക്കിടക്ക് തിരിഞ്ഞുനോക്കികൊണ്ടിരുന്നു...അവൾ കണ്ണില്നിന്നും മറയുന്നതുവരെ ജോസൂട്ടിയും അവളെ നോക്കി മുറ്റത്തു തന്നെ നിന്ന്..

www.kambistories.com | www.kambikuttan.net

...

ഒമ്പതരയോടെയാണ് ഡയാന വീട്ടിൽ എത്തിച്ചേർന്നത്...സന്തോഷം ശരിക്കും അവളുടെ മുഖത്ത് കളിയാടി നിന്നിരുന്നു...അകത്തു കടന്നപ്പോൾ വിശാലമായ സോഫയിൽ എന്തോ വലിയ ആലോചനയോടെ ഇരിക്കുന്ന പപ്പയെ ആണ് അവൾ കണ്ടത്...അവൾ അയാളുടെ അടുത്തേക്ക് ചുവടുകൾ വെച്ചു...

" എന്നാ പപ്പാ ഇങ്ങനെ ശോകടിച്ചിരിക്കുന്നെ... എന്നാ പറ്റി..." അവൾ അയാളുടെ അടുത്തിരുന്നു ആ തോളിലേക്ക് തല ചായ്ച്ചു സ്നേഹത്തോടെ ചോതിച്ചു..

"ഏയ്...ഒന്നൂല്ലടാ..നീ എവിടായിരുന്നു..ഞാൻ നിന്നെയും നോക്കി ഇരിക്കുവായിരുന്നു.." അയാൾ സ്നേഹത്തോടെ അവളുടെ ശിരസിൽ തലോടി..

"ഞാൻ ജോസൂട്ടിയുടെ അടുത്തുണ്ടായിരുന്നു പപ്പാ...അവനെയും പൊന്നൂസിനെയും കൊണ്ട് ഒന്ന് കറങ്ങാൻ പോയി...രണ്ടു പേരും ആകെ വിഷമത്തിലായിരുന്നു..അതൊന്നു

മാറ്റിയെടുക്കണ്ടേ...ഹോ..ഇന്ന് ഒരു നല്ല ദിവസായിരുന്നു..ഒത്തിരി ചിരിച്ചു..." അവൾ സന്തോഷത്തോടെ പറഞ്ഞു...

ഫെർണാണ്ടസിന്റെ മുഖഭാവത്തിനു വലിയ വ്യത്യാസമൊന്നുമുണ്ടായില്ല...അത് പ്രതീക്ഷിച്ചിരുന്നു എന്നപോലെ...

"മോളെ..ഞാനൊരു കാര്യം നിന്നോട് പറയട്ടെ..." അയാൾ അല്പം ഗൗരവത്തോടെയാണ് അത് ചോതിച്ചത്..

ഡയാന അല്പം ആശ്ചര്യത്തോടെ ഫെർണാണ്ടസിന്റെ മുഖത്തേക്ക് നോക്കി..

"എന്താ പപ്പാ.."

"മോളെ...നീയിപ്പോ ഒരുപാട് മാറി...കളിയോടെയും ചിരിയോടെയും നടക്കുന്ന നിന്നെ കാണുമ്പോൾ പാപ്പക്ക് ശരിക്കും സന്തോഷമുണ്ട്..നീ അവരോട് കാണിക്കുന്ന സ്നേഹവും സൗഹൃദവും ഒക്കെ വളരെ നല്ലത് തന്നെയാണ്..പക്ഷെ മോളെ..നമ്മള് ചിന്തിക്കുന്നപോലെയല്ല ചിലപ്പോ പുറമെന്നുള്ളവർ കാണുമ്പോൾ ചിന്തിക്കുക...അവർ അത് തെറ്റായ രീതിയിൽ എടുക്കും..നീയിപ്പോ കല്യാണപ്രായമായ പെണ്ണാ...അപ്പൊ ഒന്ന് ശ്രദ്ധിക്കണം മോളെ..മോളുടെ നല്ല ഭാവി മാത്രേ പപ്പയുടെ മനസിലുള്ളു.." അയാൾ പറഞ്ഞു നിർത്തി..

www.kambistories.com | www.kambikuttan.net

"അവൾ അയാളുടെ കണ്ണുകളിലേക്ക് നോക്കി..

"പപ്പാ പറഞ്ഞുവരുന്നതെന്താണെന്നു എനിക്ക് മനസിലായി..എനിക്ക് ജോസൂട്ടിയോടുള്ളത് ഒരു സൗഹൃദം മാത്രമല്ല പപ്പാ...അവനെ എനിക്കിഷ്ടമാണ്...ഒരുപാട്...എനിക്കവനില്ലാതെ പറ്റുന്നില്ല പപ്പാ.." അവൾ അല്പം വിഷമം കലർന്ന സ്വരത്തിൽ പറഞ്ഞു...

"മോളെ..നീ എന്തൊക്കെയാ ഈ പറയുന്നേ..ജോസൂട്ടി ഒരു അനാഥനാണ്...ഇപ്പൊ അവന്റെ കൂടെ ആ കുട്ടിയും...ഒരിക്കലും പാടില്ല മോളെ അത്...ഇതുവരെ ഞാൻ നിന്റെ ആഗ്രഹങ്ങൾക്കു എതിര് നിന്നിട്ടില്ല...പക്ഷെ ഇത്..ഇതെനിക്കു അംഗീകരിക്കാൻ പറ്റില്ല.." അയാളുടെ സ്വരം ഉറച്ചതായിരുന്നു..

അവളുടെ മുഖത്ത് സങ്കടത്തിന്റെ കാർമേഘങ്ങൾ ഉരുണ്ടുകൂടി...അതിന്റെ ബാക്കിപത്രമായി ആ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകിയിറങ്ങാൻ തുടങ്ങി...

"പപ്പാ പറഞ്ഞത് ശരിയാണ്...പപ്പായിതുവരെ എന്റെ ആഗ്രഹങ്ങൾക്കെതിരു നിന്നിട്ടില്ല.. പക്ഷെ ഞാനിതുവരെ പാപ്പയോട് ഒന്നും ആവശ്യപ്പെട്ടിട്ടുമില്ല പപ്പാ....ഈ ഒരു കാര്യം മാത്രം...എനിക്കെന്റെ ജോസൂട്ടിയെ തരണം പപ്പാ...ജോസൂട്ടിയില്ലാതെ...എന്റെ മനസ്സിൽ അവനെ സാന്നിധ്യമില്ലാതെ ഒരു നിമിഷം പോലും തള്ളിനീക്കാൻ എനിക്ക് കഴിയില്ല പപ്പാ.." അവൾ കരഞ്ഞുകൊണ്ട് ഫെർണാണ്ടസിന്റെ നെഞ്ചിലേക്ക് വീണ്ടും ചാഞ്ഞു..

"മോളെ...പപ്പയെ ഇങ്ങനെ വിഷമിപ്പിക്കല്ലേ മോളെ..മോൾക്കുവേണ്ടി മാത്ര പപ്പാ ജീവിക്കുന്നെ..മോളുടെ നല്ലതിന് വേണ്ടി മാത്രവാ പപ്പാ ഇതൊക്കെ പറയുന്നേ..മോളനുസരിക്കണം.."അയാളുടെ സ്വരത്തിലും സങ്കടം നിഴലിച്ചിരുന്നു..

അവൾ പിന്നൊന്നും പറയാതെ അവിടെ നിന്നും എഴുനേറ്റോടി... അവൾ റൂമിൽ കടന്നു വാതിൽ ഇറുക്കി അടച്ചു..

www.kambistories.com | www.kambikuttan.net

വല്ലാത്തൊരു അവസ്ഥയിലായിരുന്നു ഫെർണാണ്ടസ് അപ്പൊ..എന്ത് ചെയ്യണമെന്ന് മനസ്സിൽ ഒന്നും തെളിയുന്നില്ല...ജോസൂട്ടി നല്ലവനാണ്..പക്ഷെ...അവളുടെ ഇപ്പോഴത്തെ വിഷമം കണ്ടില്ല എന്ന് നടിക്കാം.. അതവൾക്ക് നല്ലതുവരാനാണ്...നാളെ തന്നെ ജോസൂട്ടിയെ കണ്ടു സംസാരിക്കണം എന്ന തീരുമാനത്തിൽ അദ്ദേഹം കിടന്നു..

റൂമിൽ ബെഡിലേക്കു മറിഞ്ഞുവീഴുകയായിരുന്നു ഡയാന..അവളുടെ നെഞ്ച് പിടയുന്നതുപോലെ തോന്നി അവൾക്ക്..തന്റെ പപ്പാ തന്റെ ഇഷ്ടത്തിന് എതിര് നിൽക്കുമെന്ന് അവൾ ചിന്തിച്ചിരുന്നില്ല..മറ്റൊന്നിനുവേണ്ടിയും ജോസൂട്ടിയെ വിട്ടുകൊടുക്കാൻ അവളുടെ മനസ് ഒരുക്കമായിരുന്നില്ല..അവൾ വീണ്ടും വീണ്ടും കരഞ്ഞു..അവളുടെ മിഴിനീർ മുഴുവൻ ആ തലയിണ ഏറ്റുവാങ്ങി..കരഞ്ഞു തളർന്നു എപ്പഴോ അവളും നിദ്രയിലേക്ക് വഴുതിവീണു..

......

രാവിലെ പതിവില്ലാതെ ഓഫീസിലേക്ക് വന്ന ഫെർണാണ്ടസ് സാറിനെ കണ്ടു ശരത് ഒന്നമ്പരന്നു.. അദ്ദേഹം ഓഫീസിലേക്ക് അങ്ങനെ വരാറില്ല...ഡയാന ആണ് ഇവിടുത്തെ കാര്യങ്ങൾ നോക്കാറ്... എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ തന്നെ തന്നെ വീട്ടിലേക്കു വിളിപ്പിക്കാരാണ് പതിവ്...

"ഗുഡ് മോണിങ് സർ"  ശരത് ഫെർണാണ്ടസിനെ അഭിവാദ്യം ചെയ്തുകൊണ്ട് പറഞ്ഞു..

"ആ ശരത്..ഗുഡ് മോണിങ്"... അദ്ദേഹം തിരിച്ചും അഭ്യവാദ്യം ചെയ്തു..

"എന്താ സാർ രാവിലെ...എന്തെങ്കിലും അത്യാവശ്യമുണ്ടോ..." അവൻ ആശ്ചര്യത്തോടെ ചോതിച്ചു..

"എയ്...നത്തിങ്...ഞാൻ ചുമ്മാ എല്ലാവരെയും ഒന്ന് കാണാൻ വന്നതാ..കുറെ നാളായില്ലേ ഇങ്ങോട്ടൊക്കെ ഇറങ്ങിയിട്ടു..ജോസൂട്ടിയെയും കണ്ടിട്ട് കുറച്ചായി..അവനിവിടെ ഇല്ലേ..." അയാൾ സാധാരണപോലെ ചോതിച്ചു...തന്റെ പ്രശ്നം മറ്റാരെയും അറിയിക്കണ്ടാ എന്നദ്ദേഹം തീരുമാനിച്ചിരുന്നു...

"എസ് സാർ..കഴിഞ്ഞ മൂന്നു ദിവസം ലീവ് ആയിരുന്നു..ഇന്ന് വന്നിട്ടുണ്ട്... അവൻ ക്യാബിനിൽ ഉണ്ട്.." ശരത് പുഞ്ചിരി പൂർവ്വം മറുപടി നൽകി..

www.kambistories.com | www.kambikuttan.net

"എന്നാ ശരി...ഞാനവനെ ഒന്ന് കാണട്ടെ..."അതും പറഞ്ഞു ഫെർണാണ്ടസ് ജോസൂട്ടിയുടെ ക്യാബിനിലേക്ക് നടന്നു..

എന്തോ ആലോചനയോടെ ഇരുന്ന ജോസൂട്ടി പെട്ടെന്ന് ഫെർണാണ്ടസ് സാർ കടന്നുവന്നപ്പോൾ ചാടി എഴുന്നേറ്റു..

"ഗുഡ് മോണിങ് സാർ.." അവൻ ഒരു പുഞ്ചിരിയുടെ അകമ്പടിയോടെ പറഞ്ഞു.

"ഗുഡ് മോണിങ് ജോസൂട്ടി...സുഖമല്ലേ.." ആയാളും പുഞ്ചിരിച്ചു..

"സുഖമാണ് സാർ.."

"എനിക്കറിയാം രാധികയുടെ മരണം തന്നെ വല്ലാതെ വിഷമിപ്പിച്ചെന്നു...സ്വന്തം ചേച്ചിയെ പോലയല്ലായിരുന്നോ.. അതുകൊണ്ടാണല്ലോ താൻ ആ കുട്ടിയെ ഏറ്റെടുത്ത്..നന്നായി ജോസൂട്ടി.."

അയാളുടെ വാക്കുകൾക്ക് ജോസൂട്ടി മറുപടി ഒന്നും പറഞ്ഞില്ല...ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു..എന്നാലും അദ്ദേഹം ഓഫീസിൽ വന്നതിന്റെ കാരണം അവൻ ആലോചിച്ചു നോക്കി..അദ്ദേഹം അങ്ങനെ ഓഫീസിൽ വരാത്തതാണ്..ഈ രാവിലെ തന്നെ വരണമെങ്കിൽ എന്തെങ്കിലും കാര്യമുണ്ടാകും...ഇനി ഡയാന വലതും പറഞ്ഞതുകൊണ്ടാണോ...അവന്റെ മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ ഉയർന്നു..

"പിന്നെ ജോസൂട്ടി...ഞാൻ വന്നത് തന്നോട് കുറച്ചു കാര്യങ്ങൾ സംസാരിക്കാനായിരുന്നു..."

"പറഞ്ഞോളൂ സാർ.." അവൻ വിനയപൂർവ്വം പറഞ്ഞു..

"അതിവിടെ വച്ച് പറയാൻ കഴിയില്ലടോ..നമുക്കൊന്നു പുറത്തുപോകാം.. എന്നിട്ട് സസ്ഥമായി സംസാരിക്കാം..എന്താ" അയാൾ പറഞ്ഞു.

"തീർച്ചയായും സാർ..നമ്മുക്കു പോകാം" അവൻ പറഞ്ഞു.. എന്തോ പ്രശ്നമുണ്ടെന്നു അവനു തോന്നി... അദ്ദേഹം വളരെ സീരീസ് അയി തന്നോടെന്തോ പറയാൻ ഒരുങ്ങുന്നപോലെ...ഡയാന തന്റെ കാര്യം പറഞ്ഞിരിക്കും..അദ്ദേഹം അതിനെങ്ങനെ പ്രതികരിക്കും എന്നവന് മനസ്സിൽ സന്ദേഹമുണർന്നു... ഡയാനയെ തനിക്കു നഷ്ടപ്പെടുമോ....അറിയാതെ മനസ് അവളെ ആഗ്രഹിച്ചുപോകുന്നു..

www.kambistories.com | www.kambikuttan.net

അവർ അവിടെ നിന്നും നേരെ പോയത് അടുത്തുള്ള ഒരു പാർക്കിലേക്കാണ്... ശാന്തമായ അന്തരീക്ഷമായിരുന്നു അവിടം. ധാരാളം ഔഷതച്ചെടികളും മരങ്ങളും നട്ടുപിടിപ്പിച്ചു മനോഹരമാക്കിയ ഒരു സ്ഥലം..ഇരിക്കാൻ ഇരിപ്പിടങ്ങൾ..ശുദ്ധമായ വായു...

ഫെര്ണാണ്ടസും ജോസൂട്ടിയും പതിയെ നടന്നു..

"ഡയാന ഇന്നലെ ജോസൂട്ടിയെ പറ്റി സംസാരിച്ചിരുന്നു.."അദ്ദേഹം തന്നെ ആ നിശ്ശബ്ദതക്കു വിരാമമിട്ടു..

ജോസൂട്ടി ഒന്നും പറഞ്ഞില്ല... അദ്ദേഹത്തിന്റെ നേരെ നോക്കുക മാത്രം ചെയ്തു..

"ജോസൂട്ടി...നീ വളരെ നല്ലവനാ... എനിക്ക് നിന്നെ ഒത്തിരി ഇഷ്ടവുമാണ്..പക്ഷെ എനിക്കെല്ലാതിനും വലുത് എന്റെ മൂളുടെ ജീവിതമാണ്..അവളെ കുറിച്ച് എനിക്കും എന്റെ മേരിക്കുട്ടിക്കും ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു ജോസൂട്ടി.."

"അത് സാർ ..ഞാൻ..." ജോസൂട്ടി എന്തോ പറയാൻ ശ്രമിച്ചു...

"എനിക്കറിയാം ജോസൂട്ടി...നീ അവളെ സ്വാതീനിക്കാൻ ഒരിക്കലും ശ്രമിച്ചുകാണില്ല..ശരിക്കും അവളിപ്പോ ഒരുപാട് മാറി..അതിലെനിക്കു സന്തോഷമുണ്ട്..പക്ഷെ....ജോസൂട്ടിക്കറിയോ...എനിക്കും മേരിക്കുട്ടിക്കും പറയത്തക്ക ബന്ധുക്കളായി ആരും തന്നെയുണ്ടായിരുന്നില്ല..എന്റെ ചെറുപ്പത്തിലേ എന്റെ അപ്പനും അമ്മയും മരിച്ചതാ...ഞാൻ ഒറ്റ മോനായിരുന്നു..ഇളയച്ഛന്റെ വീട്ടിൽ നിന്നാ ഞാൻ വളർന്നത്..അന്നൊക്കെ ഒരുപാട് വേദനിച്ചിട്ടുണ്ട്..ഒരുപാട് നോവനുഭവിച്ചിട്ടുണ്ട്...എന്റെ മേരിക്കുട്ടിയും ഇതേ അവസ്ഥയിൽ തന്നെ ആയിരുന്നു...ഞങ്ങൾ ശരിക്കും അയൽക്കാരായിരുന്നു..അവളു നിന്നിരുന്നത് അവളുടെ വല്യപ്പച്ചന്റെ കൂടെ ആയിരുന്നു..പുള്ളീടെ മരണം വരെ അവൾ കുഴപ്പമില്ലാണ്ട് ജീവിച്ചു...പിന്നെ അവളുടെ ജീവിതം ശരിക്കും നരക തുല്യമായിരുന്നു...ഞങ്ങൾക്ക് പരസ്പരം അറിയാമായിരുന്നു..ഞങ്ങൾ പറയാതെ തന്നെ ഉള്ളുകൊണ്ടു പരസ്പരം സ്നേഹിച്ചു.. ഒരുദിവസം തീരെ പിടിച്ചു നിക്കാൻ പറ്റാണ്ടായപ്പോ അവളെയും വിളിച്ചു ഇറങ്ങിയതാ ഞാൻ..ഒന്നുമുണ്ടായിരുന്നില്ല എന്റെ കയ്യിൽ.. അതുവരെ കുടുക്കയിൽ സൂക്ഷിച്ച കുറച്ചു ചില്ലറകൾ ഒഴികെ..പിന്നെ ഒരു യുദ്ധമായിരുന്നു..ജീവിതത്തോട് പൊരുതി..ഇനി ഒരിക്കലും എന്റെ മേരിക്കുട്ടി വിഷമിക്കരുത് എന്നാശിച്ചു..."

www.kambistories.com | www.kambikuttan.net

അയാളുടെ കണ്ണുകൾ ഈറനണിയുന്നത് ജോസൂട്ടി കണ്ടു..ഫെർണാണ്ടസ് കണ്ണുകൾ തുടച്ചുകൊണ്ടു തുടർന്നു..

"വാവ ജനിച്ചപ്പോൾ ശരിക്കും വീടൊരു സ്വർഗമായിരുന്നു..എന്നും കളിയും ചിരിയും..ചെറുപ്പത്തിൽ മേരിക്കുട്ടിയുടെ വല്യപ്പച്ചൻ ആണ് മേരിക്കുട്ടിയെ വയലിൻ വായിക്കാൻ പഠിക്കാൻ അയച്ചത്..അവൾ നന്നായി വായ്ക്കുമായിരുന്നു...വാവയെ മുന്നിലിരുത്തി അവൾ വായിക്കുന്നത് ഇപ്പോഴുമെന്റെ കൺമുന്നിലുണ്ട്...എന്റെ മേരിക്കുട്ടി എപ്പോഴും എന്നോട് പറയുമായിരുന്നു വാവേന്റെ കല്യാണത്തെ പറ്റി.. ഒരു വലിയ കുടുംബത്തിലേക്ക് അവളെ കെട്ടിച്ചയാക്കണമെന്നായിരുന്നു അവളുടെ ആശ...വല്യപ്പച്ചന്റെയും വല്യമാച്ചിയുടെയും സഹോദരങ്ങളുടെയുമൊക്കെ സ്നേഹം വിവാഹശേഷമെങ്കിലും അവൾക്കു കിട്ടണമെന്ന് എന്റെ മേരിക്കുട്ടി അതിയായി ആശിച്ചിരുന്നു..അങ്ങനൊരു ജീവിതമാണ് എന്റെ വാവാക്കു വേണ്ടത്..." അദ്ദേഹത്തിന്റെ സ്വരം ആർദ്രമാവുന്നത് ജോസൂട്ടി അറിഞ്ഞു..വാക്കുകൾ ഇടറുന്നു.. മനസിലെ സങ്കടം പുറത്തേക്കു ഒഴുകാൻ തുടങ്ങുന്നപോലെ..

"ജോസൂട്ടി...ഇപ്പോ ഞാൻ നിന്റെ മുമ്പിൽ ഒരു മുതലാളിയായല്ല നിക്കുന്നത്...മകളെ ഒരുപാട് സ്നേഹിക്കുന്ന...അവളുടെ നല്ല ജീവിതം മാത്രം സ്വപ്നം കാണുന്ന ഒരച്ഛനായിട്ടാണ്...തന്നൂടെ എനിക്കെന്റെ മോളെ...അവളെ എനിക്ക് തിരിച്ചു തന്നൂടെ.." അത് യാചനയുടെ സ്വരമായിരുന്നു...ആ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നത് അവൻ കണ്ടു.. തന്റെ ആഗ്രഹങ്ങൾക്ക് ഇതിന്റെ മുന്നിൽ യാതൊരു മൂല്യവുമില്ല എന്നവന് തോന്നി...അവന്റെ കണ്ണുകളും ഈറനണിഞ്ഞത് അവൻ അറിഞ്ഞു..

"വേണ്ട സാർ...ഇനിയൊന്നും അങ്ങ് പറയണ്ട..എനിക്കറിയാം..ഡയാനയെ പോലെ ഒരു പെണ്ണിനെ ഞാനൊക്കെ സ്വപ്നം കാണാൻ കൂടി പാടില്ല..സാർ പറഞ്ഞ ഒരു കാര്യങ്ങളും എനിക്കില്ല...അറിഞ്ഞുകൊണ്ട് സാറിനെയൊക്കെ വേദനിപ്പിക്കണം എന്ന് ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല..സാറ് പേടിക്കണ്ടാ..സാറിന്റെ ഡയാന സാർ ആഗ്രഹിക്കുന്നപോലെ തന്നെ ജീവിക്കും...സാർ ധൈര്യമായി പൊയ്ക്കോ..." അവൻ അത്രേം പറഞ്ഞു കണ്ണുകൾ തുടച്ചു...

......

രണ്ടു ദിവസമായി ഡയാന റൂമിൽ തന്നെ ആയിരുന്നു...പുറത്തിറങ്ങാതെ..ആരുമായി www.kambistories.com | www.kambikuttan.net സംസാരിക്കാതെ അവൾ കരഞ്ഞു തളർന്നിരുന്നു..ജീവൻ നിലനിർത്താൻ മാത്രമെന്നവണ്ണം ഗോമതി നിർബന്ധിക്കുമ്പോൾ അല്പം ഭക്ഷണം കഴിക്കും...ജോസൂട്ടിയെ പോലും വിളിച്ചില്ല.. ആദ്യമൊക്കെ പതിയെ മാറിക്കൊള്ളും എന്ന് ചിന്തിച്ചെങ്കിലും അവളുടെ ഈ അവസ്ഥ ഫെർണാണ്ടസിനെ വിഷമത്തിലാഴ്ത്തി..

അയാൾ ഡയാനയുടെ റൂമിലെത്തി വാതിൽ തുറന്നു..ഏതൊരച്ഛന്റെയും മനസ് നീറുന്നതായിരുന്നു ആ കാഴ്ച..അവൾ ആകെ മാറിയിരിക്കുന്നു..കരഞ്ഞുകലങ്ങിയ കണ്ണുകൾ..പടർന്നു ഒതുങ്ങാതെ കിടക്കുന്ന മുടി..ശരീരം വല്ലാതെ ക്ഷീണിച്ചിരിക്കുന്നു...കണ്ണുകൾ ഉള്ളിലേക്ക് ചെറുതായി കുഴിഞ്ഞിട്ടുണ്ട്..

ഇത് തന്റെ മോള് തന്നെയാണോ എന്ന് ഒരു നിമിഷം അയാൾക്ക് തോന്നിപ്പോയി..

"മോളെ...എന്താ ഇത്..ഇങ്ങനെ ഇരുന്നാൽ ഈ പപ്പാ തളർന്നുപോകും..മോള് വല്ലോം കഴിക്കു..മോൾടെ സുഖത്തിനു വേണ്ടിയല്ലേ അച്ഛൻ പറഞ്ഞെ.." അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. പതിയെ അവളുടെ ശിരസിൽ തലോടിക്കൊണ്ടാണ് അദ്ദേഹം അത് പറഞ്ഞത്..

അവൾ കരഞ്ഞു കലങ്ങിയ കണ്ണുകളോടെ പപ്പയെ നോക്കി..

"എന്താ പപ്പാ എന്റെ സുഖം...ഒരു പുരുഷനെ മനസ്സിൽ സ്വീകരിച്ചു ആയാളോടൊപ്പം ജീവിച്ചുമരിക്കാൻ ആഗ്രഹിച്ചിട്ടു മറ്റൊരു ആളുടെ കൂടെ ഞാൻ എങ്ങനാ പപ്പാ സുഖമായി ജീവിക്കുന്നത്..പാപ്പക്ക് വലുത് എന്റെ സന്തോഷമാണെങ്കിൽ ഈ ലോകത്തു ജോസൂട്ടിയുടെ സാന്നിധ്യമില്ലാതെ മറ്റൊന്നിനും എനിക്ക് സന്തോഷം നൽകാൻ കഴിയില്ല...അമ്മയെ അല്ലാണ്ട് മറ്റൊരു പെണ്ണിനെ പറ്റി പപ്പക്ക് ചിന്തിക്കാൻ കഴിയുവോ... "

അവളുടെ കണ്ണീരിൽ കുതിർന്ന വാക്കുകൾ അയാളുടെ നെഞ്ചിലാണി തറച്ചുകയറിയത്...ഒന്നാലോചിക്കുമ്പോൾ ശരിയാണ്..തനിക്കു വലുത് അവളുടെ സന്തോഷമല്ലേ..ആവശ്യത്തിലധികം സമ്പതുണ്ട്...അപ്പൊ അവളെ പൊന്നുപോലെ സ്നേഹിക്കാൻ കഴിയുന്ന ഒരാളെ അല്ലേ അവൾക്കു കൊടുക്കേണ്ടത്..

അയാൾ അവളുടെ കവിളിൽ വാത്സല്യപൂർവം തഴുകി...കൈവിരലുകളാൽ അവളുടെ കണ്ണുനീർ തുടച്ചുമാറ്റി...എങ്കിലും വറ്റാത്ത ഉറവ കണക്കെ അവളുടെ കണ്ണുകളിൽ നിന്നും ജലകണങ്ങൾ നിർഗളിച്ചുകൊണ്ടിരുന്നു..

www.kambistories.com | www.kambikuttan.net

"മോളെ...മോൾടെ സന്തോഷമാണ് ഈ പപ്പക്ക് വലുത്...അതില് കൂടുതലായി മറ്റൊന്നുമില്ല...ഇനി പപ്പാ എതിര് നിക്കില്ല...ജോസൂട്ടിയുടെ കൂടെയാണ് മോളുടെ സന്തോഷമെങ്കിൽ അതങ്ങനെ തന്നെ നടക്കട്ടെ..." അയാൾ വാത്സല്യപൂർവം പറഞ്ഞു.

ആ വാക്കുകൾ ഒരു കുളിർമഴയായാണ് അവളുടെ കാതുകളിൽ പതിച്ചത്...താമര പോലെ അവളുടെ മുഖം വിടരുന്നത് അയാൾ കണ്ടു..കണ്ണുകളിൽ സന്തോഷത്തിന്റെ നാമ്പുകൾ ഉടലെടുത്തു..മുഖത്ത് മനോഹരമായ ഒരു പുഞ്ചിരി വിടർന്നു...ആശ്ചര്യത്തോടെയും എന്നാൽ സന്തോഷത്തോടെയും അവൾ അയാളുടെ മുഖത്തേക്ക് നോക്കി..

"പ്രോമിസ്..." അവൾ കൈകൾ നീട്ടി ...

ഫെർണാണ്ടസ് അവളുടെ ഉള്ളം കയ്യിൽ കൈവച്ചു..

"പ്രോമിസ്...പാപ്പക്ക് സമ്മതാ....."

അവൾ ചിരിയോടെ പപ്പയെ കെട്ടിപ്പിടിച്ചു...അപ്പോഴും അവളുടെ കണ്ണുകളിൽ മുന്പത്തെക്കാളും അധികമായി കണ്ണീർ ഒഴുകിയിരുന്നു... പക്ഷെ അത് ഉന്മാദത്തിന്റെ...സന്തോഷത്തിന്റെ മിഴിനീർക്കണങ്ങളായിരുന്നു...

"ഇനി മോള് വാ...വന്നു വല്ലതും കഴിക്കു..പഴയ പോലെ ഉഷാറാവ്.." അയാൾ അവളുടെ കണ്ണുകൾ തുടച്ചുകൊണ്ടു പറഞ്ഞു...

അവൾ ഒന്ന് പുഞ്ചിരിച്ചു..

"ഇനി പപ്പയുടെ വാവ കരയില്ല..."

അയാൾ അവളെ കൈകളിൽ പിടിച്ചു കൊണ്ടുപോയി ടേബിളിൽ ഇരുത്തി..ഫെർണാണ്ടസ് തന്നെ മകൾക്ക് ഭക്ഷണം വാരിക്കൊടുത്തു...അവൾ അത് ഉത്സാഹത്തോടെ തന്നെ കഴിച്ചു..

"ഇനി മോള് പോയി കുളിച്ചു സുന്ദരിയാവ്... പപ്പാ ഒന്ന് പുറത്തു പോകുവാ...എന്നിട്ടു വന്നിട്ട് ബാക്കി കാര്യങ്ങൾ ആലോചിക്കാം.."

www.kambistories.com | www.kambikuttan.net

അവൾ മറുപടിയെന്നോണം ഒന്ന് ചിരിച്ചു..

ഫെർണാണ്ടസ് പുറത്തേക്കു പോയതിനു ശേഷം അവൾ റൂമിലേക്ക് നടന്നു..അവളുടെ മുഖത്ത് സന്തോഷം തളം കെട്ടി നിന്നിരുന്നു..നാണത്തോടെയുള്ള ഒരു പുഞ്ചിരി അവൾ അറിയാതെ അവിടെ രൂപപ്പെട്ടു...

അങ്ങനെ തന്റെ എല്ലാമെല്ലാമായ ജോസൂട്ടി തനിക്കു സ്വന്തമാകാൻ പോകുന്നു..തന്റെ സ്വപ്ന ജീവിതം സഫലമാകാൻ പോകുന്നു...അവളുടെ ഉള്ളിൽ കുളിരുകൊറി..മുഖം നാണത്താൽ ചുവന്നു...ചുണ്ടുകൾ അറിയാതെ കടിച്ചു...

പെട്ടെന്ന് തന്നെ അവൾ കുളിച്ചൊരുങ്ങി..എന്നത്തേക്കാളും ഉത്സാഹമായിരുന്നു അവൾക്കു..പെട്ടെന്ന് ജോസൂട്ടിയെ ഒന്ന് വിളിച്ചു നോക്കുവാൻ അവളുടെ മനസ് വെമ്പി.. എന്നാലും കാര്യം പറയണ്ട...

"ജോസൂട്ടി..അല്ല...ഇച്ചായൻ...എന്റെ ഇച്ചായൻ" അവൾ സ്വയം പറഞ്ഞു ചിരിച്ചു..

അവൾ ജോസൂട്ടിയെ ഡൈൽ ചെയ്തു...

ഇല്ല...കാൾ കണക്ട് ആകുന്നില്ല...സ്വിച്ച് ഓഫ് ആണ്...അവൾ വീണ്ടും വീണ്ടും വിളിച്ചു...ഇല്ല..കാൾ പോകുന്നില്ല...അവളുടെ ഹൃദയം ആകാരണാമായി മിടിക്കുന്നത് അവൾ അറിഞ്ഞു..എന്തെന്നില്ലാത്ത ഒരു ഭീതി മനസ്സിൽ പടരുന്നതുപോലെ...

അവൾ വേഗം തന്നെ കാറിന്റെ ചാവിയും എടുത്തു പുറത്തേക്കു പോയി...കാറിൽ കയറി വളരെ വേഗത്തിൽ തന്നെ അത് ഗേറ്റ് കടന്നു പാഞ്ഞു പോയി...

അവൾ നേരെ ചെന്നുനിന്നത് കോട്ടേഴ്‌സിലേക്കാനു..അവൾ ദൃതിയിൽ കാറിൽ നിന്നും ഇറങ്ങി കോട്ടേഴ്‌സിന് മുന്നിലേക്ക് നടന്നു..ഇല്ല...പൂട്ടിയിരിക്കുകയാണ്...എന്നാലും ഓഫീസിൽ പോകാനുള്ള സമയം ആകുന്നതെ ഉള്ളു...ചിലപ്പോ നേരത്തെ പോയിരിക്കും..അവൾ സ്വയം ആശ്വസിപ്പിക്കാൻ ശ്രമിച്ചു...പക്ഷെ മനസ്സിൽ എന്തോ ആധി പോലെ..

www.kambistories.com | www.kambikuttan.net

അവൾ വേഗം തന്നെ ഓഫീസിലേക്ക് പോയി...കാർ ശരവേഗത്തിലാണ് പാഞ്ഞു പോയത്..ഓഫീസിൽ എത്തിച്ചേർന്നത് വളരെ പെട്ടെന്നായിരുന്നു..മിടിക്കുന്ന ഹൃദയവുമായി അവൾ കാറിൽ നിന്നും വെളിയിലിറങ്ങി...ഓഫീസിലേക്ക് ഓടുകയാണ് അവൾ ചെയ്തത്..നേരെ പോയി ജോസൂട്ടിയുടെ ക്യാബിൻ വലിച്ചു തുറന്നു..വല്ലാത്തൊരു ശക്തിയായിരുന്നു അപ്പൊ ആ കൈകൾക്ക്...

അവളുടെ നെഞ്ചിടിപ്പിന്റെ താളം കൂടി...വിളിച്ചിട്ട് കിട്ടുന്നില്ല...ക്യാബിനിൽ ഇല്ല..പിന്നെ...അവൾ ആകെ തളരുന്നപോലെ തോന്നി...അവൾ നേരെ ശരത്തിന്റെ ക്യാബിനിൽ കയറി.. ശരത് അപ്പോഴേക്കും എത്തിയിട്ടുണ്ടായിരുന്നു...പെട്ടെന്ന് ഡോർ തള്ളിതുറന്നു ഡയാന അകത്തേക്ക് വന്നപ്പോൾ അയാൾ ഒന്ന് ഞെട്ടി...

"ശരത്തേട്ടാ....ജോസൂട്ടി എന്തിയെ...ഇവിടെ കാണുന്നില്ല..കോട്ടേഴ്‌സിലുമില്ല...വിളിച്ചിട്ട് കിട്ടുന്നുമില്ല...എവിടെ എന്റെ ജോസൂട്ടി..." അത് ചോദിക്കുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു...ശബ്ദം ഇടറിയിരുന്നു...

ശരത് എന്തുപറയണമെന്നറിയാതെ പകച്ചു നിൽക്കുകയായിരുന്നു...

"പറ ശരത്തേട്ട...ജോസൂട്ടി എവിടെ..." അവന്റെ മൗനം കണ്ടു അവൾ വീണ്ടും ചോതിച്ചു..

"അത്...ജോസൂട്ടി....ജോസൂട്ടി പോയി ഡയാന.." അയാൾ വളരെ നേർത്ത ശബ്ദത്തിൽ വിക്കി വിക്കിയാണ് പറഞ്ഞത്..

അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകിയിറങ്ങി...കൈകൾ വിറക്കുന്നപോലെ...ശരീരം തളരുന്നപോലെ..മനസ്സിൽ ഒരായിരം ചോദ്യങ്ങൾ ഉടലെടുത്തു...

"പോയെന്നോ...എങ്ങോട്ട്..." അവൾ വിശ്വാസം വരാതെ കാരഞ്ഞുകൊണ്ടാണ് അത് ചോതിച്ചത്...

"അതറിയില്ല ഡയാന...ഫെർണാണ്ടസ് സാർ രണ്ടു ദിവസം മുമ്പ് ജോസൂട്ടിയെ കാണാൻ വന്നിരുന്നു..പിറ്റേ ദിവസം എന്നെ ഫോൺ ചെയ്തിരുന്നു...താനിനി ഇവിടെ നിന്നാൽ ശരിയാവില്ല എന്നും അത് ഒരുപാട് പേർക്ക് സങ്കടമുണ്ടാക്കും എന്നും പറഞ്ഞു..അതുകൊണ്ടു പൊന്നൂസിനെയും കൂട്ടി പോകുവാണ് എന്ന് മാത്രം പറഞ്ഞു...പിന്നെ വിളിച്ചിട്ടില്ല..ഞാൻ വിളിക്കാൻ ശ്രമിച്ചിട്ടു കിട്ടുന്നുമില്ല..." അയാൾ പറഞ്ഞു നിർത്തി...

www.kambistories.com | www.kambikuttan.net

ഡയാന തളർന്നപോലെ കസേരയിലേക്ക് വീണു...എത്രപെട്ടെന്നാണ് തന്റെ ജീവിതം ഇരുട്ടിലായത്...സന്തോഷം മാറി സങ്കടമായത്...ജോസൂട്ടിയില്ലാതെ ഞാൻ മരിക്കുമെന്ന് പറഞ്ഞിട്ടും പോയില്ലേ അവൻ...എന്നെ തനിച്ചാക്കി...അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി...

പെട്ടെന്ന് മുഖം പൊത്തിക്കൊണ്ടു അവൾ പുറത്തേക്കോടി..ശരത് പെട്ടെന്ന് പുറത്തേക്കു ചെന്നെങ്കിലും ഡയാനയുടെ കാർ ശര വേഗത്തിൽ പാഞ്ഞുപോകുന്നതാണ് കണ്ടത്..വീട്ടിലെത്തിയതെ കാറിന്റെ ഡോർ വലിച്ചു തുറന്നു അവൾ അകത്തേക്കോടി...റൂമിലേക്കോടിയ ഡയാനയെ ഗോമതി വിളിച്ചെങ്കിലും അവൾ നിന്നില്ല..കരഞ്ഞുകൊണ്ട് റൂമിൽ കയറി വാതിൽ കൊട്ടിയടച്ചു..

...

വളരെ സന്തോഷത്തോടെയാണ് ഫെർണാണ്ടസ് വീട്ടിലെത്തിയത്...പുതിയ ഒരു ബിസിനസ്സിന്റെ തുടക്കം ഏതാണ്ട് പൂർത്തിയായിരുന്നു...അയാൾ അകത്തേക്ക് വന്നു ..

മോളെ..." വളരെ ഉത്സാഹത്തോടെ ആയിരുന്നു ആ വിളി..

"സാർ...മോള് കുറച്ചുമുമ്ബ് വന്നു കരഞ്ഞുകൊണ്ട് റൂമിൽ കയറുന്നത് കണ്ടു..ഞാൻ വിളിച്ചിട്ട് നിന്നില്ല..എന്തോ പ്രശ്നമുണ്ടെന്നു തോന്നുന്നു..." ടേബിൾ തുടക്കുകയായിരുന്ന ഗോമതിയുടെ വാക്കുകൾ...

അതിനു മാത്രം എന്താണ് സംഭവിച്ചത്..താൻ പോകുമ്പോൾ അവൾ ഒത്തിരി സന്തോഷവതിയായിരുന്നു.. അയാൾ പലതും ചിന്തിച്ചു..

അയാളുടെ ചുവടുകൾ ഡയാനയുടെ റൂമിലേക്ക് നീങ്ങി.. അടഞ്ഞു കിടന്ന ഡോറിൽ അയാളുടെ കൈകൾ പതിച്ചു...പക്ഷെ യാതൊരുവിധ പ്രതികരണവുമുണ്ടായില്ല...ഒരു നിമിഷം അയാളുടെ ഉള്ളിൽ അകാരണമായ ഒരു പേടി ഉടലെടുത്തു...അയാൾ സർവ്വശക്തിയുമെടുത്തു ഡോർ ആഞ്ഞു തള്ളി..അതിന്റെ കൊളുത്തു പൊട്ടി ആ വാതിൽ അകത്തേക്ക് തുറക്കപ്പെട്ടു...

www.kambistories.com | www.kambikuttan.net

നടുക്കുന്നതായിരുന്നു ആ കാഴ്ച...ഹൃദയം പൊട്ടിപ്പിളരുന്നതുപോലെ അയാൾക്ക് തോന്നി...സബ്ദനാഡികളും തളരുന്നപോലെ...കണ്ണിൽ ഇരുട്ട് കയറുന്നപോലെ...അയാൾ വേഗത്തിൽ ചുവടുകൾ മുന്നോട്ട് വച്ചു.....

മനസിനെ പൊതിഞ്ഞ ഭയത്തിന്റെ അകമ്പടിയോടെ മകളുടെ റൂമിലേക്ക് ചുവടുകൾവച്ച ഫെർണാണ്ടസിന്റെ മനസ് ഒരു നിമിഷം ശൂന്യമായി...എതിരേറ്റ കാഴ്ച ഒരമ്പുപോലെ കണ്ണിലൂടെ തുളച്ചുകയറി ഹൃദയത്തിൽ പിളർപ്പുണ്ടാക്കുന്ന തരത്തിലുള്ളതായിരുന്നു..ആദ്യം അയാൾ കണ്ടതു നിലത്തു വീണുകിടക്കുന്ന രക്തത്തുള്ളികളാണ്..അത്യധികം ഭയത്തോടെ മുഖമുയർത്തിയ ഫെർണാണ്ടസിന്റെ കണ്ണുകൾ ബെഡ്ഢിൽ മലർന്നു കിടക്കുന്ന ഡയാനയെ കണ്ടു..വലത്തുകയ്യിൽ രക്തം ഒഴുകുകയാണ്..അത് ബെഡ്ഢിലും അവളുടെ ഡ്രെസ്സിലും പടർന്നു കയറുന്നു..

ഒരു നിമിഷം കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി ഫെർണാണ്ടസിന്...ശരീരമാസകലം തളരുന്നതുപോലെ..എന്തൊക്കെയോ ചെയ്യാൻ മനസിന്റെ ബോധമണ്ഡലത്തിന്റെ ഏതൊക്കെയോ ഭാഗങ്ങളിൽ മുറവിളികൾ ഉയരുന്നുണ്ടെങ്കിലും അതിനെയെല്ലാം മറച്ചു മനസ് അപബോധ മനസിന്റെ തലങ്ങളിലേക്ക് ചേക്കേറുന്നതുപോലെ...

ഏതോനിമിഷം തിരിച്ചുകിട്ടിയ തിരിച്ചറിവിന്റെ ഉണർവ് അദ്ദേഹത്തിന്റെ തൊണ്ടയിൽ നിന്നും ഒരാര്‍ഥനാഥമായി പുറത്തേക്കു വന്നു..

"മോളെ..." അതൊരു തേങ്ങലായിരുന്നു.. കണ്ണീരിന്റെ അകമ്പടിയോടെയുള്ള ഒരു തേങ്ങൽ..അദ്ദേഹത്തിന്റെ കാലുകൾ ദ്രുതഗതിയിൽ ചലിച്ചു മകളുടെ അടുത്തെത്തി..കരങ്ങളാൽ അവളെ കോരി എടുക്കുമ്പോൾ കണ്ണുനീർ തുള്ളികൾ അവളുടെ ശരീരത്തിലേക്ക് ഇറ്റു വീഴുന്നുണ്ടായിരുന്നു..

"രാജാ....രാജാ...വണ്ടിയെടുക്കടാ..." അതൊരലർച്ചയായിരുന്നു...ആ വീട് മുഴുവൻ നടുങ്ങുന്ന തലത്തിലുള്ള അലർച്ച..

അങ്ങോട്ടോടിവന്ന ഗോമത്തിക്കു ഒന്നും മനസ്സിലായില്ല...പക്ഷെ ഡയാനയെ കരങ്ങളിൽ എടുത്തു ഓടിവരുന്ന ഫെർണാണ്ടസ് സാറിന്റെ മുഖവും ഡയാനയുടെ കൈകളിൽ ഒലിച്ചിറങ്ങുന്ന രക്തവും കാര്യത്തിന്റെ ഗൗരവം അവൾക്കു മനസിലാക്കി കൊടുത്തു..

www.kambistories.com | www.kambikuttan.net

രാജേട്ടാ...രാജെട്ടാ." ഗോമതി വേഗം ഫെർണാണ്ടസിന് മുന്നേ അയി ഓടി...സൈഡിൽ ഒന്ന് പുകച്ചുകൊണ്ടിരിക്കുകയായിരുന്ന രാജൻ കെട്ടിയവളുടെ ആർത്താനാഥം കേട്ടാണ് ഓടി വന്നത്..

"രാജേട്ടാ..ഡയാന മോളെ ആശുപത്രീല് കൊണ്ടോണം..വേഗം വണ്ടിയെടുക്കു.." കിതച്ചുകൊണ്ടാണ് ഗോമതി അത് പറഞ്ഞത്..

രാജൻ വേഗം കാർപോർച്ചിലേക്കോടി.. അകത്തുനിന്നും ഡയാനമോളെ കൈകളിലേന്തി ഓടിവരുന്ന ഫെർണാണ്ടസ് സാറിനെ അയാൾ കണ്ടു..അവളുടെ കൈകളിൽ ഒലിച്ചിറങ്ങുന്ന ചോരയും...കാര്യത്തിന്റെ കിടപ്പു മനസിലായ രാജൻ ഉടൻ തന്നെ കാറിന്റെ പിൻ ഡോർ തുറന്നു. ഫെർണാണ്ടസ് ഡയാനയെയും കൊണ്ട് കയറി..രാജൻ വേഗത്തിൽ തന്നെ വണ്ടിയെടുത്തു..

മരണപാച്ചിലായിരുന്നു പിന്നെ..തന്റെ ഡ്രൈവിങ്ങിന്റെ കഴിവെല്ലാം അയാൾ പുറത്തെടുത്തു...നിമിഷനേരം കൊണ്ടാണ് അവർ ഹോസ്പിറ്റലിൽ എത്തിച്ചേർന്നത്..ആ നാട്ടിലെ തന്നെ ഏറ്റവും വലിയ മൾട്ടി സ്പെഷ്യലിറ്റി ഹോസ്പിറ്റൽ...

......

ഫെർണാണ്ടസ് ഐ സി യു വിനു വെളിയിൽ തളർന്ന മുഖവുമായി ചെയറിൽ ഇരിക്കുകയാണ്...അടുത്ത് തന്നെ രാജനും..ഫെര്ണാണ്ടസിന്റെ കണ്ണുകൾ ദയയുടെ ഭാവത്തിൽ മുകളിലേക്കുയർന്നു സർവ്വേശ്വരനായ ദൈവത്തോടുള്ള യാചന പോലെ..ആ കണ്ണുകൾ കണ്ണീരോടെ മകളുടെ ജീവനായി കേഴുകയായിരുന്നു..

പെട്ടെന്ന് അയാളുടെ മനസ് ഈ സംഭവങ്ങൾക്കുള്ള കാരണങ്ങൾ തേടി അലഞ്ഞു..ഇനി ജോസൂട്ടിക്കെന്തെങ്കിലും...അല്ല..

അപ്പോഴാണ് അയാൾ ജോസൂട്ടിയോട് പറഞ്ഞ കാര്യങ്ങൾ ഒക്കെ ഓർത്തത്...

അയാൾ വേഗം മൊബൈൽ എടുത്തു ജോസൂട്ടിയുടെ നമ്പർ ഡൈൽ ചെയ്തു..ഇല്ല...കാൾ പോകുന്നില്ല..സ്വിച്ചിട് ഓഫ് ആണ്..ഫെർണാണ്ടസ് അല്പനിമിഷം ആലോചിച്ചു...പെട്ടെന്ന് തന്നെ അയാൾ ശരത്തിനെ വിളിച്ചു..രണ്ടു പ്രാവശ്യം റിങ് ചെയ്തപ്പോഴേക്കും ശരത് കാൾ അറ്റൻഡ് ചെയ്തു..

www.kambistories.com | www.kambikuttan.net

"ശരത്...ജോസൂട്ടിയുണ്ടോ അവിടെ...പെട്ടെന്ന് ഒന്ന് ഫോൺ കൊടുക്ക്.." അയാൾ ഫോൺ എടുത്തതെ പറഞ്ഞു..

"സാർ..അത്...ജോസൂട്ടി ഇവിടുന്നു പോയി...ഞാൻ സാറിനെ വിളിക്കാൻ ഇരിക്കുകയായിരുന്നു...ഇന്ന് ഡയാന വന്നപ്പോൾ ഞാൻ പറഞ്ഞിരുന്നു.."

ശരത്തിന്റെ വാക്കുകൾ കാര്യങ്ങളുടെ കിടപ്പ് ഫെര്ണാണ്ടസിന് മനസിലാക്കി കൊടുത്തു..

"ജോസൂട്ടി എങ്ങോട്ടാണ് പോയത്.." അയാൾ ഉദ്ഗണ്ഠയോടെ ചോതിച്ചു..

"അതറിയില്ല സാർ..അവൻ എന്നെ കാൾ ചെയ്തു പറയുകയായിരുന്നു...ചിലപ്പോ ആ ഓര്ഫനേജിലേക്കായിരിക്കും.." ശരത് പറഞ്ഞു നിർത്തി..

"ശരത് ഒരു കാര്യം ചെയ്യു..ഇവിടെ അൽഫോൻസാ ഹോസ്പിറ്റലിലേക്ക് ഒന്ന് വരൂ..വളരെ അത്യാവശ്യമാണ്.." അയാളുടെ സ്വരം ഇടറിയിരുന്നു.. അതും പറഞ്ഞു ഫെർണാനസ് കാൾ കട്ട് ചെയ്തു..

അയാൾ ഒരു തളർച്ചയോടെ ചെയറിലേക്ക് വീണു..മനസ്സിൽ ചിന്തകളുടെ ഭാരം കൂടിക്കൊണ്ടിരുന്നു..പക്ഷെ വ്യക്തമായി എന്തുചെയ്യണമെന്നു ഒരു വ്യക്തത അദ്ദേഹത്തിന് ലഭിച്ചില്ല..

പെട്ടെന്നു ഐ സി യു വിന്റെ ഡോർ തുറന്നു ഡോക്ടർ ഇറങ്ങി വരുന്നത് ഫെർണാണ്ടസ് കണ്ടു.. അദ്ദേഹത്തിന്റെ കാലുകൾ ദ്രുതഗതിയിൽ അങ്ങോട്ട് പാഞ്ഞു..

" ഡാ മുരളി..എന്റെ മോള്..." ഫെർണാണ്ടസിന്റെ സ്വരം ഇടറിയിരുന്നു..

"ഡാ ...നീയിങ്ങനെ തളർന്നാലോ... ഞാനൊക്കെ ഇല്ലേ ഇവിടെ...ബ്ലഡ് കുറെ പോയിട്ടുണ്ട്...എന്നാലും താൻ ടെൻഷനൊന്നും അടിക്കണ്ടാ...അവൾക്കൊന്നും പറ്റില്ല.." ഡോക്ടർ മുരളീധരൻ എന്ന മുരളി ഫെർണാണ്ടസിന്റെ തോളിൽ തട്ടിക്കൊണ്ടാണ് അത് പറഞ്ഞത്... അവർ സമപ്രായക്കാരും സുഹൃത്തുക്കളുമായിരുന്നു..

www.kambistories.com | www.kambikuttan.net

"ഡാ..നിനക്കറിയാലോ.. എനിക്കാകെയുള്ളൊരു മോളാ...എന്റെ വാവയാ അത്..അവൾക്കെന്തേലും പറ്റിയാ..".അയാളുടെ വാക്കുകൾ ഇടറി..

" ഡാ... നീ പേടിക്കണ്ടാ...ഒന്ന് സമാധാനിക്കു..പിന്നെ  സൂയിസൈഡ് അറ്റെമ്പ്റ്റ് ആയതുകൊണ്ട് നിയമത്തിന്റെ നൂലാമാലകൾ വളരെയാണ്..അതുകൊണ്ടു ഇവിടെ മറ്റുരീതിയിൽ രജിസ്റ്റർ ചെയ്യാം..പിന്നെ അബോധാവസ്ഥയിൽ ജോസൂട്ടി എന്ന പേര് പറയുന്നുണ്ടായിരുന്നു..മോൾക്ക് വല്ല അഫയറും ഉണ്ടായിരുന്നോ...അതാണോ കാരണം.."

" ഡാ..നിന്നോടൊന്നും ഞാൻ മറക്കുന്നില്ല...ജോസൂട്ടി എന്റെ ഓഫീസിലെ ഒരു സ്റ്റാഫ് ആണ്.. നല്ല പയ്യനാണ്..സ്വഭാവവും കാണാനും... ഇവൾക്കെന്തോ....അവനെ വല്ലാതെ ഇഷ്ടമായിരുന്നു...എന്നെ വിഷമിപ്പിക്കണ്ടാ എന്ന് കരുതിയാവും...ജോസൂട്ടി ഇവിടുന്നു പോയി...അതുകൊണ്ടാ എന്റെ മോള്..." അയാൾ അത് പറഞ്ഞപ്പോഴേക്കും അറിയാതെ തെങ്ങിപോയിരുന്നു..

" മ്...എന്തായാലും 24 മണിക്കൂര് നേരത്തേക്ക് ഒബ്സർവേഷനിൽ ആയിരിക്കും..പിന്നെ കഴിയുമെങ്കിൽ ജോസൂട്ടിയെ കണ്ടെത്താൻ നോക്ക്..അവന്റെ സാന്നിധ്യം ഒത്തിരി ഗുണം ചെയ്യും..നീ എന്തായാലും ധൈര്യമായിരിക്കു.".. ഡോക്ടർ ഫെർണാണ്ടസിന്റെ തോളിൽ തട്ടി പറഞ്ഞു. അതിനു ശേഷം അയാൾ ഫെർണാണ്ടസിനെ കടന്നുപോയി..

എന്റെ ദൈവമേ...മോൾക്കൊന്നും വരുതല്ലേ ...അയാൾ ഉള്ളുരുകി പ്രാർത്ഥിച്ചു...

അല്പസമയത്തിനു ശേഷം ശരത് അങ്ങോട്ട് കടന്നുവന്നു..ഫെർണാണ്ടസ് ചെയറിൽ ചാരി കണ്ണുകളടച്ചു തളർന്നപോലെ ഇരിക്കുന്നതാണ് കണ്ടത്..അടുത്തുതന്നെ രാജേട്ടനും..ശരത് രാജനെ അങ്ങോട്ട് വരാനുള്ള രീതിയിൽ കണ്ണുകൊണ്ട് കാണിച്ചു..രാജൻ പതിയെ ശരതിനടുത്തേക്കു ചെന്നു.

"എന്നാ രാജേട്ടാ...എന്നാ പറ്റിയെ..എന്നാ നിങ്ങൾ ഇവിടെ.." ശരത് പെട്ടെന്ന് ആകാംഷയോടെ ചോതിച്ചു..

"അത് ശരത്തെ...കാര്യങ്ങൾ മൊത്തമായി എനിക്കും അറിയില്ല..എന്തായാലും ഡയാന കുഞ്ഞു മരിക്കാൻ കൈ മുറിച്ചു..ജോസൂട്ടിയെ ഒത്തിരി ഇഷ്ടമായിരുന്നു കുഞ്ഞിന് പോലും ..അവൻ പോയെന്ന് കേട്ടപ്പോ ചെയ്തതാ.." രാജൻ പറഞ്ഞു നിർത്തി..

www.kambistories.com | www.kambikuttan.net

ശരത് അല്പനിമിഷം ആലോചിച്ചു...അവന്റെ ഉള്ളിലും വിഷമം നിറഞ്ഞു..അവൻ പതിയെ ഫെർണാണ്ടസിന്റെ അടുത്തേക്ക് ചുവടുകൾ വച്ചു...

"സാർ".. അവൻ പതിയെ വിളിച്ചു..

ഫെർണാണ്ടസ് പതിയെ കണ്ണുകൾ തുറന്നു നോക്കി..മുന്നിൽ ശരത്.

"ആ ശരത്...കണ്ടില്ലേടോ എന്റെ മോള്...എന്നെ വിട്ടു പോകാൻ നോക്കി...എന്റെ മോളെ എനിക്ക് തിരിച്ചു വേണടോ.. എനിക്കവളെ വേണം.." അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതു ശരത് കണ്ടു..അവനറിയാം അയാളെ..എല്ലാ പ്രതിസന്ധികളിലും പാറ പോലെ ഉറച്ചു നിന്ന മനുഷ്യനാണ്...സ്വന്തം മകളുടെ വേദനയിൽ മഞ്ഞുപോലെ ഉരുകുന്നത്..

"സാർ.. സാറിങ്ങനെ കൊച്ചു കുട്ടികളെ പോലെ കരയല്ലേ...ഡയാനക്കു ഒന്നും സംഭവിക്കില്ല..."അവൻ അയാളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു..

"ഞാനെന്താടോ ചെയ്യാ..എന്റെ മോൾടെ നന്മക്കുവേണ്ടിയാ ഞാൻ ജോസൂട്ടിയുടെ കാര്യത്തിൽ എതിര് നിന്നത്..അവനോട് അങ്ങനെയെല്ലാം പറഞ്ഞത്..പക്ഷെ ഇപ്പൊ..എല്ലാം അംഗീകരിച്ചപ്പോഴും ഇങ്ങനൊക്കെ.." ഫെര്ണാണ്ടസ് തളർച്ചയോടെ ആണ് അത് പറഞ്ഞത്..

" സാറിനു അറിയാവുന്നതല്ലേ ജോസൂട്ടിയെ...അവൻ കാരണം മറ്റൊരാളുടെ സന്തോഷം നശിക്കാൻ അവൻ സമ്മതിക്കില്ല..അതിനുവേണ്ടി എന്തും ചെയ്യും..."

"എനിക്കറിയാം..ഞാൻ കാരണ ഇപ്പൊ ഇങ്ങനൊക്കെ..എനിക്ക് ജോസൂട്ടിയെ വേണെടോ... എന്റെ മോളിനീ കണ്ണുതുറക്കുമ്പോ എനിക്കവളുടെ മുന്നിൽ അവനെ നിറുത്തണം.. അവളുടെ ചിരിക്കുന്ന മുഖം എനിക്ക് കാണണം. " അയാൾ ശരത്തിന്റെ തോളുകളിൽ പിടിച്ചാണ് അത് പറഞ്ഞത്..

"നമ്മുക്കവനെ കണ്ടുപിടിക്കാം..ഞാൻ അവനെ സാറിന്റെ മുന്നിൽ കൊടുവന്നു നിർത്തും..സാറിപ്പോ സമാധാനമായിരിക്കു..ആദ്യം നമ്മുക്കവന്റെ ഓർഫെനാജിലേക്കു ഒന്ന് വിളിച്ചു നോക്കാം..അവൻ ചിലപ്പോ അവിടെ ഉണ്ടാകും..സാർ ആ നമ്പർ ഒന്ന് താ..ഞാൻ വിളിക്കാം.."

www.kambistories.com | www.kambikuttan.net

ശരത്തിന്റെ വാക്കുകൾ ഫെര്ണാണ്ടസിന്റെ കണ്ണുകളിൽ പ്രതീക്ഷയുടെ ലാഞ്ചനകൾ മുളപ്പിച്ചു.. അയാൾ ഫോൺ എടുത്തു നമ്പർ അവനു കൊടുത്തു..ശരത് അതുവാങ്ങി ഡൈൽ ചെയ്തു..

അപ്പുറത്തു ഫോൺ റിങ് ചെയ്യുന്നത് അവൻ കേട്ടു..

"ഹലോ...സ്വർഗം ഓർഫെനേജ്.." അപ്പുറത്തുനിന്നും പ്രായമുള്ള ഒരു സ്ത്രീയുടെ ശബ്ദം..

"ഹലോ സിസ്റ്റർ...മദറിനു ഒന്ന് കൊടുക്കുമോ..ഒരത്യാവശ്യ കാര്യം ഉണ്ടായിരുന്നു.." ശരത് വിനയത്തോടെ പറഞ്ഞു..

"ഇത് മദർ തന്നെയാണ് സംസാരിക്കുന്നത്...ആരാണ് വിളിക്കുന്നതെന്നു മനസിലായില്ല.." അവരുടെ ശബ്ദം.

"മദർ...ഞാൻ ശരത്..ജോസൂട്ടി വർക്ക് ചെയ്യുന്ന ഓഫീസിലെ മാനേജർ ആണ്.. എനിക്ക് ജോസൂട്ടിയെ ഒന്ന് കിട്ടുമോ..." ശരത് അതും പറഞ്ഞു നടന്ന സംഭവങ്ങൾ അവരെ പറഞ്ഞു കേപ്പിച്ചു...

"എന്റെ കർത്താവേ...എന്തൊക്കെയാ എന്റെ കുഞ്ഞിന്റെ ചുറ്റും നടക്കുന്നെ.." അവർ ഒന്ന് നേടുവീർപ്പെട്ടുകൊണ്ടു തുടർന്നു.."ശരത്...അവൻ എന്നോട് നടന്ന കാര്യങ്ങളൊക്കെ പറഞ്ഞിരുന്നു..എന്നാലും ഡയാന അങ്ങനെ ചെയ്യുമെന്ന് കരുതിയില്ല..സത്യം പറഞ്ഞാ അവൻ ഇപ്പൊ എവിടാണ് എന്ന് എനിക്കും അറിയില്ല...രണ്ടു ദിവസം മുമ്പ് വിളിച്ചപ്പോ പുതിയ ഒരു ജോലി നോക്കണം എന്നും അവിടെ നിന്നും മാറണം എന്നും പറഞ്ഞിരുന്നു...ഇനി ആർക്കും ഒരു ബുദ്ധിമുട്ടുണ്ടാക്കാതെ ജീവിക്കണം പോലും.. കമ്പിക്കുട്ടൻ.നേറ്റ് പഴയ നമ്പറിൽ ഇനി വിളിച്ച കിട്ടില്ലന്നും അവൻ ഇങ്ങോട്ടു വിളിച്ചോളാന്നും പറഞ്ഞു...പിന്നെ അവൻ വിളിച്ചിട്ടില്ല..ഇപ്പൊ രണ്ടു ദിവസല്ലേ ആയിട്ടുള്ളു...അവൻ വിക്കിക്കാതിരിക്കില്ല...വിളിക്കുമ്പോ ഞാൻ പറഞ്ഞോളാം കാര്യങ്ങൾ..ഡയാന കുഞ്ഞിന് ഒന്നും സംഭവിക്കില്ല...ഫെർണാണ്ടസ് സാറിനോട് ഞങ്ങളുടെ പ്രാർത്ഥന കൂടെയുണ്ടാകും എന്ന് പറഞ്ഞേക്കു..." അവർ പറഞ്ഞു നിർത്തി..

"എന്ന ശരി മദർ...താങ്ക് യു.." ശരത് അത്രേം പറഞ്ഞതിന് ശേഷം ഫോൺ കട്ട് ചെയ്തു..

www.kambistories.com | www.kambikuttan.net

ശരത് അല്പസമയം ആലോചനയോടെ നിന്നു..

"എന്താ ശരത്..എന്തായി...ജോസൂട്ടി എവിടാന്നു മനസിലായോ..." ഫെർണാണ്ടസിന്റെ ആകാംശയോടെയുള്ള ചോദ്യമാണ് അവനെ ഉണർത്തിയത്..

മദർ പറഞ്ഞത് അതേപോലെ പറഞ്ഞാ ചിലപ്പോ ഫെർണാണ്ടസ് സാർ വീണ്ടും തളർന്നുപോകും എന്ന് ശരത്തിനു തോന്നി. അതുകൊണ്ടു അങ്ങനെ പറയാൻ പാടില്ല എന്നവൻ ചിന്തിച്ചു..

